VEDAPRACHARA
MADHYASTHAN
വാല്യം 97
ലക്കം 11
2025 മെയ്

# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly
Price ₹ 25/- Annual Subscription ₹ 300/-



The official organ of
the Archeparchy of Changanacherry

2025
മെയ്

കാലം ചെയ്ത

# ഫ്രാൻസിസ് മാർപാപ്പായ്ക്കു

ചങ്ങനാശ്ശേരി അതിരൂപതയുടെ
ആദരാഞ്ജലികൾ



17 ഡിസംബർ 1936 –
21 ഏപ്രിൽ 2025



'നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ'
(ഉൽപത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

ചങ്ങനാശ്ശേരി അതിരൂപത
സ്ഥാപിതം: 20 മെയ് 1887

വാല്യം 97 ● ലക്കം 11 ● മെയ് 2025

# ഉള്ളടക്കം


സർക്കുലർ (25 Ch. TCL 08) -
വൈദികപരിശീലനത്തിൽ കുടുംബങ്ങളുടെ പങ്കാളിത്തം ........05
സർക്കുലർ (25 Ch. TCL 09) -
ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിന്റെ ചരമശതാബ്ദിയും
ദൈവദാസി ഷന്താളമ്മയുടെ 53-ാം ചരമവാർഷികവും...........07
സർക്കുലർ (കെ.സി.ബി.സി.) മെയ്ദിനസന്ദേശം .........................09
കച്ചേരിക്കാര്യം........................................................................ 14
അതിരൂപതാദിനം - ഒരുക്കപ്രാർഥന, പ്രതിജ്ഞ ......................... 17
അതിരൂപതാസാമ്പത്തികകാര്യാലയം........................................ . 18
അനുസ്മരണം - ഫാ. തോമസ് ആയില...................................26
ചരമശതാബ്ദിയാചരണം - ധന്യൻ മാർ തോമസ് കുര്യാളശ്ശേരി...... 28
റിപ്പോർട്ട് - അതിരൂപതാ ബൈബിൾ കൺവെൻഷൻ ................29
റിപ്പോർട്ട് - വൈദികസമ്മേളനം...............................................32
പാസ്റ്ററൽ കൗൺസിൽ.............................................................35
സന്ദേശനിലയം.......................................................................38
ചെറുപുഷ്പ മിഷൻലീഗ്......................................................... 41
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ.....................44
ഫാമിലി അപ്പോസ്തലേറ്റ്........................................................47
യുവദീപ്തി- എസ്.എം.വൈ.എം. ............................................50
സീയോൻ ധ്യാനകേന്ദ്രം ...........................................................52
കാർപ്പ്.................................................................................54
ചാസ്സ്....................................................................................55
ചാസ്സ്- ഖാദി ...........................................................................59
ക്രിസ്സ്...................................................................................60
ജീവകാരുണ്യനിധി ട്രസ്റ്റ്.......................................................... 62
ആതുരശുശ്രൂഷാമേഖല............................................................ 63
പ്രവാസി അപ്പോസ്തലേറ്റ് ........................................................ 66
കത്തോലിക്കാകോൺഗ്രസ് ......................................................67
കെ.എൽ.എം. ........................................................................72
ആത്മതാകേന്ദ്രം ......................................................................74
ഫ്രാൻസിസ്കൻ അല്മായസഭ.....................................................76
വിൻസെൻഷ്യൻ വേദി..............................................................77
കരിസ്മാറ്റിക് നവീകരണം.........................................................79
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി...........................................80
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് ..........................85



വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശ്ശേരി അതിരൂപതാ
മുഖപത്രം



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com



**ANNUAL SUBSCRIPTION: ₹ 300/-**

## സർക്കുലർ

25 Ch. TCL 08

# വൈദികപരിശീലനത്തിൽ കുടുംബങ്ങളുടെ പങ്കാളിത്തം

ഈശോയിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, വാത്സല്യമുള്ള കുഞ്ഞുങ്ങളേ,

ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നിങ്ങൾക്കേവർക്കും നേരുന്നു. നമ്മുടെ കർത്താവ് ഇന്നും ജീവിക്കുന്നു എന്ന യാഥാർഥ്യം നമ്മുടെ ജീവിതങ്ങളെ പ്രത്യാശാനിർഭരമാക്കും. മനസുകളെ നിരാശ കീഴടക്കുന്ന ഇക്കാലത്തു നമ്മുടെ കർത്താവു നൽകുന്ന പ്രത്യാശ മാത്രമാണു നമ്മുടെ കരുത്ത്.

തന്റെ ശുശ്രൂഷയിലേക്കു സമർഥരായ ചെറുപ്പക്കാരെ തെരഞ്ഞെടുത്തു വിളിക്കുന്ന അവിടുത്തെ പ്രവൃത്തി, ഈശോ ഇന്നും ജീവിക്കുന്നു എന്നതിന്റെ തെളിവാണ്. ദൈവാനുഗ്രഹത്താൽ വൈദികജീവിതത്തിലേക്കുള്ള ദൈവവിളികളാൽ സമ്പന്നമാണു നമ്മുടെ അതിരൂപത. മൈനർ സെമിനരിയിലും മേജർ സെമിനരികളിലുമായി 160 സഹോദരന്മാരാണു നമ്മുടെ അതിരൂപതയ്ക്കായി വൈദികപരിശീലനം നേടുന്നത്. ചങ്ങനാശ്ശേരി അതിരൂപതാതിർത്തിക്കുള്ളിൽ മാത്രമല്ല ഇൻഡ്യയിലും പുറത്തുമുള്ള മിഷൻ കേന്ദ്രങ്ങളിലും ദൈവശുശ്രൂഷ ചെയ്യാനായിട്ടാണ് അവർ തയ്യാറെടുപ്പു നടത്തുന്നത്.

വൈദിക -സന്യാസജീവിതങ്ങളിലേക്കുള്ള നല്ലദൈവവിളികളെ പ്രോത്സാഹിപ്പിക്കാനും വൈദികപരിശീലനത്തെ സഹായിക്കാനും സഭാമക്കൾ എന്നും മുമ്പോട്ടുവന്നിട്ടുണ്ട്. ലോകമെമ്പാടുമുള്ള വിശ്വാസികളുടെ ഉദാരമായ സഹകരണംകൊണ്ടാണ് ഇക്കാലമത്രയും അനേകം വൈദികർക്കു പരിശീലനം നൽകാൻ നമുക്കു സാധിച്ചത്. ദൈവവിളിയുള്ള യുവജനങ്ങൾ അതു നഷ്ടപ്പെടുത്താതെ ദൈവികപദ്ധതിയനുസരിച്ചു ജീവിക്കാനുള്ള കൃപയ്ക്കായി സഭ മുഴുവനും പ്രാർഥിക്കണം. അതോടൊപ്പം, അവരുടെ പരിശീലനപദ്ധതിയിൽ സാമ്പത്തികസഹായം നൽകാൻ കഴിവുള്ളവർ അങ്ങനെയും സഹകാരികളാകണം.

നമ്മുടെ സഭയുടെ എല്ലാ പ്രവർത്തനങ്ങളും ഫലപ്രാപ്തിയിലെത്തുന്നതു വൈദികരുടെയും സമർപ്പിതരുടെയും ജീവിതസമർപ്പണത്തിലൂടെയും അല്മായസഹോദരങ്ങളുടെ അധ്വാനഫലസമർപ്പണത്തിലൂടെയുമാണ്. ജീവിതം നൽകുന്ന വൈദികരും സമർപ്പിതരും; അധ്വാനഫലം പങ്കുവെക്കുന്ന വിശ്വാസികളും; ഇതാണ് എല്ലാ സഭാപ്രവർത്തനങ്ങളിലും നാം ദർശിക്കുന്നത്. ആകയാൽ, വൈദികപരിശീലനത്തിന്റെ പ്രാധാന്യം മനസിലാക്കി ഒരു വൈദികാർഥിയെ പരിശീലിപ്പിക്കാൻ ആവശ്യമായ സാമ്പത്തികസഹായം നൽകാൻ കഴിവുള്ള സഹോദരങ്ങളോടു ഞാൻ അഭ്യർഥിക്കുന്നു. അതിരൂപതയെ സ്നേഹിക്കുന്ന നിങ്ങൾ എന്റെ ഈ ആഹ്വാനം സർവാത്മനാ സ്വീകരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. പങ്കുവെക്കലിന്റെ ഈ ശുശ്രൂഷയിൽ സഹകരിക്കാൻ ആഗ്രഹിക്കുന്നവർക്കു വിശദവിവരങ്ങൾ ബഹു. വികാരിയച്ചന്മാരിൽനിന്നു ലഭ്യമാകുന്നതാണ്.

നിങ്ങളുടെ പ്രാർഥനാപൂർവകമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

സസ്നേഹം,

**✠ തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

ഉയിർപ്പുകാലം ഒന്നാം വ്യാഴം
മാർ ഗീവർഗീസ് സഹദാ
(24.04.2025)

---

**NB:** ***2025 മെയ് 4 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേയുള്ള വചനപ്രഘോഷണത്തിനുശേഷം ഈ സർക്കുലർ വായിക്കേണ്ടതാണ്.

## സർക്കുലർ

25 Ch. TCL 09

# ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിന്റെ ചരമശതാബ്ദിയും ദൈവദാസി ഷന്താളമ്മയുടെ 53-ാം ചരമവാർഷികവും

ചങ്ങനാശ്ശേരി വികാരിയാത്തിന്റെ മൂന്നാമത്തെ വികാരി അപ്പസ്തോലിക്കയും ചങ്ങനാശ്ശേരി രൂപതയുടെ പ്രഥമ മെത്രാനുമായിരുന്ന ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിന്റെ ചരമശതാബ്ദിയാണ് 2025 ജൂൺ 2. 'മ്ശിഹായിൽ എല്ലാം നവീകരിക്കുക' എന്ന ആപ്തവാക്യവുമായി 1911 മുതൽ 1925 വരെയുള്ള പതിനാലുവർഷങ്ങൾ ധീരതയോടും ദീർഘവീക്ഷണത്തോടും അജഗണങ്ങൾക്കു ശക്തമായ നേതൃത്വം നൽകിയ വന്ദ്യപിതാവിനെ നന്ദിയോടെ അനുസ്മരിക്കാൻ ഈ അവസരം നമുക്കു വിനിയോഗിക്കാം.

സഭയുടെയും സമുദായത്തിന്റെയും നന്മയ്ക്കായി ഒരു നൂറ്റാണ്ടു മുമ്പു വന്ദ്യപിതാവ് ആരംഭിച്ച സംഘടനകളും സ്ഥാപനങ്ങളും പ്രൗഢോജ്ജ്വലമായി ഇന്നും തുടരുന്നു എന്നത് അഭിമാനാർഹമാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായുള്ള നിരവധി സ്കൂളുകൾ, അധ്യാപകപരിശീലന കേന്ദ്രങ്ങൾ, സെന്റ് ബർക്മൻസ് കോളേജ്, പാവപ്പെട്ടവരും അനാഥരുമായ കുട്ടികൾക്കുള്ള ഓർഫനേജ്, അതിന്റെ പ്രവർത്തനങ്ങൾക്കായി ആരംഭിച്ച സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സ്, 70 പുതിയപള്ളികൾ, 29 സന്യാസിനീമഠങ്ങൾ (സി.എം.സി., എഫ്.സി.സി., എസ്.എ.ബി.എസ്., എസ്.എച്ച്.) ബോർഡിങ്ങുകൾ ഇവയെല്ലാം വന്ദ്യപിതാവിന്റെ ഭരണപാടവം വിളിച്ചോതുന്നുണ്ട്.

പിതാവിന്റെ രക്ഷാകർതൃത്വത്തിൽ പ്രബുദ്ധരായ അല്മായരാൽ വളരെ പ്രശംസനീയമാംവിധം നടത്തപ്പെട്ടിരുന്ന കത്തോലിക്കാ അഖില കേരള മഹാജനസഭ (എ.കെ.സി.സി.), കേരള കത്തോലിക്കാ സ്റ്റുഡന്റ്സ് ലീഗ് (കെ.സി.എസ്.എൽ.), കത്തോലിക്കായുവജനസമാജം (വൈ.എം.സി.എ.) എന്നിവ ശതാബ്ദിയുടെ നിറവിൽ കേരളത്തിലെ കത്തോലിക്ക


രുടെയിടയിൽ ഇന്നും വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഇവയെല്ലാം ചങ്ങനാശ്ശേരി, കുട്ടനാട്, പാലാ, കാഞ്ഞിരപ്പള്ളി തുടങ്ങിയ പ്രദേശവാസികളുടെ ആധ്യാത്മിക-മാനസിക-സാമൂഹിക-ധൈഷണീയ പുരോഗതിക്കു സഹായകരമായി എന്നു നിസംശയം പറയാം.

തന്റെ അജഗണങ്ങളെ വിശ്വാസത്തിലും സന്മാർഗത്തിലും സംസ്കാരത്തിലും വളർത്താനും നാടിന്റെയും പുതുതലമുറയുടെയും നന്മയ്ക്കായി സാമൂഹികതിന്മകൾക്കെതിരെ പോരാടാനും തന്റെ തൂലിക പടവാളാക്കിയ പോരാളിയായിരുന്നു വന്ദ്യപിതാവ്. തന്റെ മേല്പട്ടശുശ്രൂഷാവേളയിൽ വന്ദ്യപിതാവ് എഴുതിയ 110 ഇടയലേഖനങ്ങൾ ഇതിനുദാഹരണങ്ങളാണ്.

ആദർശപുരുഷനും മഹാത്മാവുമായ ഈ പുണ്യപിതാവിന്റെ ചരമശതാബ്ദിയോടനുബന്ധിച്ചു മെയ് 11, 18 തീയതികളിൽ ചമ്പക്കുളത്തു നടത്തപ്പെടുന്ന സിംപോസിയം, ചരമശതാബ്ദിസമാപനസമ്മേളനം, 2025 മെയ് 26 മുതൽ ജൂൺ 2 വരെ ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ ക്രമീകരിച്ചിരിക്കുന്ന സപ്തദിനപ്രാർഥനകൾ, പരിശുദ്ധ കുർബാന എന്നിവയിൽ പങ്കുചേർന്ന് അനുഗ്രഹങ്ങൾ പ്രാപിക്കാൻ അതിരൂപതയിലെ വിശ്വാസിസമൂഹത്തോടു ഞാൻ ആഹ്വാനം ചെയ്യുന്നു.

ധന്യൻ മാർ തോമസ് കുര്യാളശേരിപ്പിതാവിനോടുചേർന്നു പരിശുദ്ധ കുർബാനയുടെ ആരാധനാസന്യാസിനിസമൂഹത്തിനു രൂപമേകിയ ദൈവദാസി മദർ മേരി ഫ്രാൻസിസ്ക ദ് ഷന്താളിന്റെ 53-ാം ചരമവാർഷികം മെയ് 23ന് അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ ആചരിക്കുകയാണ്. ദൈവദാസിയുടെ കബറിടം സന്ദർശിച്ചു പ്രാർഥിക്കാൻ ഈ അവസരം നമുക്കു വിനിയോഗിക്കാം.

സ്നേഹപൂർവം,



**✠ തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

ഉയിർപ്പുകാലം ഒന്നാം വെള്ളി
വേദസാക്ഷികളുടെ തിരുനാൾ
(25.04.2025)

---

**NB:** ***2025 മെയ് 18 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേയുള്ള വചനപ്രഘോഷണത്തിനുശേഷം ഈ സർക്കുലർ വായിക്കേണ്ടതാണ്.

No. 4100/K-5/KCBC/OL/DS 16.04.2025

# മെയ്ദിനസന്ദേശം - 2025

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മിഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ജൂബിലി വർഷം: *''പ്രത്യാശ നമ്മെ നിരാശപ്പെടുത്തുന്നില്ല'' (റോമാ 5:5)*

ഈശോയിൽ പ്രിയപ്പെട്ട തൊഴിലാളിസഹോദരങ്ങളേ,

എല്ലാവർക്കും തൊഴിലാളിദിനത്തിന്റെയും തൊഴിലാളികളുടെ മധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെ തിരുനാളിന്റെയും ആശംസകൾ നേരുന്നു.

**1)** ആഗോളതിരുസഭ ജൂബിലി വർഷാചരണത്തിന്റെ നിറവിലാണ്. ''പ്രത്യാശയുടെ തീർഥാടകർ'' എന്നതാണു ജൂബിലി വർഷത്തിന്റെ പരിചിന്തനവിഷയം. ജൂബിലിയുടെ ഭാഗമായി 2025 മെയ് 1 മുതൽ 4 വരെയുള്ള തീയതികളിൽ റോമിൽ തൊഴിലാളികളുടെ ജൂബിലി വർഷം പ്രത്യേകമായി ആചരിക്കപ്പെടുകയാണ്. ''ഒത്തൊരുമ, പങ്കാളിത്തം, പ്രേഷിതത്വം'' എന്നീ ആശയങ്ങളെ ആധാരമാക്കി 2021 മുതൽ 2024 വരെ നീണ്ടുനിന്ന സിനഡൽ സഭയ്ക്കായുള്ള മെത്രാൻ സിനഡ് സമാപിച്ചത് ഇക്കഴിഞ്ഞ ഒക്ടോബറിലാണ്.

സിനഡൽ തീരുമാനങ്ങൾ എല്ലാത്തലങ്ങളിലും നടപ്പിലാക്കാനുള്ള തയ്യാറെടുപ്പിലാണു തിരുസഭ. ഈ രണ്ടു മഹാസംഭവങ്ങളുടെ സവിശേഷ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ തൊഴിലാളിദിനം ആചരിക്കുന്നത്. വിവിധതലങ്ങളിൽ തൊഴിലാളികളുടെ ഒത്തുചേരലുകൾക്കുള്ള വേദികളും സംവിധാനങ്ങളും രൂപപ്പെടുത്താനും തിരുസഭയുടെ സാമൂഹിക ശുശ്രൂഷയിൽ തൊഴിലാളികൾക്കു കൂടുതൽ പങ്കാളിത്തം നൽകി, ഈശോയുടെ പ്രേഷിതരായി രൂപപ്പെടുത്താനും അവരെ പ്രത്യാശയുള്ളവരാക്കി മുമ്പോട്ടുനയിക്കാനും ഈ വർഷത്തെ തൊഴിലാളി ദിനാചാരണം നമ്മെ പ്രചോദിപ്പിക്കുന്നു.

**2)** അമേരിക്കയിലെ ചിക്കാഗോയിൽ, പ്രതിദിനതൊഴിൽസമയം എട്ടുമണിക്കൂറായി നിജപ്പെടുത്തുന്നതിനായി തൊഴിലാളികൾ നടത്തിയ സംഘടിതമായ മുന്നേറ്റത്തിന്റെ ഓർമപുതുക്കൽ എന്ന നിലയിലാണ് അന്താരാഷ്ട്ര

തൊഴിലാളിദിനമായി മെയ് 1 ആചരിക്കാൻ തുടങ്ങിയത്. പിന്നീട് ഇതര തൊഴിലവകാശങ്ങൾക്കുവേണ്ടി തൊഴിലാളികൾ നടത്തിയ സംഘടിത പോരാട്ടത്തിന്റെ ചരിത്രം ഓർമിക്കുന്നതിനും അതോടൊപ്പം സമൂഹത്തിനു തൊഴിലാളികൾ നൽകിവരുന്ന സംഭാവനകളെ ആദരിക്കുന്നതിനും കൂടിയാണ് ഈ ദിനം ആചരിക്കുന്നത്. മെയ്ദിനത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടാണു പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പ 1955ൽ മെയ് 1 തൊഴിലാളിയായ മാർ യൗസേപ്പിതാവിന്റെ തിരുനാൾദിനമായികൂടി പ്രഖ്യാപിച്ചത്. ഇന്നു തൊഴിലാളികളുടെ അവകാശങ്ങളുടെയും ഐക്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പ്രതീകമാണ് മെയ് 1.

**3)** ഇൻഡ്യയിലെ തൊഴിൽശക്തിയുടെ എണ്ണം 59 കോടിയെന്നാണു കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇവരിൽ അമ്പത്തിയഞ്ചരക്കോടിയിലധികം (94%) പേരും അസംഘടിതതൊഴിലാളികളാണ്. അന്തസുള്ള തൊഴിൽ ലഭിക്കാത്ത തൊഴിലാളിവിഭാഗത്തെയാണ് അസംഘടിതതൊഴിലാളികൾ എന്നു വിളിക്കുന്നത്. ഇൻഡ്യൻ തൊഴിൽശക്തിയിലെ 46 ശതമാനത്തിലധികമാളുകളും കാർഷികമേഖലയിലാണു തൊഴിലെടുക്കുന്നത്. 5 ഏക്കറിൽ താഴെ കൃഷിഭൂമി സ്വന്തമായിട്ടുള്ള നാമമാത്ര-ചെറുകിടകർഷകരെയും അസംഘടിതതൊഴിലാളിവിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇൻഡ്യയിലെ അസംഘടിതതൊഴിലാളികളിലെ ഒരു വലിയവിഭാഗം കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം എന്നിവയുൾപ്പെട്ട പ്രാഥമിക മേഖലയിലാണു ജീവനോപാധി കണ്ടെത്തുന്നത്. ഏതാണ്ടു നൂറ്റിയിരുപത്തഞ്ചോളം വിഭാഗം തൊഴിലാളികളെ അസംഘടിതതൊഴിലാളികളായി കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ, കെട്ടിടനിർമാണത്തൊഴിലാളികൾ, ഗാർഹികത്തൊഴിലാളികൾ, വാണിജ്യകേന്ദ്രങ്ങളിലെ ജീവനക്കാർ, വാഹനത്തൊഴിലാളികൾ, കുടിയേറ്റത്തൊഴിലാളികൾ, സ്വയംതൊഴിൽ കണ്ടെത്തുന്നവർ എന്നിവർ ഈ ലിസ്റ്റിലെ പ്രധാനവിഭാഗങ്ങളാണ്. യൂബർ, സൊമാറ്റോ തുടങ്ങിയ മേഖലകളിൽ തൊഴിലെടുക്കുന്ന ജിഗ് തൊഴിലാളികൾ/പ്ലാറ്റ്ഫോം തൊഴിലാളികൾ എന്ന പുതിയവിഭാഗം തൊഴിലാളികളെയും അസംഘടിതവിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**4)** അതിവേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യമാണ് ഇൻഡ്യയെന്നത് അഭിമാനകരമാണ്. രാജ്യത്തിന്റെ വളർച്ചയെ സംബന്ധിച്ച് അന്താരാഷ്ട്രതലങ്ങളിലുള്ള പല റിപ്പോർട്ടുകളിലും അഭിനന്ദനങ്ങൾ ഏറ്റുവാങ്ങിയിട്ടുണ്ട്. 2025 ഫെബ്രുവരിയിൽ ഇന്റർനാഷണൽ മോണിറ്ററി ഫണ്ട് പ്രസിദ്ധീകരിച്ചതനുസരിച്ചു ലോകത്തിലെ ഏറ്റവും വലിയ സമ്പദ്വ്യവസ്ഥയിൽ അഞ്ചാം സ്ഥാനമാണ് ഇൻഡ്യയ്ക്കുള്ളത്. യു.കെ., ഫ്രാൻസ്, ഇറ്റലി,

കാനഡ തുടങ്ങിയ രാഷ്ട്രങ്ങൾ ഇൻഡ്യയേക്കാൾ പിന്നിലാണ്. 2024ലെ യു.എൻ.ഡി.പി. റിപ്പോർട്ട് അനുസരിച്ചു ലോകത്താകമാനം 110 കോടി ദരിദ്രരാണുള്ളത്. അതിൽ 23.4 കോടി ദരിദ്രർ വസിക്കുന്നത് ഇൻഡ്യയിലാണ്. അതായതു ലോകത്തിൽ ഏറ്റവുമധികം ദരിദ്രർ വസിക്കുന്ന രാഷ്ട്രം ഇൻഡ്യയാണ്. രാഷ്ട്രം കൈവരിക്കുന്ന നേട്ടങ്ങൾ താഴെത്തട്ടിലേക്ക് ആനുപാതികമായി വിനിമയം ചെയ്യപ്പെടുന്നില്ല എന്നതാണ് ഇൻഡ്യ അഭിമുഖീകരിക്കുന്ന വലിയപ്രശ്നം. ഇതിന്റെ മുഖ്യകാരണമായി സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത് ഇൻഡ്യൻ തൊഴിൽശക്തിയിലുള്ള അസംഘടിതാവസ്ഥയാണ്. അസംഘടിതതൊഴിലാളികളാണ് ഇൻഡ്യയിലെ ദരിദ്രർ. തൊഴിൽലഭ്യതക്കുറവ്, കുറഞ്ഞവേതനം, സാമൂഹികസുരക്ഷയില്ലായ്മ, സമഗ്രമായ നിയമപരിരക്ഷയില്ലായ്മ എന്നിവയാണ് അസംഘടിതതൊഴിലാളികളെ കൂടുതൽ ദാരിദ്ര്യത്തിലേക്കു തള്ളിവിടുന്നത്.

അസംഘടിതതൊഴിലാളികളുടെ വരുമാനം ഉയർത്താൻ ഏറെ സഹായകരമായ മഹാത്മഗാന്ധി തൊഴിലുറപ്പുപദ്ധതിക്കും ഇതര സാമൂഹിക സുരക്ഷാപദ്ധതികൾക്കും മതിയായ വകയിരുത്തൽ ഇല്ലാതെ പോകുന്നതും ഇൻഡ്യൻ ദാരിദ്യനിർമാർജനപ്രവർത്തനങ്ങളുടെ കാര്യക്ഷമത കുറച്ചിട്ടുണ്ട്. പദ്ധതികളും പ്രഖ്യാപനങ്ങളും ധാരാളമുണ്ടെങ്കിലും കാര്യക്ഷമമായി നടപ്പിലാക്കപ്പെടുന്നില്ല എന്നതാണ് യാഥാർഥ്യം. അർഹമായതു നിഷേധിക്കുകയും പ്രതിഷേധങ്ങളെ അവഗണിക്കുകയും ചെയ്യുന്ന സമീപനമാണു സർക്കാരുകൾ സ്വീകരിക്കുന്നത്. മുഖ്യധാരാ ട്രെയ്ഡ് യൂണിയനുകൾ കടമ നിർവഹിക്കുന്നതിൽ പരാജയപ്പെടുകയോ അധികാരികൾക്കു കീഴ്പ്പെടുകയോ ചെയ്തിരിക്കുന്നു. ഭരണാധികാരികളും രാഷ്ട്രീയ കക്ഷികളും കേന്ദ്ര ട്രെയ്ഡ് യൂണിയനുകളും അസംഘടിതതൊഴിലാളികളുടെ പ്രശ്നങ്ങൾ ഗൗരവതരമായി പരിഗണിക്കണം.

**5)** അസംഘടിതതൊഴിലാളികളുടെ സാമൂഹികസുരക്ഷ ഉറപ്പാക്കാനുള്ള പദ്ധതികളിലൂടെയും നിയമനിർമാണങ്ങളിലൂടെയും രാജ്യത്തിനു തന്നെ മാതൃകയാകാൻ കേരളത്തിനു സാധിച്ചിട്ടുണ്ടെന്നത് അഭിമാനകരമാണ്. എന്നാൽ, തൊഴിലാളി അനുകൂലസംസ്ഥാനം എന്ന കേരളത്തിനു ചാർത്തപ്പെട്ടിട്ടുള്ള സല്പേരിന് ഇന്നു കളങ്കം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അസംഘടിതതൊഴിലാളികൾക്കു നൽകേണ്ട പെൻഷൻ ഉൾപ്പെടെയുള്ള നിരവധിയാനുകൂല്യങ്ങൾ കുടിശികയായിരിക്കുകയാണ്. സാധാരണ തൊഴിലാളികൾ നടത്തുന്ന അവകാശസമരങ്ങളോടു നിഷേധാത്മകമായ നിലപാടുകളാണ് അധികാരികൾ സ്വീകരിക്കാറുള്ളത്. അവകാശസമരങ്ങളെ കേൾക്കാനും പരിഹാരം കാണാനും ജനാധിപത്യസർക്കാരുകൾക്കു കഴിയേണ്ടതാണ്.

അഭ്യസ്തവിദ്യരുടെയിടയിലുള്ള തൊഴിലില്ലായ്മ യുവജനങ്ങളെ നാടു വിടാൻ പ്രേരിപ്പിക്കുകയാണ്. കാലാവസ്ഥാവ്യതിയാനം, ഉല്പന്നങ്ങളുടെ വില ക്കുറവ് എന്നിവ കാർഷിക-മത്സ്യബന്ധനമേഖലകൾ വലിയപ്രതിസന്ധി യിലായിരിക്കുന്നു. കൂടാതെ, മലയോരമേഖലയിലെ വന്യജീവികളുടെ ആക്രമണം, കടലിൽനിന്നും മണ്ണു ഖനനം ചെയ്യാനുള്ള പുറപ്പാട് എന്നിവ കൂനിന്മേൽ കുരു എന്നതുപോലെയായിരിക്കുന്ന സാഹചര്യത്തിൽ തൊഴി ലാളിസൗഹൃദസംസ്ഥാനമെന്ന പദവി വീണ്ടെടുക്കാൻ സംസ്ഥാനസർ ക്കാരും രാഷ്ട്രീയകക്ഷികളും ട്രെയ്ഡ് യൂണിയനുകളും ഒത്തൊരുമിച്ചു ശ്രമി ക്കേണ്ടിയിരിക്കുന്നു.

**6)** ഈ ജൂബിലി വർഷത്തിൽ അസംഘടിതതൊഴിലാളികൾക്കു പ്രത്യാശ പകർന്നുനൽകാൻ തിരുസഭാമാതാവ് എല്ലാ ക്രൈസ്തവരെയും ആഹ്വാനം ചെയ്യുന്നു.‘‘ഈ കാലഘട്ടത്തിലെ മനുഷ്യരുടെ, പ്രത്യേകിച്ചു ദരിദ്രരോ ഏതെങ്കിലുംവിധത്തിൽ ദുരിതമനുഭവിക്കുന്നവരോ ആയവരുടെ സന്തോഷങ്ങളും പ്രതീക്ഷകളും ദുഃഖങ്ങളും ഉത്കണ്ഠകളും മ്ശിഹാ യുടെ അനുയായികളുടെ സന്തോഷങ്ങളും പ്രതീക്ഷകളും ദുഃഖങ്ങളും ഉത്കണ്ഠകളും തന്നെയാണ്.’’ (സഭ ആധുനികലോകത്തിൽ, 1) എന്ന താണു തിരുസഭയുടെ കാഴ്ചപ്പാട്. ‘‘ദൈവത്തിലേക്കു നാം ദൃഷ്ടികൾ ഉയർത്തുമ്പോൾ, ചരിത്രത്തിലെ ദുരന്തങ്ങളിൽനിന്ന് അതു നമ്മെ അക റ്റുന്നില്ല. പകരം, അതു നമ്മുടെ ചുറ്റുമുള്ളവരുടെ കഷ്ടപ്പാടുകളിലേക്കു കൂടി നമ്മുടെ കണ്ണുകൾ തുറക്കുന്നു’’ (ഫ്രാൻസിസ് മാർപാപ്പ, സിന ഡിന്റെ അന്തിമപ്രസ്താവന നമ്പർ 2).

**7)** കെ.സി.ബി.സി. ലേബർ കമ്മിഷന്റെ ഔദ്യോഗികസംഘടനയായ കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.) സി.ബി.സി.ഐ. ലേബർ കമ്മി ഷന്റെ ഔദ്യോഗികസംഘടനയായ വർക്കേഴ്സ് ഇൻഡ്യ ഫെഡറേഷന്റെ കേരള റീജണൽ ഘടകമാണ്. കെ.എൽ.എം.ന്റെയും തൊഴിലാളി ഫോറ ങ്ങളുടെയും യൂണിറ്റുകൾ ഇടവകകളിൽ സ്ഥാപിക്കപ്പെടണം. കെ.എൽ. എം. വഴി എല്ലാ തൊഴിലാളികളെയും ഏതെങ്കിലും സാമൂഹികസുരക്ഷാ പദ്ധതികളുടെ ഭാഗമാക്കണം. തൊഴിലാളികളുടെ വരുമാനസുരക്ഷ ഉറപ്പാ ക്കാനും സമ്പാദ്യശീലം വർധിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ ആവിഷ് കരിക്കണം. തൊഴിലാളിപ്രവർത്തനങ്ങൾക്കു നേതൃത്വമേകാനായി അല്മാ യർക്കു പരിശീലനം നൽകി അവരെ സജ്ജരാക്കണം. മെയ്ദിനാചരണ ത്തോടനുബന്ധിച്ച് ഇടവകകളിൽ പ്രത്യേകമായ പരിപാടികൾ സംഘടി പ്പിക്കണം.

**8)** 2025-ാം ജൂബിലി വർഷസന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ പറഞ്ഞതു പോലെ, ‘‘ജീവിതത്തിന്റെ അടിസ്ഥാനപരമായ ആവശ്യങ്ങൾ

പോലുമില്ലാത്തകോടിക്കണക്കിനു ദരിദ്രർക്കു പ്രത്യാശ നൽകണമെന്നു ഞാൻ പൂർണഹൃദയത്തോടെ അപേക്ഷിക്കുന്നു. പുതിയതരത്തിലുള്ള ദാരിദ്ര്യത്തിന്റെ നിരന്തരമായ വേലിയേറ്റത്തിനുമുമ്പ്, നമുക്ക് എളുപ്പ ത്തിൽ നിരാശരാകാനും നിസംഗരാകാനും കഴിയും. എന്നിരുന്നാലും, ലോകത്തിന്റെ ചില ഭാഗങ്ങളിൽ മാത്രമല്ല, നമുക്കു ചുറ്റും ഇപ്പോൾ നേരി ടുന്ന നാടകീയമായ സാഹചര്യങ്ങൾക്കു നേരെ നാം കണ്ണടയ്ക്കരുത്'... നമ്മൾ മറക്കരുത്: ദരിദ്രർ എല്ലായ്പ്പോഴും ഇരകളാണ്, കുറ്റപ്പെടുത്തേണ്ട വരല്ല'' (ജൂബിലി വർഷ സന്ദേശം, 15).

**ഉപസംഹാരം**

''ശിമയോൻ പറഞ്ഞു: ഗുരോ, രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഞങ്ങൾക്ക് ഒന്നും കിട്ടിയില്ല. എങ്കിലും, നിന്റെ വാക്കനുസരിച്ചു ഞാൻ വലയിറക്കാം. വലയിറക്കിയപ്പോൾ വളരെയേറെ മത്സ്യങ്ങൾ അവർക്കു കിട്ടി. അവരുടെ വല കീറിത്തുടങ്ങി'' *(ലൂക്കാ 5:5-6).*

പ്രിയ തൊഴിലാളിസഹോദരങ്ങളേ, നിരവധി പ്രതിസന്ധികളിലൂടെ യാണു നമ്മുടെ കുടുംബങ്ങൾ കടന്നുപോകുന്നതെന്നറിയാം. ശിമയോനെ പ്പോലെ പ്രത്യാശയിൽ, ദൈവാനുഗ്രഹത്തോടെ നമുക്കു മുന്നേറാം. തൊഴിലാളികളുടെ മധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെ പ്രത്യേക മാധ്യസ്ഥ്യം പ്രാർഥിക്കുന്നു. ഉത്ഥിതനായ കർത്താവീശോമ്ശിഹായുടെ കൃപ എല്ലാവരിലുമുണ്ടാകട്ടെ.

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
*(ചെയർമാൻ)*

**ബിഷപ് ജോസ് പൊരുന്നേടം**
*(വൈസ് ചെയർമാൻ)*

**ബിഷപ് ജോർജ് മഠത്തികണ്ടത്തിൽ**
*(വൈസ് ചെയർമാൻ)*

പി.ഒ.സി., കേരളകത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി 682025




# കച്ചേരികാര്യം

## I

## 139-ാമത് അതിരൂപതാദിനാചരണം

ഈ വർഷത്തെ അതിരൂപതാദിനാചരണം ചങ്ങനാശ്ശേരി ഫൊറോന യുടെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിലെ കർദിനാൾ മാർ ആന്റണി പടിയറ നഗറിൽ **മെയ് 20** രാവിലെ 9.30ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 1.30നു സമാപിക്കത്തക്കരീതിയിലാണു ക്രമീകരിച്ചിരിക്കുന്നത്.

**പങ്കെടുക്കേണ്ടവർ:** അതിരൂപതയിൽ സേവനം ചെയ്യുന്ന വൈദികർ, മേജർ സുപ്പീരിയർമാർ, വൈദികാർഥികൾ, ഇടവകയിലെ സമർപ്പിതരുടെ ഒരു പ്രതിനിധി, നടത്തുകൈക്കാരൻ, മാതാക്കളുടെയും യുവജനങ്ങളു ടെയും കുട്ടികളുടെയും ഓരോ പ്രതിനിധികൾ, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സംഘടനകളുടെ അതിരൂപതാതലഭാരവാ ഹികൾ.

## II

## ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ ചരമശതാബ്ദി

ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിന്റെ ചരമശതാബ്ദിയോട നുബന്ധിച്ച് **2025 മെയ് 28** *ഉച്ചകഴിഞ്ഞ് 2.30 മുതൽ വൈകുന്നേരം 4 വരെ* ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ വന്ദ്യപിതാവിന്റെ സംഭാവനകളെ അധികരിച്ചു പഠനശിബിരം നടത്തപ്പെടുന്നതാണ്.

## III

## ഈശോയുടെ സ്വർഗാരോഹണതിരുനാൾ

**2025 മെയ് 29ന്** ആചരിക്കുന്ന ഈശോമ്ശിഹായുടെ സ്വർഗാരോഹണ തിരുനാൾ കടമുള്ള ദിവസമാകയാൽ അന്നേദിവസം വിശ്വാസികളെല്ലാ വർക്കും സംബന്ധിക്കത്തക്കവിധം ഇടവകകളിൽ പരിശുദ്ധ കുർബാന യുടെ സമയം ക്രമീകരിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്.

## IV

## വാർഷികധ്യാനം 2025

അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം നാലു ബാച്ചുകളിലായി കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ ക്രമീകരിച്ചിരിക്കുന്നു. ഓരോ ധ്യാനവും ആദ്യദിവസം (ഞായർ) വൈകുന്നേരം ആറിനു റംശായോടെയാരംഭിച്ചു സമാപനദിവസം (വെള്ളി) ഉച്ചഭക്ഷണത്തോടെ അവസാനിക്കുന്നതാണ്.

**ബാച്ച് I - ജൂൺ 15–20**
**ധ്യാനഗുരു - വെരി റവ. ഫാ. അബ്രാഹം വെട്ടുവേലിൽ**
*(സുപ്പീരിയർ ജനറൽ, എം.എസ്.എഫ്.എസ്.)*

**ബാച്ച് II - ജൂൺ 22–27**
**ധ്യാനഗുരു - ബിഷപ് റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല**
*(കണ്ണൂർ രൂപത)*

**ബാച്ച് III - ജൂലൈ 06–11**
**ധ്യാനഗുരു - റവ. ഡോ. അരുൺ കലമറ്റത്തിൽ** *(പാലക്കാട് രൂപത)*

**ബാച്ച് IV - ജൂലൈ 13–18**
**ധ്യാനഗുരു - റവ. ഫാ. വിബിൻ ചൂതംപറമ്പിൽ** *(വരാപ്പുഴ അതിരൂപത)*

അതിരൂപതയ്ക്കുപുറത്തു സേവനത്തിലോ പഠനത്തിലോ ഏർപ്പെട്ടിരിക്കുന്ന വൈദികർക്കും അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്യാസവൈദികർക്കും ധ്യാനത്തിൽ സംബന്ധിക്കാൻ താത്പര്യമുള്ളപക്ഷം ഇഷ്ടമുള്ള ഏതെങ്കിലും ബാച്ചിൽ പങ്കെടുക്കാവുന്നതാണ്. അങ്ങനെയുള്ളവർ ഏതു ബാച്ചിലാണു ധ്യാനിക്കുന്നതെന്ന് അതിരൂപതയുടെ ചാൻസലറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

## V

## പരിശുദ്ധ കുർബാനനിയോഗം

**2025 ഏപ്രിൽ 17, 24** തീയതികളിൽ അതിരൂപതാകുടുംബത്തിൽ നിന്നും നിത്യസമ്മാനത്തിനു യാത്രയായ *ആയില തോമസ്, കല്ലുകളം മാത്യു* എന്നീ ബഹു. വൈദികരെ നമ്മുടെ പ്രാർഥനയിലോർക്കാം. എല്ലാ വൈദികരും ബഹു. അച്ചന്മാർക്കുവേണ്ടി ഓരോ പരിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്.

## VI

## അതിരൂപതാസാമ്പത്തികകാര്യാലയം

**2025 മെയ് ഒന്നു മുതൽ** പരിശുദ്ധ കുർബാനയ്ക്ക് ഉപയോഗിക്കുന്ന വീഞ്ഞിന്റെ പുതുക്കിയനിരക്ക് 230 രൂപയാണ്.

# 139 – ാമത് അതിരൂപതാദിനാചരണം

**ചങ്ങനാശ്ശേരി ഫൊറോനയുടെ നേതൃത്വത്തിൽ**
**സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളി**
**കർദിനാൾ മാർ ആന്റണി പടിയറ നഗറിൽ**

**2025 മെയ്**
**20 ചൊവ്വ**
**9.30 am - 1.30 pm**

## ഇടവകതല അതിരൂപതാദിനാഘോഷം

അതിരൂപതാദിനത്തിന് ഒരുക്കമായി അതിരൂപതയിലെ ഇടവകകളിലും കുരിശുപള്ളികളിലും **മെയ് 18 ഞായറാഴ്ച** ഇടവകതലത്തിലുള്ള അതിരൂപതാദിനാഘോഷം നടത്തേണ്ടതാണ്. അതിരൂപതയുടെ പൊതുനിയോഗത്തിൽ പരിശുദ്ധ കുർബാനയർപ്പിക്കുക. കാറോസൂസായിൽ അതിരൂപതാദിനത്തെ സമർപ്പിച്ച് ഒരുക്കപ്രാർഥന ചൊല്ലുക. ആദ്യത്തെ പരിശുദ്ധ കുർബാനയ്ക്കുശേഷം അതിരൂപതാദിനത്തിന്റെ വിളംബരമായി പേപ്പൽ പതാക ഉയർത്തുക. പരിശുദ്ധ കുർബാനകൾക്കുശേഷം അതിരൂപതാ ആന്തം ആലപിക്കുന്നതും അതിരൂപതാദിനപ്രതിജ്ഞ ചൊല്ലുന്നതും അഭികാമ്യമാണ്.

## സമ്മേളനത്തിൽ പങ്കെടുക്കേണ്ടവർ

അതിരൂപതയിൽ സേവനം ചെയ്യുന്ന വൈദികർ, മേജർ സുപ്പീരിയർമാർ, വൈദികാർഥികൾ, ഇടവകയിലെ സമർപ്പിതരുടെ ഒരു പ്രതിനിധി, നടത്തുകൈക്കാരൻ, മാതാക്കളുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും ഓരോ പ്രതിനിധികൾ, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സംഘടനകളുടെ അതിരൂപതാതലഭാരവാഹികൾ.

സമ്മേളനത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ബഹു. വികാരിയച്ചന്മാർ അതിരൂപതാകേന്ദ്രത്തിൽനിന്നു ലഭ്യമാക്കുന്ന 'ഗൂഗിൾ ഫോം' പൂരിപ്പിച്ചു **മെയ് 12നു മുമ്പായി** നൽകേണ്ടതാണ്.

*അതിരൂപതാ കോഡിനേറ്റർമാർ*

**ഫാ. ആന്റണി ആനക്കല്ലുങ്കൽ** (8281746624)
**ഫാ. ചെറിയാൻ കക്കുഴി** (9495643338)
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല** (9496722548)

**ഫാ. ആന്റണി എത്തക്കാട്**
*(പ്രോട്ടോസിഞ്ചെള്ളൂസ്)*

# അതിരൂപതാദിനാചരണ ഒരുക്കപ്രാർഥന

*(മെയ് 12 മുതൽ 19 വരെ പരിശുദ്ധ കുർബാനയിലെ കാറോസൂസായിലും കുടുംബപ്രാർഥനയ്ക്കുശേഷവും ചൊല്ലുക)*

കർത്താവായ ഈശോയേ, മാമോദീസായിലൂടെ ത്രിതൈക കൂട്ടായ്മയിലേക്കും സഭാജീവിതത്തിലേക്കും ഞങ്ങളെ വിളിച്ച അവിടുത്തെ അനന്തകാരുണ്യത്തിനു ഞങ്ങൾ നന്ദിപറയുന്നു. ആദിമസഭയെപ്പോലെ 'ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർഥന എന്നിവയിൽ സദാ താത്പര്യപൂർവം പങ്കുചേരുന്ന' സഭാസമൂഹമായി വളരാൻ അതിരൂപതാദിനാചരണം ഞങ്ങളെ സഹായിക്കട്ടെ. സഭാകൂട്ടായ്മയെ തളർത്തുന്ന ചിന്തകളും സംസാരങ്ങളും പ്രവൃത്തികളും ഞങ്ങളിൽനിന്നും ഞങ്ങളുടെ കുടുംബങ്ങളിൽനിന്നും എടുത്തുമാറ്റണമേ. ദൃശ്യവും അദൃശ്യവുമായ സകലവിപത്തുകളിൽനിന്നും നിന്റെ തിരുസഭയെ സംരക്ഷിക്കണമേ. അതിരൂപതയിൽ ഞങ്ങൾ ഒരു കുടുംബമാണ് എന്ന ബോധ്യത്തിൽ, സന്തോഷത്തോടും പ്രത്യാശയോടുംകൂടെ അങ്ങേക്കു നിരന്തരം കൃതജ്ഞത അർപ്പിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അതിരൂപതാദിനാചരണം ഞങ്ങളെ ഈശോയുടെ സാക്ഷികളും സഭയുടെ വിശ്വസ്തമക്കളുമായി രൂപാന്തരപ്പെടുത്തട്ടെയെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ**

# അതിരൂപതാദിനപ്രതിജ്ഞ

സഭയെന്നനിലയിലുള്ള / ഞങ്ങളുടെ അസ്തിത്വത്തിന്റെ അടിസ്ഥാനം / പരിശുദ്ധ ത്രിത്വമാണെന്നു / ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്നു./ സ്നേഹകൂട്ടായ്മയിൽ സ്വർഗീയജീവനെ ഞങ്ങൾ അനുഭവിക്കുന്നു./ ദൈവവിശ്വാസത്തെയും / സഭാകൂട്ടായ്മയെയും / ദുർബലപ്പെടുത്തുന്ന വെല്ലുവിളികളെ/ ഞങ്ങൾ തിരിച്ചറിയുന്നു./ പരിശുദ്ധ കുർബാനയിലൂടെയും/ കൂദാശാജീവിതത്തിലൂടെയും/ ഉപവാസത്തിലൂടെയും / ഞങ്ങൾ അവയെ അതിജീവിക്കും. കൂട്ടായ്മയെ തളർത്തുന്ന/ ചിന്തകളിൽനിന്നും / സംസാരങ്ങളിൽനിന്നും / പ്രവൃത്തികളിൽനിന്നും ഞങ്ങൾ വിട്ടുനിൽക്കും. കൂടുതൽ തീക്ഷ്ണതയോടെ / വരും തലമുറകളിലേക്കു / വിശ്വാസമൂല്യങ്ങൾ കൈമാറാൻ/ ഞങ്ങൾ ജാഗ്രതയുള്ളവരാകും./ പരിശുദ്ധ പിതാവിനോടും / സഭാതലവനോടും / അതിരൂപതാധ്യക്ഷനോടും / വൈദിക - സമർപ്പിതസമൂഹത്തോടും/ സഭാഗാത്രത്തോടു പൊതുവിലും / ഞങ്ങൾക്കുള്ള ഐക്യദാർഢ്യം ഞങ്ങൾ പ്രഖ്യാപിക്കുന്നു./ 'അതിരൂപതയിൽ നാം ഒരു കുടുംബം' എന്നത് അന്വർഥമാക്കാൻ ഞങ്ങൾ സർവാത്മനാ പരിശ്രമിക്കും. അതിരൂപതാദിനാചരണം വിജയിക്കട്ടെ.

| DUE DATE FOR ANNUAL FINANCIAL STATEMENT SUBMITTED TO FINANCE OFFICE<br>YEAR 2024-2025 | | |
|---|---|---|
| **MAY 05** | | |
| 01 | Adoor | Mar Sleeva (Submitted) |
| 02 | Aickarachira | St. George |
| 03 | Alappuzha-Pazhavangadi | Mar Sleeva Forane Pilgrim Centre |
| 04 | Amayannoor (Ayarkunnam) | St. Alphonsa Chapel |
| 05 | Ambalapuzha (Karumady) | St. Mary's |
| 06 | Anickad | St. Antony's |
| **MAY 06** | | |
| 07 | Arattuvazhy | St. Joseph's |
| 08 | Arpookara | Cherupushpam |
| 09 | Arpookara-Villoonni | St. Xavier's |
| 10 | Arumanoor | Mangalavartha |
| 11 | Arunoottampadam | Sacred Heart |
| 12 | Aruvikuzhy | Lourdes Matha |
| **MAY 07** | | |
| 13 | Aryad | Little Flower |
| 14 | Athirampuzha | St. Mary's Forane |
| 15 | Athirampuzha (MCBS) | Lisieux |
| 16 | Ayarkunnam | St. Sebastian's |
| 17 | Ayroor (CMI) | Lourdes Matha |
| 18 | Champakara | St. Joseph's |
| **MAY 12** | | |
| 19 | Champakulam | St. Mary's Basilica Forane |
| 20 | Changamkary | St. Joseph's |
| 21 | Changanacherry | St. Mary's Metropolitan Forane |
| 22 | Chanjody | St. Sebastian's |
| 23 | Charamangalam | Lourdes Matha |
| 24 | Chathanadu | St. Alphonsa |
| **MAY 13** | | |
| 25 | Cheepunkal (CMI) | St. Antony's |
| 26 | Cheeranchira | St. George |
| 27 | Chengalam | St. Sebastian's |
| 28 | Chengannur | Marth Mariam Forane |
| 29 | Chennamkary West | St. Joseph's |
| 30 | Chennamkary (Koolipurackal) | Lourdes Matha |

| | | |
|---|---|---|
| **MAY 14** | | |
| 31 | Cheppumpara | Marth Mariam |
| 32 | Cheruvandoor | St. Sebastian's |
| 33 | Chethipuzha (CMI) | Sacred Heart |
| 34 | Chunkappara | Little Flower |
| 35 | Edathua | St. George Forane |
| 36 | Eara | Lourdes Matha |
| **MAY 16** | | |
| 37 | Eravinalloor | Assumption |
| 38 | Eravuchira | St. Mary's |
| 39 | Ettumanoor | Christ the King |
| 40 | Ezhumattoor | St. Joseph's |
| 41 | Fathimapuram | Fathima Matha |
| 42 | Ithithanam | St. Mary's |
| **MAY 22** | | |
| 43 | Kadayanickadu | St. Mary's |
| 44 | Kaduvakulam (MCBS) | Little Flower |
| 45 | Kainady | Our Lady of Dolours |
| 46 | Kainakary | St. Mary's |
| 47 | Kaithavana | Immaculate Heart |
| 48 | Kalavoor | St. Thomas |
| **MAY 23** | | |
| 49 | Kandankary | St. Joseph's |
| 50 | Kannady | St. Rita's |
| 51 | Kannady | St. Joseph's |
| 52 | Karikkattoor (CMI) | St. James |
| 53 | Karimpanakulam | Sacred Heart |
| 54 | Karumady | St. Nicholas |
| **MAY 26** | | |
| 55 | Karumady | St. Joseph's |
| 56 | Karuvatta | St. Joseph's |
| 57 | Kattachira | St. Xavier's |
| 58 | Karuvatta (Kariyil) | Holy Family |
| 59 | Kavalam | St. Theresa's |
| 60 | Kavalam Lisieux | Little Flower |
| **MAY 27** | | |
| 61 | Kavalam North | St. Joseph's |

| | | |
|---|---|---|
| 62 | Kayalpuram | St. Antony's |
| 63 | Kayalpuram | St. Joseph's |
| 64 | Kelamangalam | Our Lady of Dolours |
| 65 | Kidangara | St. Gregorios |
| 66 | Kiliroor | St. Francis De Sales |
| | **MAY 28** | |
| 67 | Kizhake Mithrakary | Holy Family |
| 68 | Kodinattumkunnu | St. Sebastians |
| 69 | Koduppunna | St. Joseph's |
| 70 | Koilmuk | St. Joseph's |
| 71 | Kondackal | St. Joseph's |
| 72 | Kooroppada | Mar Sleeva |
| | **JUNE 03** | |
| 73 | Koothrappally | St. Mary's |
| 74 | Kottackupuram | St. Mathew's |
| 75 | Kottangal | St. John the Baptist's |
| 76 | Kottayam | Lourdes Forane |
| 77 | Kudamaloor | St. Mary's Major Archepiscopal Forane |
| 78 | Kulathoor | Little Flower |
| | **JUNE 04** | |
| 79 | Kumarakom Vadakkumkara | St. John Nepumseanos |
| 80 | Kumarakom Nava Nazareth | Holy Family |
| 81 | Kumarankary | St. Mary's |
| 82 | Kumaranalloor | St. Thomas |
| 83 | Kumarapuram | St. Mary's |
| 84 | Kunnamthanam | St. Joseph's |
| | **JUNE 05** | |
| 85 | Kunthirickal | Sacred Heart |
| 86 | Kurichy | St. Joseph's |
| 87 | Kurumpanadom | St. Antony's Forane |
| 88 | Kurumpanadom | Assumption |
| 89 | Kuttamangalam (Pandicherry) | St. Joseph's |
| 90 | Laikad | St. Joseph's |
| | **JUNE 06** | |
| 91 | Madappally | Little Flower |
| 92 | Mahendrapuram | St. Sebastian's |
| 93 | Mallappally | St. Athanasius |
| 94 | Mammood | Lourdes Matha |

| | | |
|---|---|---|
| 95 | Mampuzhakary | Lourdes Matha |
| 96 | Manackachira | St. Joseph's |
| **JUNE 09** | | |
| 97 | Manalady | St. Mary's |
| 98 | Manimala | Holy Magi Forane |
| 99 | Manimala New | St. Basil's |
| 100 | Mannanam | Twelve Apostles |
| 101 | Mannanam (CMI) | St. Joseph's |
| 102 | Mannancherry | St. Mary's |
| **JUNE 10** | | |
| 103 | Mannarkunnu | St. Gregorios |
| 104 | Mannila | Holy Family |
| 105 | Mariyapuram | Mary Matha |
| 106 | Mavelikara | St. Alphonsa |
| 107 | Mithrakary | St. Xavier's |
| 108 | Mithrakary East | Holy Family |
| **JUNE 11** | | |
| 109 | Moncompu | St. Pius X |
| 110 | Mudiyoorkara | Holy Family |
| 111 | Muhamma | St. George Forane |
| 112 | Mundathanam | St. Antony's |
| 113 | Mundupalam | St. Mary's |
| 114 | Muttar (CMI) | Immaculate Conception |
| **JUNE 12** | | |
| 115 | Muttar Old | St. George |
| 116 | Muttar New | St. Thomas |
| 117 | Mylady (VC) | St. Antony's |
| 118 | Nalpathimala | St. Thomas |
| 119 | Narbonapuram | St. Sebastian's |
| 120 | Nazareth | St. Jerome's |
| **JUNE 13** | | |
| 121 | Nedumanny | Fathima Matha |
| 122 | Nedumkunnam | St. John The Baptist's Forane |
| 123 | Nedumon | St. Mary's |
| 124 | Nedumudy | Sacred Heart |
| 125 | Niranam | Mar Thoma Sleeha Pilgrim Centre |
| 126 | Nirmalapuram | St. Mary's |


| | | |
|---|---|---|
| **JUNE 16** | | |
| 127 | Pacha-Chekkidikad | Lourdes Matha |
| 128 | Padaharam | St. Joseph's |
| 129 | Paduvapuram (SN Puram) | St. Antony's |
| 130 | Paippadu | Lourdes Matha |
| 131 | Paippadu-Nalukody | St. Thomas |
| 132 | Pallathuruthy | St. Thomas |
| **JUNE 17** | | |
| 133 | Pallikkoottumma | Fathima Matha |
| 134 | Pallikunnu | St. Thomas |
| 135 | Pampady | Deivamatha |
| 136 | Panayampala | St. Sebastian's |
| 137 | Pandalam | Denahapally |
| 138 | Pandankary | St. Pius X |
| **JUNE 18** | | |
| 139 | Pandy | Fathima Matha |
| 140 | Pangada | Sacred Heart |
| 141 | Paral | St. Antony's |
| 142 | Parampuzha | Bethlehem |
| 143 | Parel | St. Mary's |
| 144 | Payattupakka | Holy Family |
| **JUNE 19** | | |
| 145 | Perumkavu | St. Thomas |
| 146 | Perunna East | St. Antony's |
| 147 | Podippara | Holy Family |
| 148 | Ponga | Mar Sleeva |
| 149 | Poonthope | St. Francis Assisi |
| 150 | Pulickalkavala | St. Mary's |
| **JUNE 20** | | |
| 151 | Pulimugham | Marth Mariam |
| 152 | Pulincunnoo | St. Mary's Forane |
| 153 | Pullangady | Holy Family |
| 154 | Punnakkunnathusserry | St. Joseph's |
| 155 | Punnamada | St. Mary's |
| 156 | Punnapra | Mar Gregorios |
| **JUNE 23** | | |
| 157 | Punnathura | St. Thomas |

| | | |
|---|---|---|
| 158 | Punnaveli | Little Flower |
| 159 | Purakkad | Mar Sleeva |
| 160 | Puthenangady | St. George |
| 161 | Puthukary | St. Xavier's |
| 162 | Puthuppally-Poomattom (CMI) | St. Antony's |
| **JUNE 24** | | |
| 163 | Puthussery-Kallooppara | Lourdes Matha |
| 164 | Puzhavathu | St. Thomas |
| 165 | Rajamattom | Sacred Heart |
| 166 | Ramankary | St. Joseph's |
| 167 | SL Puram | St. Sebastian's |
| 168 | Thadiyoor | St. Antony's (Submitted) |
| **JUNE 25** | | |
| 169 | Thakazhy-Thennady | St. Rita's |
| 170 | Thathampally | St. Michael's |
| 171 | Thayamkary | St. Antony's |
| 172 | Thazhathangady | Sacred Heart |
| 173 | Thazhathuvadakara | Lourdes Matha |
| 174 | Thekke Puthukary | St. Joseph's |
| **JUNE 26** | | |
| 175 | Thekkekara | St. Sebastian's (Submitted) |
| 176 | Thekkekara | St. John's |
| 177 | Thellakom | St. Joseph's |
| 178 | Thiruvalla-Muthoor | St. Antony's |
| 179 | Thottackad | St. George |
| 180 | Thottuvathala | Sacred Heart |
| **JULY 02** | | |
| 181 | Thrickodithanam | St. Xavier's Forane |
| 182 | Thuruthy | Marth Mariam Forane |
| 183 | Vadakke Amichakary | St. George |
| 184 | Vadakkekara | St. Mary's |
| 185 | Vadavathoor | St. Thomas |
| 186 | Vaipur New | St. Joseph's (Submitted) |
| **JULY 04** | | |
| 187 | Vaipur Old | St. Mary's |
| 188 | Vaisyambhagom | St. Antony's |
| 189 | Vallamchira | St. Mary's |

| | | |
|---|---|---|
| 190 | Vazhappally (OFM Cap.) | Gethsemany |
| 191 | Vazhappally West | St. Mary's |
| 192 | Veliyanadu North | St. Joseph's |
| 193 | Veliyanadu North (Kesaria) | St. Gregorios |
| **JULY 07** | | |
| 194 | Veliyanadu South | St. Xavier's |
| 195 | Veroor | St. Joseph's |
| 196 | Vettickalpurayidom | St. Sebastian's |
| 197 | Vettimukal | St. Mary's |
| 198 | Vettithuruth | St. Antony's |
| 199 | Vezhapra | St. Paul's |
| 200 | Yudapuram | St. Jude's |
| **AMBOORI FORANE**<br>Venue: St. George Forane Church<br>**MAY 15** ( 10 am-12 noon) | | |
| 01 | Amboori | St. George Forane |
| 02 | Dalumugham | St. Mary's |
| 03 | Kutchapuram (CMI) | St. Joseph's |
| 04 | Mayam | St. Mary's |
| 05 | Pachakadu (Dalumugham) | Sacred Heart |
| 06 | Rajagiri | Christ the King |
| 07 | Thekkupara | St. Mary's |
| 08 | Vavode | Sacred Heart |
| **KOLLAM-AYOOR FORANE**<br>Venue: Christ the King Forane Church<br>**MAY 29** (9 am-12.30 pm) | | |
| 01 | Anakulam | St. Joseph's |
| 02 | Anchal | Mary Matha |
| 03 | Aryankavu | St. Mary's |
| 04 | Ayoor | Christ the King Forane |
| 05 | Chenkulam | Nithyasahaya Matha |
| 06 | Cheriyavelinalloor | St. Sebastian's |
| 07 | Cherukadavu | Infant Jesus |
| 08 | Edappalayam | St. George |
| 09 | Karavaloor (CSsR) | Nithyasahaya Matha |
| 10 | Kollam | Thoma Sleeha Pally |
| 11 | Kulathupuzha | St. Sebastian's |

| | | |
|---|---|---|
| 12 | Kuttikonam (Makkannoor) | Christ the King |
| 13 | Meenkulam | Lourdes Matha |
| 14 | Narikkal | St. Mary's |
| 15 | Pazhayeroor | St. Thomas |
| 16 | Philgiri | St. Joseph's |
| 17 | Punaloor | Sacred Heart |
| 18 | Venchempu | St. George |
| **THIRUVANANTHAPURAM FORANE**<br>Venue: Lourdes Forane Church Thiruvananthapuram<br>**JUNE 14** (10.00 am-03.00 pm) | | |
| 01 | Attingal | St. Jude's |
| 02 | Kannammoola | St. Mother Teresa |
| 03 | Karyavattom | St. Joseph's |
| 04 | Kattukulam (Vizhinjam) | Christ the King |
| 05 | Kazhakoottam (Karyavattom) | St. John Paul ll |
| 06 | Kesavadasapuram | Mar Geevarghese Sahada |
| 07 | Killy | Divine Providence Chapel |
| 08 | Koliyoor (Vizhinjam CMI) | St. Thomas |
| 09 | Kowdiar | Nirmala Bhavan Chapel |
| 10 | Kuttichal | Mar Thoma Sleeha |
| 11 | Mannanthala (OFM Cap.) | Ranigiri |
| 12 | Nedumangadu (Peroorkada) | St. Thomas |
| 13 | Palode (Peringamala) | St. Mary's |
| 14 | Peroorkada | Lourdes Hills |
| 15 | Pongummoodu | St. Alphonsa |
| 16 | Sreekaryam (MCBS) | St. Joseph's |
| 17 | Thirumala | Holy Family |
| 18 | Thiruvallam-Kovalam | Sacred Heart |
| 19 | Thiruvananthapuram | Lourdes Forane |
| 20 | Uchakkada (Vizhinjam CMI) | St. Cicily's |
| 21 | Vattiyoorkavu (MSFS) | St. Francis De Sales |
| 22 | Vellayani | Little Flower Chapel |
| 23 | Venjarammood | Mar Thomagiri Chapel |
| 24 | Vithura | All Saint's |
| 25 | Vizhinjam (CMI) | St. Peter's |

# 'സാമൂഹികസേവനപ്രസ്ഥാനത്തിന്റെ ആദ്യ സെക്രട്ടറി': ആയില ബഹു. തോമസ് അച്ചൻ



1936 സെപ്റ്റംബർ 27നു മണിമല ഹോളി മേജൈ ഫൊറോനാ ഇടവകയിൽ ആയില വർഗീസ്-അന്നമ്മ ദമ്പതികളുടെ മകനായി ബഹു. തോമസ് അച്ചൻ ജനിച്ചു. പരിശുദ്ധ കുർബാനയുടെയും പൗരോഹിത്യത്തിന്റെയും സ്ഥാപനദിനമായ പെസഹാവ്യാഴാഴ്ചയാണ് (ഏപ്രിൽ 17) ആയില ബഹു. തോമസ് അച്ചൻ നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടത്. അച്ചന്റെ ദീപ്തമായ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. അതിരൂപതയ്ക്കായി ബഹു. ആയില അച്ചൻ ചെയ്ത നന്മകളെ നന്ദിയോടെ ഓർക്കുന്നു. പാറേൽ സെന്റ് തോമസ്, ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ എന്നീ സെമിനരികളിൽനിന്നും തത്വ-ദൈവശാസ്ത്രപഠനങ്ങൾ പൂർത്തിയാക്കിയശേഷം 1964 മാർച്ച് 12നു ദൈവദാസൻ മാർ മാത്യു കാവുകാട്ട്പിതാവിൽനിന്നും ആയില ബഹു. തോമസ് അച്ചൻ വൈദികപട്ടം സ്വീകരിച്ചു.

61 വർഷത്തെ പൗരോഹിത്യജീവിതമായിരുന്നു അച്ചന്റേത്. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ അസ്സിസ്റ്റന്റ് വികാരിയായിട്ടാണ് അച്ചൻ പൗരോഹിത്യശുശ്രൂഷ ആരംഭിച്ചത്. തുടർന്ന് 1964-1965 കാലഘട്ടത്തിൽ ഫാത്തിമാപുരം ഫാത്തിമ മാതാ ഇടവകയിൽ 6 വർഷങ്ങൾ അച്ചൻ സേവനം ചെയ്തു. തദവസരത്തിൽ പല സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്കും അച്ചൻ തുടക്കംകുറിച്ചു. അതിരൂപതാ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ (ചാസ്സ്) പ്രാരംഭകാല സെക്രട്ടറിയായിരുന്നു തോമസ് അച്ചൻ. ഇന്നിപ്പോൾ വൈവിധ്യമാർന്ന മേഖലകളിൽ സജീവമായി പ്രവർത്തിക്കുകയും സമൂഹത്തിലെ ദുർബലവിഭാഗങ്ങൾക്ക് അത്താണിയായി വർത്തിക്കുകയും ചെയ്യുന്ന ഈ സൊസൈറ്റിക്കു നിയമാവലി എഴുതിത്തയ്യാറാക്കുകയും ട്രാവൻകൂർ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് ഒരു സാമൂഹികപ്രവർത്തനസംഘടനയാക്കി മാറ്റുകയും ചെയ്തതു ബഹു. തോമസ് അച്ചന്റെ പരിശ്രമത്തിന്റെ ഫലമാണ്.

60 വർഷങ്ങൾ പൂർത്തിയാക്കുന്ന ചാസ്സ് കേരളത്തിലൊട്ടാകെ ജനശ്രദ്ധ ആകർഷിച്ച പ്രസ്ഥാനമായി വളർന്നു. 1971 മുതൽ കാഞ്ഞിരപ്പള്ളി രൂപതയിലെ പാലയൂർക്കാവ് സെന്റ് ജോർജ് ഇടവകയിലായിരുന്നു അച്ചന്റെ അജപാലന പ്രവർത്തനങ്ങളുടെ ഭൂരിഭാഗസമയവും. 20 വർഷങ്ങൾ നീണ്ടുനിന്ന അച്ചന്റെ വികസനോന്മുഖമായ പ്രവർത്തനങ്ങൾ ആ നാടിനെ നന്മയിലേയ്ക്കു നയിച്ചു.

പള്ളി, സ്കൂൾ, റോഡ് തുടങ്ങിയവയ്ക്കെല്ലാം അച്ചൻ നേതൃത്വം കൊടുത്തു. കാഞ്ഞിരപ്പള്ളി രൂപതയിലെ കാഞ്ചിയാർ സെന്റ് മേരീസ് പള്ളിയിൽ 4 വർഷവും പഴയകൊരട്ടി സെന്റ് മേരീസ് പള്ളിയിൽ 4 വർഷവും അച്ചൻ ശുശ്രൂഷചെയ്തു. 39 വർഷത്തെ അച്ചന്റെ പൗരോഹിത്യശുശ്രൂഷയിൽ 28 വർഷത്തെ പ്രവർത്തനങ്ങളും കാഞ്ഞിരപ്പള്ളിയിലായിരുന്നു.

1998 മുതൽ 2003 വരെ കിടങ്ങറ സെന്റ് ഗ്രിഗോറിയോസ് ഇടവകയിലായിരുന്നു അച്ചന്റെ ശുശ്രൂഷകൾ. 2003 മുതലുള്ള പരിചയമാണ് അച്ചനുമായി എനിക്കുള്ളത്. അച്ചൻ കിടങ്ങറയിൽ സേവനം ചെയ്ത അവസരത്തിൽ പഴക്കംച്ചെന്നു ചോർന്നൊലിക്കുന്ന ഒരു പള്ളിമുറിയായിരുന്നു അവിടെയുണ്ടായിരുന്നത്. ആ സാഹചര്യങ്ങളോടെല്ലാം അച്ചൻ താദാത്മ്യപ്പെട്ടിരുന്നു. പാരിഷ്ഹാളിന്റെ നിർമാണം, പള്ളിയുടെ നവീകരണപ്രവർത്തനങ്ങൾ എന്നിവ ചെയ്തു കിടങ്ങറ ഇടവകയ്ക്കുവേണ്ടി അത്യധികം കഠിനാധ്വാനം ചെയ്ത വ്യക്തിയായിരുന്നു തോമസ് അച്ചൻ.

രാവിലത്തെ പരിശുദ്ധ കുർബാന കഴിഞ്ഞാൽ പണിക്കാരുടെകൂടെ ജോലി ചെയ്യാനും അവരുടെകൂടെ ഭക്ഷണം കഴിക്കാനും അച്ചൻ സമയം കണ്ടെത്തിയിരുന്നു. ആസൂത്രണവൈദഗ്ധ്യവും ശക്തമായ നിലപാടും അച്ചൻ പുലർത്തിയിരുന്നു. കഠിനാധ്വാനിയും ധൈര്യശാലിയും സാഹസികനുമായിരുന്നു. റിസ്ക് എടുക്കാൻ അച്ചനെപ്പോലെ കഴിവുള്ള വ്യക്തി ഇല്ലെന്നുതന്നെ വേണമെങ്കിൽ പറയാം. അതിനുദാഹരണമാണ് അച്ചൻ ചാസ്സിന്റെ ആദ്യകാല സെക്രട്ടറിയായതും പ്രവർത്തനരീതികളും.

ലാളിത്യത്തിന്റെ ആൾരൂപമായിരുന്നു ബഹു. തോമസ് അച്ചൻ. മണ്ണിനെയും മനസുകളെയും തൊട്ടറിഞ്ഞ പുരോഹിതൻ. പ്രകൃതിയെയും കൃഷിയിടങ്ങളെയും അച്ചൻ സ്നേഹിച്ചിരുന്നു. നാടിന്റെ നന്മ മാത്രം ആഗ്രഹിച്ച വ്യക്തി. എളിമയുള്ള ജീവിതവും പരസ്നേഹപ്രവർത്തനവും അച്ചന്റെ ജീവിതശൈലിയായിരുന്നു. അച്ചൻ ശുശ്രൂഷ ചെയ്ത ഇടവകകളിൽ പ്രവാചകധീരതയോടെ ഇടവകസമൂഹത്തെ നയിച്ചു. പ്രവർത്തനമേഖലകളിൽ ആവേശവും തീക്ഷ്ണതയും അച്ചനുണ്ടായിരുന്നു. ഒന്നുമില്ലാത്തവരെയും ആരുമില്ലാത്തവരെയും ആർക്കും വേണ്ടാത്തവരെയും അച്ചൻ തന്റെ പ്രിയപ്പെട്ടവരാക്കി. അനേകർക്കു വിദ്യാഭ്യാസം, വിവാഹം, ഭവനനിർമാണം, ചികിത്സ എന്നിവയ്ക്കെല്ലാം സഹായങ്ങൾ ചെയ്തിരുന്നു. 'വാങ്ങി വലുതാകാതെ കൊടുത്തു ഇല്ലാതാകുക' അതായിരുന്നു അച്ചന്റെ പൗരോഹിത്യത്തിന്റെ തനിമ.

മറ്റുള്ളവരുടെ ആവശ്യങ്ങൾക്കു ഹൃദയത്തിൽ ഇടം നൽകി. ശത്രുക്കളെയും വിമർശകരെയും അച്ചൻ സ്നേഹിച്ചിരുന്നു. അച്ചന്റെ പ്രവർത്തനങ്ങളൊന്നും സ്വന്തം പ്രശസ്തിക്കും കരഘോഷത്തിനും വേണ്ടിയായിരുന്നില്ല. വ്യക്തിബന്ധങ്ങളിൽ സ്നേഹവും സൗഹൃദവും പുലർത്തിയിരുന്നു. ഭാവനാസമ്പന്നനായ അജപാലകനും നന്മ നിറഞ്ഞ ഒരു തണൽവൃക്ഷവുമായിരുന്നു അച്ചൻ. ധാരാളമാളുകൾ ഈ വൃക്ഷത്തിന്റെ ശീതളച്ഛായയിൽ ഇടം കണ്ടെത്തി. സ്നേഹ

*ശേഷം പേജ് 34ൽ* ➤➤➤

# ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ ചരമശതാബ്ദിയാചരണം

### ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ

**മെയ് 26 തിങ്കൾ**

03.00 pm: പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിൽനിന്നും ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപിതാവിന്റെ കബറിടത്തിലേക്കു തീർഥാടനം

05.00 pm: **പരിശുദ്ധ കുർബാന**, സന്ദേശം: **മാർ തോമസ് പാടിയത്ത്** (സഹായ മെത്രാൻ, ഷംഷാബാദ് രൂപത)

**മെയ് 27 ചൊവ്വ**

03.00 pm: പരിശുദ്ധ കുർബാനയുടെ പരസ്യാരാധന

05.00 pm: **പരിശുദ്ധ കുർബാന**, സന്ദേശം: **മാർ ജോസഫ് പെരുന്തോട്ടം**

**മെയ് 28 ബുധൻ**

02.30 pm: സിംപോസിയം *(മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ)*

05.00 pm: **പരിശുദ്ധ കുർബാന**, സന്ദേശം: **മാർ ജേക്കബ് മുരിക്കൻ**

**മെയ് 29 വ്യാഴം**

03.00 pm: പരിശുദ്ധ കുർബാനയുടെ പരസ്യാരാധന

05.00 pm: **പരിശുദ്ധ കുർബാന**, സന്ദേശം: **മാർ ജോസ് പുളിക്കൽ** (മെത്രാൻ, കാഞ്ഞിരപ്പള്ളി രൂപത)

**മെയ് 30 വെള്ളി**

03.00 pm: പരിശുദ്ധ കുർബാനയുടെ പരസ്യാരാധന

05.00 pm: **പരിശുദ്ധ കുർബാന**, സന്ദേശം: **മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ** (മെത്രാൻ, സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയ)

**മെയ് 31 ശനി**

03.00 pm: പരിശുദ്ധ കുർബാനയുടെ പരസ്യാരാധന

05.00 pm: **പരിശുദ്ധ കുർബാന**, സന്ദേശം: **മാർ ആന്റണി നീലങ്കാവിൽ** (സഹായ മെത്രാൻ, തൃശൂർ അതിരൂപത)

**ജൂൺ 01 ഞായർ**

03.00 pm: പരിശുദ്ധ കുർബാനയുടെ പരസ്യാരാധന

05.00 pm: **പരിശുദ്ധ കുർബാന**, സന്ദേശം: **മാർ അലക്സ് താരാമംഗലം** (സഹായ മെത്രാൻ, മാനന്തവാടി രൂപത)

**ജൂൺ 02 തിങ്കൾ : ചരമശതാബ്ദിദിനം**

06.00 am: **പരിശുദ്ധ കുർബാന**, സന്ദേശം: **മാർ തോമസ് തറയിൽ**

07.30 am: **പരിശുദ്ധ കുർബാന**, സന്ദേശം: **മാർ ജോസഫ് പെരുന്തോട്ടം**

10.30 am **പരിശുദ്ധ കുർബാന**, സന്ദേശം: **കർദിനാൾ മാർ ജോർജ് ആലഞ്ചേരി**

12.00 noon: **പരിശുദ്ധ കുർബാന**, സന്ദേശം: ധന്യൻ മാർ തോമസ് കുര്യാളശ്ശേരി വികാരിയായി ശുശ്രൂഷ ചെയ്ത ചമ്പക്കുളം, എടത്വാ, കാവാലം, ചേന്നങ്കരി പള്ളികളിലെ ബഹു. വികാരിമാർ

12.00 noon: ശ്രാദ്ധം *(മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ)*

02.30 pm: പരിശുദ്ധ കുർബാനയുടെ പരസ്യാരാധന

05.00 pm: **പരിശുദ്ധ കുർബാന**, സന്ദേശം: **ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ** (വികാരി, മെത്രാപ്പോലീത്തൻപള്ളി)

## റിപ്പോർട്ട്

# 26-ാമത് അതിരൂപതാ ബൈബിൾ കൺവെൻഷൻ

## (ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷം)

26-ാമത് അതിരൂപതാ ബൈബിൾ കൺവെൻഷൻ 2025 മാർച്ച് 4 (ബുധൻ) മുതൽ 8 (ശനി) വരെ ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ അങ്കണത്തിൽ നടത്തപ്പെട്ടു. തിരുവനന്തപുരം മൗണ്ട് കാർമൽ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ ഫാ. ഡാനിയൽ പൂവണ്ണത്തിൽ കൺവെൻഷൻ നയിച്ചു.

കൺവെൻഷന്റെ ഒന്നാം ദിവസമായ മാർച്ച് നാലിനു മെത്രാപ്പോലീത്തൻ പള്ളിയുടെ വികാരി ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ കൺവെൻഷൻ പന്തലിന്റെ വെഞ്ചരിപ്പും ബൈബിൾ പ്രതിഷ്ഠയും നടത്തി.

ഓരോ ദിവസവും വിവിധ കോൺഗ്രിഗേഷനുകളിലെ സിസ്റ്റർമാരുടെ നേതൃത്വത്തിൽ ജപമാല, റംശാ എന്നിവയുണ്ടായിരുന്നു. ആദ്യദിവസം കർദിനാൾ മാർ ജോർജ് കൂവക്കാട് കാർമികനായും ബഹു. കൂരിയാംഗങ്ങളും അതിരൂപതാ-സന്യസ്തനവവൈദികരും സഹകാർമികരായി പരിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ ബൈബിൾ കൺവെൻഷന്റെ ഉദ്ഘാടനം നിർവഹിച്ചു സന്ദേശം നൽകി. അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് സ്വാഗതവും ബൈബിൾ കൺവെൻഷൻ ജനറൽ കോഡിനേറ്റർ ഡോ. റൂബിൾ രാജ് നന്ദിയും അറിയിച്ചു. ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലിയുടെ ആപ്തവാക്യമായ 'പ്രത്യാശയുടെ തീർഥാടകർ' *(റോമാ 5:5)* എന്നതായിരുന്നു കൺവെൻഷന്റെ മുഖ്യവിഷയമായി സ്വീകരിച്ചത്. വചനപ്രഘോഷണത്തോടും പരിശുദ്ധ കുർബാനയുടെ ആരാധനയോടുംകൂടി ഒന്നാം ദിവസം സമാപിച്ചു.

മാർച്ച് അഞ്ചിന് അതിരൂപതയുടെ മുൻ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം കാർമികനായും ചങ്ങനാശ്ശേരി-തൃക്കൊടിത്താനം-ചെങ്ങന്നൂർ ഫൊറോനകളിലെ വൈദികർ സഹകാർമികരായും പരിശുദ്ധ കുർബാന അർപ്പിച്ചു. വചനപ്രഘോഷണത്തോടും പരിശുദ്ധ കുർബാനയുടെ ആരാധനയോടുംകൂടി രണ്ടാം ദിവസം സമാപിച്ചു. ജൂബിലി വർഷത്തോടനുബന്ധിച്ച് അനുരഞ്ജനകൂദാശക്കുള്ള ക്രമീകരണം പള്ളിയുടെ ഹാളിൽ ബുധൻ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ (വൈകുന്നേരം 4 മുതൽ 6.30 വരെ) ഒരുക്കിയിരുന്നു.

മാർച്ച് ആറിനു പാലാ രൂപതയുടെ മെത്രാൻ അഭി. മാർ ജോസഫ് കല്ലറങ്ങാട്ട് കാർമികനായും കുറുമ്പനാടം-നെടുങ്കുന്നം-മണിമല ഫൊറോനകളിലെ വൈദികർ സഹകാർമികരായും പരിശുദ്ധ കുർബാനയർപ്പിച്ചു.

മാർച്ച് 7 ഉപവാസദിനമായി ആചരിച്ചു. തക്കല രൂപതയുടെ മെത്രാൻ അഭി. മാർ ജോർജ് രാജേന്ദ്രൻ കാർമികനായും പുളിങ്കുന്ന്-എടത്വാ-ചമ്പക്കുളം- ആലപ്പുഴ-മുഹമ്മ ഫൊറോനകളിലെ വൈദികർ സഹകാർമികരായും പരിശുദ്ധ കുർബാനയർപ്പിച്ചു. വചനപ്രഘോഷണം, ആരാധന, പരീക്ഷയെഴുതുന്ന കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേകപ്രാർഥന എന്നിവയോടെ നാലാം ദിവസത്തെ ശുശ്രൂഷകൾ സമാപിച്ചു.

സമാപനദിവസമായ മാർച്ച് എട്ടിന് ഉച്ചയ്ക്ക് രണ്ടിനു നടത്തപ്പെട്ട സീനിയർ സിറ്റിസൺസ് സംഗമം അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. സീനിയർ സിറ്റിസൺസ് ഫോറം ഡയറക്ടർ ഫാ. തോമസ് പ്ലാപ്പറമ്പിൽ, ഫാ. മാത്യു തുമ്പേച്ചിറയിൽ എന്നിവർ അവർക്കുള്ള കൺവെൻഷൻ നയിച്ചു. അന്നു വൈകുന്നേരം അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ കാർമികനായും കോട്ടയം-അതിരമ്പുഴ-കുടമാളൂർ-തുരുത്തി ഫൊറോനകളിലെ വൈദികർ, ഡിപ്പാർട്ടുമെന്റ് ഡയറക്ടർമാർ എന്നിവർ സഹകാർമികരായും പരിശുദ്ധ കുർബാനയർപ്പിച്ചു. അഭി. തറയിൽ മെത്രാപ്പോലീത്താ സമാപനസന്ദേശം നൽകി. വചനപ്രഘോഷണം, പരിശുദ്ധ കുർബാനയുടെ പ്രദക്ഷിണം എന്നിവ നടത്തപ്പെട്ടു. പ്രദക്ഷിണത്തിനു മെത്രാപ്പോലീത്തൻപള്ളിയുടെ വികാരി ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ നേതൃത്വം നൽകി. ബൈബിൾ അപ്പോസ്തലേറ്റ്-കുടുംബക്കൂട്ടായ്മ വകുപ്പിന്റെ അതിരൂപതാ ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ ഏവർക്കും നന്ദിയറിയിച്ചു.

കൺവെൻഷനു മുമ്പായി 15 ഫൊറോനകളിൽ ഒരുക്ക കൺവെൻഷനുകൾ നടത്തപ്പെട്ടു. എം. എം. ജെറാൾഡ്, ഫാ. ജോർജ് മാന്തുരുത്തിൽ, റ്റോമി ആന്റണി കൈതക്കളം, സി. ചെറുപുഷ്പം എസ്.എ.ബി.എസ്., ജിക്കു ഇണ്ടിപ്പറമ്പിൽ എന്നിവർ കൺവെൻഷനുകൾ നയിച്ചു. ഫൊറോനകളിലെ കെരിഗ്മ കൺവെൻഷന് ഒരുക്കമായി നടത്തപ്പെട്ട ഇടവകസന്ദർശനങ്ങൾക്കു നേതൃത്വമേകിയ ഫൊറോനാ വികാരിമാർ, കുടുംബക്കൂട്ടായ്മയുടെ ഫൊറോനാ ഡയറക്ടർമാർ, ഫൊറോനാ സമിതിയംഗങ്ങൾ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

ബൈബിൾ കൺവെൻഷൻ ഭംഗിയായി ക്രമീകരിക്കുന്നതിനു പിന്തുണയും പ്രോത്സാഹനവും നൽകിയ അഭി. പിതാക്കന്മാർക്കും പെരിയ ബഹു. സിഞ്ചെല്ലൂസ് അച്ചന്മാർക്കും കൺവെൻഷന്റെ പ്രത്യേകചുമതലയുള്ള പെരിയ ബഹു. ആന്റണി എത്തക്കാട് അച്ചനും വൈദികർക്കും സിസ്റ്റർമാർക്കും മാക് ടി.വി. ഭാരവാഹികൾക്കും മറ്റുപ്രവർത്തകർക്കും നന്ദിയറിയിക്കുന്നു. ആഘോഷമായ റംശായ്ക്കും ജപമാലയ്ക്കും നേതൃത്വം നൽകിയ സിസ്റ്റർമാരെ പ്രത്യേകം ഓർക്കുന്നു.

കൺവെൻഷൻ ദിവസങ്ങളിൽ പരിശുദ്ധ കുർബാനയർപ്പണത്തിൽ സഹകാർമികരായിരുന്ന അച്ചന്മാർ, കൺവെൻഷൻ കൺവീനറായിരുന്ന മെത്രാപ്പോ

ലീത്തൻപള്ളിയുടെ വികാരി ജോസഫ് വാണിയപ്പുരയ്ക്കൽ അച്ചൻ, കൊച്ചച്ച ന്മാർ, ജനറൽ കോഡിനേറ്ററായിരുന്ന ഡോ. റൂബിൾ രാജ്, നടത്തുകൈക്കാരൻ ബിനോ പാറക്കടവിൽ, മറ്റു കൈക്കാരന്മാർ, കമ്മിറ്റികളുടെ കൺവീനർമാർ, കമ്മിറ്റികളിലെ അംഗങ്ങൾ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.

മെത്രാപ്പോലീത്തൻപള്ളിയുടെ ഗായകസംഘാംഗങ്ങൾക്കും സഹായിക ളായി പ്രവർത്തിച്ചവർക്കും നന്ദിയറിയിക്കുന്നു. കൺവെൻഷൻ ഭംഗിയാക്കുന്ന തിനു ചെറുതും വലുതുമായ സാമ്പത്തികസഹായങ്ങൾ നൽകിയവർ നിരവധി യാണ്. അവരുടെ നിയോഗങ്ങൾ ദൈവസന്നിധിയിൽ സമർപ്പിച്ചു പ്രാർഥി ക്കുന്നു. വാഹനസൗകര്യങ്ങൾ നൽകി സഹായിച്ച കെ.എസ്.ആർ.റ്റി.സി. (3 എണ്ണം)-പ്രൈവറ്റ് (9 എണ്ണം) ബസുകളുടെ അധികാരികളെയും ചങ്ങനാശ്ശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിളിനെയും വാർഡ് കൗൺസിലർ ബീന ജോബി തൂമ്പുങ്കലിനെയും ഇടവകയിൽനിന്നും സ്വന്തം വാഹനങ്ങളിൽ കൺ വെൻഷൻ നഗറിലേക്ക് ആളുകളെയെത്തിച്ച സുമനസുകളെയും നന്ദിയോടെ ഓർക്കുന്നു. അടുത്തവർഷത്തെ കൺവെൻഷൻ **2026 ഫെബ്രുവരി 17 മുതൽ 22 വരെ**യാണ്. കൺവെൻഷന്റെ വിജയത്തിനായി പ്രത്യേകം പ്രാർഥിച്ചൊരുങ്ങാം.

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്)*

## നിത്യതയിലേക്ക്



**സി. ക്ലെമന്റ് പായിക്കാട്ട്** MLF



**സി. ആലീസ് തോമസ് കിഴക്കേൽ** SH

"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു." *(2 തിമോ. 4:7)*

# റിപ്പോർട്ട് - വൈദികസമ്മേളനം
## (22 ഏപ്രിൽ 2025)

ഈ വർഷത്തെ ആദ്യവൈദികസമ്മേളനം 2025 ഏപ്രിൽ 22 ചൊവ്വാഴ്ച ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ നടത്തപ്പെട്ടു. ദിവംഗതനായ ഫ്രാൻസിസ് മാർപാപ്പായുടെ ആത്മശാന്തിക്കായി വൈദികഗണമൊന്നാകെ, അതിരൂപതാധ്യക്ഷൻ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെ കാർമികത്വത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. സഹകാർമികനായിരുന്ന അഭി. മാർ ജോസഫ് പെരുന്തോട്ടം വചനസന്ദേശവും പരിശുദ്ധ പിതാവിനെക്കുറിച്ച് അനുസ്മരണപ്രഭാഷണവും നടത്തി. പരിശുദ്ധ കുർബാനയ്ക്കുശേഷം പരിശുദ്ധ പിതാവിനും അതിരൂപതാവൈദികകൂട്ടായ്മയിൽനിന്നും കഴിഞ്ഞ വൈദികസമ്മേളനത്തിനുശേഷം മരണമടഞ്ഞ ആയില ബഹു. തോമസ് അച്ചനും സന്യസ്തവൈദികർക്കും സമർപ്പിതർക്കും അല്മായസഹോദരങ്ങൾക്കും വേണ്ടി അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ ഒപ്പീസുചൊല്ലി.

അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് എത്തക്കാട് പെരിയ ബഹു. ആന്റണി അച്ചൻ എല്ലാവരെയും വൈദികസമ്മേളനത്തിലേക്കു സ്വാഗതം ചെയ്തു. മെത്രാഭിഷേകത്തിന്റെ 8-ാം വാർഷികം ആഘോഷിക്കുന്ന അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായ്ക്കു പെരിയ ബഹു. എത്തക്കാട് അച്ചൻ ആശംസകൾ നേർന്നു. അഭി. തറയിൽപിതാവ് അതിരൂപതാധ്യക്ഷനായി മേല്പട്ട ശുശ്രൂഷ ഏറ്റെടുത്തതിനുശേഷമുള്ള ആദ്യത്തെ വൈദികസമ്മേളനം എന്ന പ്രത്യേകത ഈ സമ്മേളനത്തിനുണ്ടെന്ന കാര്യം അച്ചൻ സൂചിപ്പിച്ചു. ദിവംഗതനായ പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പായെ അനുസ്മരിച്ച അച്ചൻ, പരിശുദ്ധ പിതാവു വാക്കുകളും പ്രവർത്തികളും വഴി ലോകത്തെ ഏറെ സ്വാധീനിച്ചെന്ന് അഭിപ്രായപ്പെട്ടു.

അഭി. മാർ ജോർജ് കോച്ചേരിപ്പിതാവിന്റെ സാന്നിധ്യത്തെയും അഭി. പിതാവ് അതിരൂപതയ്ക്കു നൽകുന്ന സഹായസഹകരണങ്ങളെയും അച്ചൻ പ്രത്യേകമായി അനുസ്മരിച്ചു. 80-ാം പിറന്നാളും നാമഹേതുകതിരുനാളും ആഘോഷിക്കുന്ന അഭി. കോച്ചേരിപ്പിതാവിനെ അഭി. തറയിൽ പിതാവു പൊന്നാടയണിയിച്ച് അതിരൂപതാകുടുംബത്തിന്റെ ആദരവും ആശംസകളും നേർന്നു.

ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിന്റെ 100-ാം ചരമവാർഷികാചരണപരിപാടികളിലേക്കു ബഹു. വൈദികരെ സി. അനറ്റ് ചാലങ്ങാടി എസ്.എ.ബി.എസ്. ക്ഷണിച്ചു. കഴിഞ്ഞ വൈദികസമ്മേളനത്തിനുശേഷം അതിരൂപതയിൽ നടത്തപ്പെട്ട അജപാലനപ്രവർത്തനങ്ങളുടെ റിപ്പോർട്ട് മാക് റ്റി.വി.യുടെ നേതൃത്വത്തിൽ ദൃശ്യശ്രാവ്യരൂപേണ അവതരിപ്പിച്ചു.

തിരുസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് മാർപാപ്പായുടെ വേർപാടിൽ അഭി. തറയിൽപിതാവ് അനുശോചനമറിയിച്ചു. പരിശുദ്ധ പിതാവു ലോകത്ത്

എവിടെ യാത്ര പോയാലും വൈകിട്ടു കുറഞ്ഞത് അരമണിക്കൂറെങ്കിലും പരിശുദ്ധ കുർബാനയുടെ ആരാധന നടത്തിയിരുന്നു എന്ന് അഭി. കോച്ചേരിപ്പിതാവു പറഞ്ഞിട്ടുള്ള കാര്യം |അഭി. തറയിൽപിതാവ് ഓർമിച്ചു. ഫ്രാൻസിസ് മാർപാപ്പായ്ക്കു നമ്മുടെ അതിരൂപതയോടും അതിരൂപതാംഗങ്ങളായ അഭി. കർദിനാൾ മാർ ജോർജ് കൂവക്കാട്പിതാവിനോടും അഭി. കോച്ചേരിപ്പിതാവിനോടുമുണ്ടായിരുന്ന പ്രത്യേകസ്നേഹം അഭി. തറയിൽപിതാവു സൂചിപ്പിച്ചു. ഇറ്റാവാ മിഷന്റെ സുവർണ ജൂബിലിയാചരണത്തിന്റെ പശ്ചാത്തലത്തിൽ അവിടെ ശുശ്രൂഷ ചെയ്ത എല്ലാ മിഷണറിമാരെയും അഭി. തറയിൽപിതാവു നന്ദിയോടെ സ്മരിച്ചു.

വൈദികാർഥികളുടെ പരിശീലനത്തിനായി ആത്മീയവും ഭൗതികവുമായി സഹായിക്കാനും സഹകരിക്കാനും സന്നദ്ധരായ അതിരൂപതാംഗങ്ങളായ കുടുംബങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കണമെന്ന് അഭി. തറയിൽപിതാവ് ഓർമിപ്പിച്ചു.

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലിയാചരണത്തിന്റെ ഭാഗമായി കുടുംബങ്ങളെ, പ്രത്യേകിച്ചു കൂടുതൽ കുട്ടികളുള്ള കുടുംബങ്ങളെ പരിഗണിക്കണമെന്നും ഇടവകകളിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ആരംഭിക്കണമെന്നും കുടുംബക്കൂട്ടായ്മകളിൽ പേടകപ്രയാണം, ഇടവകതലത്തിൽ പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിലേക്കുള്ള തീർഥാടനം എന്നിവ നടത്തമെന്നും കരുവള്ളിക്കാട് കുരിശുമലതീർഥാടനത്തിൽ ഇത്തവണ ധാരാള മാളുകൾ പങ്കെടുത്തെന്നും അഭി. തറയിൽപിതാവ് അറിയിച്ചു.

കേരളത്തിൽ ആത്മഹത്യകൾ വർധിക്കുന്നുണ്ടെന്നും പ്രത്യേകിച്ച് ഈ നാളുകളിൽ കുഞ്ഞുങ്ങളെയും കൂട്ടി ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ ഏറെ വേദനിപ്പിക്കുന്നതാണെന്നും ആത്മഹത്യകളുടെ യഥാർഥകാരണങ്ങൾ സംബോധന ചെയ്യപ്പെടുന്നില്ലെന്നും ഭവനസന്ദർശനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതു വഴി കടക്കെണിയിലും മറ്റു വിഷമങ്ങളിലുമായിരിക്കുന്നവർക്കു മാനസികവും ആത്മീയവുമായ പിന്തുണ നൽകണമെന്നും ഭവനരഹിതർക്കായി അതിരൂപതയുടെ നേതൃത്വത്തിൽ 'ലാൻഡ് ബാങ്ക്' പദ്ധതി ആരംഭിക്കുകയാണെന്നും അഭി. തറയിൽപിതാവു സൂചിപ്പിച്ചു.

ഫിയാത്ത് മിഷന്റെ നേതൃത്വത്തിൽ ഏപ്രിൽ 28 മുതൽ മെയ് 4 വരെ ചെത്തിപ്പുഴ ക്രിസ്തു ജ്യോതി ഹയർ സെക്കൻഡറി സ്കൂളിന്റെ ക്യാംപസിൽ നടത്തപ്പെടുന്ന ഗ്രേറ്റ് ഗ്യാതറിങ് ഓഫ് മിഷൻ കോൺഗ്രസിൽ എല്ലാവരും പങ്കെടുക്കണമെന്നും അതിരൂപതയിലെ സമർഥരായ വിദ്യാർഥികളെ പ്രത്യേകം പരിശീലിപ്പിക്കുന്ന APOSTLE പദ്ധതിയെക്കുറിച്ചു പള്ളികളിലറിയിക്കണമെന്നും അതിരൂപതയുടെ സംരംഭങ്ങളെയും പ്രസ്ഥാനങ്ങളെയും സ്വന്തമെന്നു കരുതി വളർത്തണമെന്നും അഭി. തറയിൽപിതാവ് ഓർമിപ്പിച്ചു.

ഷംഷാബാദ് രൂപതയുടെ സിഞ്ചെള്ളൂസും ഒഡീഷ മിഷന്റെ ചുമതലയുമുള്ള ചെറിയമ്പനാട്ട് പെരിയ ബഹു. ജോസഫ് എം.എസ്.റ്റി. അച്ചൻ ഒഡീഷയിലെ പ്രേഷിതപ്രവർത്തനത്തിന്റെ സാധ്യതകളെക്കുറിച്ചു സംസാരിച്ചു.

തൈക്കാട്ടുശേരിൽ ബഹു. തോമസ് അച്ചൻ ഫ്രാൻസിസ് മാർപാപ്പായെ അനുസ്മരിച്ചു ഗാനമാലപിക്കുകയും സദസ് കൾച്ചറൽ അക്കാഡമിയെക്കുറിച്ചു സംസാരിക്കുകയും ചെയ്തു. വള്ളിയാനിപ്പുറം ബഹു. തോമസ് അച്ചൻ രചിച്ച 'പ്രവാചകർ ദൈവികവിപ്ലവത്തിന്റെ തീപ്പന്തങ്ങൾ' എന്ന പുസ്തകം അഭി. തറയിൽപിതാവ് അഭി. കോച്ചേരിപ്പിതാവിന് നൽകി പ്രകാശനം ചെയ്തു. അതിരൂപതാ സിഞ്ചെള്ളൂസ് തെക്കേക്കര പെരിയ ബഹു. ജോൺ അച്ചൻ പുസ്തകം പരിചയപ്പെടുത്തി.

അതിരൂപതാ സിഞ്ചെള്ളൂസ് ചങ്ങങ്കരി പെരിയ ബഹു. മാത്യു അച്ചൻ പ്രതിനിധിയോഗത്തെക്കുറിച്ചും യോഗങ്ങളിൽ ബഹു. വികാരിയച്ചന്മാരുടെ സജീവ പങ്കാളിത്തത്തെക്കുറിച്ചും സംസാരിച്ചു.

അതിരൂപതാ സിഞ്ചെള്ളൂസ് കന്യാകോണിൽ പെരിയ ബഹു. സ്കറിയ അച്ചൻ വൈദികസമ്മേളനത്തിനു നന്ദിപ്രകാശിപ്പിച്ചു.

**ഫാ. ജേക്കബ് പാറയ്ക്കൽ**
*(അതിരൂപതാ വൈസ് ചാൻസലർ)*

❍

---

⋗⋗⋗ ***അനുസ്മരണം തുടർച്ച...***

ത്തിന്റെ പ്രവൃത്തികളിൽ മറ്റുള്ളവരെ സമ്പന്നരാക്കി. സ്നേഹത്തിന്റെ ദൂതു കൈമാറി. വേദനിക്കുന്നവന്റെ കണ്ണുകളിലേക്കു നോക്കി പ്രവർത്തിച്ചു.

ജീവിതം സുവിശേഷമാക്കിയ ബഹു. ആയില അച്ചന്റെ ആത്മാവിനെ നിത്യതയുടെ കൂടാരത്തിൽ ദൈവം സ്വീകരിക്കട്ടെ.

ആയില ബഹു. തോമസ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾ 2025 ഏപ്രിൽ 19നു മണിമല ഹോളി മേജൈ ഫൊറോനാപ്പള്ളിയിൽ അതിരൂപതയുടെ മെത്രാപ്പോലീത്താ മാർ തോമസ് തറയിൽ, മുൻമേലധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം, കാഞ്ഞിരപ്പള്ളി രൂപതയുടെ മുൻമേലധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ എന്നീ അഭി. പിതാക്കന്മാരുടെ കാർമികത്വത്തിൽ നടത്തപ്പെട്ടു.

**ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ**

❍

# പാസ്റ്ററൽ കൗൺസിൽ

**റിപ്പോർട്ട്: പാസ്റ്ററൽ കൗൺസിൽ പൊതുസമ്മേളനം**

പതിനാറാമതു പാസ്റ്ററൽ കൗൺസിലിന്റെ രണ്ടാമത്തെ പൊതു സമ്മേളനം മാർച്ച് എട്ടിനു ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ എം.ബി.എ.യുടെ ഹാളിൽ നടത്തപ്പെട്ടു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിലുള്ള ആദ്യയോഗമായിരുന്നു ഇത്. സി. സോഫി റോസ് സി.എം.സി. നയിച്ച പ്രാർഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് എത്തക്കാട് പെരിയ ബഹു. ആന്റണി അച്ചൻ സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിലിൽ സജീവാംഗങ്ങളായിരിക്കെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ഓണംകുളം ഗ്രിഗറി അച്ചൻ, മുൻ ജോയിന്റ് സെക്രട്ടറി ജോസ് മാത്യു ആനിത്തോട്ടത്തിൽ എന്നിവർക്ക് ആദരാഞ്ജലികളർപ്പിച്ചു.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. രേഖ മാത്യൂസ് റിപ്പോർട്ട് അവതരിപ്പിച്ചു. പതിനാറാം കൗൺസിലിൽ അംഗങ്ങളായിരുന്ന വിവിധ ശുശ്രൂഷാമേഖലകളിൽ കാലാവധി പൂർത്തിയാക്കിയ ബഹു. വൈദികർ, സന്യസ്തർ എന്നിവരെ നന്ദിയോടെ സ്മരിച്ചു. എത്തക്കാട് ആന്റണി, ചങ്ങങ്കരി മാത്യു, തെക്കേക്കര ജോൺ, കന്യാകോണിൽ സ്കറിയ, ആലഞ്ചേരി ഐസക്, പുതുമനമൂഴിയിൽ ജോർജ്, മാളേക്കൽ ആന്റണി എന്നീ പെരിയ ബഹു. വൈദികരെ കൗൺസിലിലേക്കു സ്വാഗതം ചെയ്തു.

സിഞ്ചെല്ലൂസുമാരായിരുന്ന വാണിയപ്പുരയ്ക്കൽ ജോസഫ്, പാലയ്ക്കൽ ജയിംസ്, താനമാവുങ്കൽ വർഗീസ്, പ്രൊക്യുറേറ്ററായിരുന്ന കാരിക്കൊമ്പിൽ ചെറിയാൻ എന്നീ പെരിയ ബഹു. വൈദികരെയും പ്രൊവിൻഷ്യൽ സുപ്പീരിയർമാരായിരുന്ന സി. ആനി പ്രസന്ന സി.എം.സി., സി. ലിസ് മേരി എഫ്.സി.സി., സി. അമല ജോസ് എസ്.എച്ച്. എന്നിവരെയും ദീപിക ദിനപത്രത്തിന്റെ മാനേജിങ് ഡയറക്ടറായി 2023-2025 കാലയളവിൽ സേവനമനുഷ്ഠിച്ച ഫാ. ബെന്നി മുണ്ടനാട്ടിനെയും നന്ദിയോടെ അനുസ്മരിച്ചു.

പുതിയ സുപ്പീരിയർമാരായി തെരഞ്ഞെടുക്കപ്പെട്ട സി. സോഫി റോസ് സി.എം.സി., സി. ബ്രിജി എഫ്.സി.സി., സി. കാതറിൻ എസ്.എച്ച്., സി. അനു കുരിശുമ്മൂട്ടിൽ എ.ഒ. , സി. ലില്ലി ജോസഫ് എം.എം.എസ്. എന്നിവരെ കൗൺസിലിലേക്കു സ്വാഗതം ചെയ്തു. സീറോമലബാർസഭയുടെ ഉന്നതവിദ്യാഭ്യാസ കമ്മിഷൻ സെക്രട്ടറിയായി നിയമിതനായ ഫാ. ജോസഫ് പ്ലാത്തോട്ടം, പബ്ലിക് അഫയേഴ്സ് കമ്മിഷൻ സെക്രട്ടറിയായി നിയമിതനായ ഫാ. ജയിംസ് കൊക്കാവയലിൽ എന്നിവരെ അഭിനന്ദിച്ചു.

തിരുസഭ ഒരു ആത്മീയസമൂഹമാണെന്നും ആത്മീയമായിത്തന്നെ അതെന്നും നിലനിൽക്കണമെന്നും നമ്മുടെ അടിസ്ഥാനലക്ഷ്യമായ

ആത്മരക്ഷ സാധ്യമല്ലാത്ത ഒന്നിനും പ്രസക്തിയില്ലാത്ത സഭാസമൂഹം ഈ ആത്യന്തികലക്ഷ്യത്തിൽനിന്നു വ്യതിചലിക്കാതിരിക്കാൻ ജാഗ്രത എല്ലാവരും പുലർത്തണമെന്നും സമൂഹത്തെയും കുടുംബങ്ങളെയും തകർക്കുന്ന മദ്യ-മയക്കുമരുന്നുവ്യാപനം ഭയപ്പെടുത്തുന്ന യാഥാർഥ്യ മാണെന്നും കുട്ടികളുടെ ലോകത്തിൽ എന്തു നടക്കുന്നു എന്നുപോലും അറിയാൻ നമ്മൾ വൈകിപ്പോകുന്നു എന്നും ക്രൈസ്തവവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വലിയപ്രസക്തി ഇവിടെയാണെന്നും സാമ്പത്തിക വിനിയോഗം എന്തെന്നുപോലും അറിയാത്ത, സാമ്പത്തികമായ അച്ചടക്കം നഷ്ടപ്പെട്ട, കടബാധ്യതയും ആത്മഹത്യയുടെ തോതും വർധിക്കുന്ന ഒരു സമൂഹത്തിൽ ഉയർന്നശ്രദ്ധയും ജാഗ്രതയും പുലർത്തണമെന്നും അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ അധ്യക്ഷപ്രസംഗത്തിൽ ഓർമിപ്പിച്ചു.

മാനവവിഭവശേഷി ധാരാളമുള്ള നമ്മുടെ സമുദായത്തിൽ വിരമിച്ച ഉദ്യോഗസ്ഥർ ബാങ്കിങ്-അധ്യാപനം-കുടുംബക്കൂട്ടായ്മ എന്നിവയിൽ സജീവമാകണമെന്നും പ്രത്യേകസമൂഹങ്ങൾക്കു രൂപം നൽകണമെന്നും നമ്മുടെ അതിരൂപതയിൽ 'സമർപ്പിതകുടുംബങ്ങൾ' രൂപീകരിക്കപ്പെടണ മെന്നും ഇത്തരം കുടുംബങ്ങൾ ഇടവകകളെ നവീകരിക്കുന്ന ചാലക ശക്തിയായി മാറണമെന്നും വിദ്യാഭ്യാസരംഗം മാറ്റങ്ങൾക്കു വിധേയമാകുന്ന ഇക്കാലത്തു സമുദായം ഒന്നിച്ചുനിൽക്കേണ്ടത് അനിവാര്യതയാണെന്നും 80,000 കുടുംബങ്ങൾ ഒന്നിച്ചുനിന്നാൽ നമുക്കു വലിയകാര്യങ്ങൾ ചെയ്യാ നാകുമെന്നും പ്രൈവറ്റ് യൂണിവേഴ്സിറ്റി വെല്ലുവിളി ഉയർത്തുന്നതാ ണെങ്കിലും ആവശ്യമെങ്കിൽ പരിഗണിക്കുമെന്നും ഡിവിഷൻ ഫോൾ പ്രശ്നം, അവശ്യസൗകര്യവർധനവ്, ഭിന്നശേഷിസംവരണപ്രശ്നം തുടങ്ങി യവയൊക്കെ ഇന്നിന്റെ യാഥാർഥ്യങ്ങളാണെന്നും നിശ്ചയദാർഢ്യത്തോടെ ഒരുമിച്ചുമുന്നേറണമെന്നും സഭയ്ക്കു വലിയൊരു ദൗത്യമുണ്ടെന്നുള്ളതു നിരന്തരം ഓർക്കണമെന്നും ഈശോയെയും ക്രിസ്ത്യാനിയെയും ലോകം ഒരിക്കലും സ്നേഹിച്ചിട്ടില്ലെന്നും ദൗത്യബോധത്തോടെയും ധൈര്യത്തോ ടെയും ഒന്നിച്ചുനീങ്ങണമെന്നും തിരുസഭ ഈ ലോകത്തിൽ നന്മയുടെ പ്രകാശഗോപുരമാകണമെന്നും ദൈവത്തിന്റെ ദാനമായ വിശ്വാസത്തിൽ ആഴപ്പെട്ടു നമുക്കേല്പിക്കപ്പെട്ട ദൗത്യനിർവഹണത്തിനു പര്യാപ്തരാക ണമെന്നും അഭി. മെത്രാപ്പോലീത്താ കൂട്ടിച്ചേർത്തു.

*ജൂബിലി 2025, 'കേരള സ്വകാര്യസർവകലാശാല ബിൽ: സാധ്യത കളും വെല്ലുവിളികളും, കർഷകരക്ഷാനസ്രാണിമുന്നേറ്റം: ലക്ഷ്യവും തുടർനടപടികളും* എന്നീ വിഷയങ്ങളിൽ ബൈബിൾ അപ്പോസ്തലേറ്റ്-കുടുംബക്കൂട്ടായ്മ വകുപ്പിന്റെ ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ, പ്രൊഫ. ഡോ. പി. സി. അനിയൻകുഞ്ഞ്, കത്തോലിക്കാകോൺഗ്രസ് അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ എന്നിവർ സെഷനുകൾ

നയിച്ചു. കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസരംഗത്തെ പുത്തൻവെല്ലുവിളികൾ അതിരൂപത ശ്രദ്ധയോടെ വിലയിരുത്തണമെന്നും ഉചിതമായ സമീപനം സ്വീകരിക്കണമെന്നും ഡോ. പി. സി.അനിയൻകുഞ്ഞ് കൂട്ടിച്ചേർത്തു.

*കുട്ടനാടൻജനത അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, മയക്കുമരുന്നു വ്യാപനത്തെക്കുറിച്ചുള്ള ഉത്കണ്ഠ, കമ്മ്യൂണിറ്റി ക്വോട്ട നിർത്തലാക്കൽ* എന്നീ വിഷയങ്ങളിൽ ജോസഫ് കെ. നെല്ലുവേലി, സബീഷ് നെടുംപറമ്പിൽ, ഡോ. ഡൊമിനിക് ജോസഫ് വഴീപ്പറമ്പിൽ എന്നിവർ പ്രമേയങ്ങൾ അവതരിപ്പിച്ചു. പൊതുചർച്ചാവേളയിൽ അവതരിപ്പിക്കപ്പെട്ട വിഷയങ്ങളിലും അതിരൂപതയെ സംബന്ധിക്കുന്ന പൊതുവിഷയങ്ങളിലും ചർച്ച നടത്തപ്പെട്ടു.

അഭി. മെത്രാപ്പോലീത്തായുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്ന വിഷയങ്ങൾ തുടർചർച്ചയ്ക്കും പരിഗണനയ്ക്കുമായി എഴുതിസമർപ്പിക്കണമെന്നും പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ അവതരിപ്പിക്കപ്പെടുന്ന വിഷയങ്ങൾ തുടർന്നുള്ള ഫൊറോനാ കൗൺസിലുകളിലും പാരിഷ് കൗൺസിലുകളിലും ചർച്ചയ്ക്കു വിഷയീഭവിക്കണമെന്നും അഭി. മെത്രാപ്പോലീത്താ നിർദേശിച്ചു. ബിനു കുര്യാക്കോസ് മാസ്റ്റർ ഓഫ് സെറിമണിയായിരുന്ന സമ്മേളനത്തിൽ ജോയിന്റ് സെക്രട്ടറി പ്രൊഫ. പി. വി. ജറോം നന്ദിയർപ്പിച്ചു.

**ഡോ. രേഖ മാത്യൂസ്**
*(സെക്രട്ടറി)*

**പ്രൊഫ. പി. വി. ജറോം**
**ബിജു സെബാസ്റ്റ്യൻ**
*(ജോയിന്റ് സെക്രട്ടറിമാർ)*

# സന്ദേശനിലയം

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

എല്ലാവരും അവധിക്കാലം ആഘോഷിക്കുകയാണ്. വിശ്വാസജീവിതത്തിന് അവധിയില്ലെന്ന കാര്യം ആരും മറന്നുപോകരുത്. കുറച്ചുസമയം ഈശോയ്ക്കായി മാറ്റിവെക്കണം. എല്ലാ ദിവസവും പള്ളിയിൽ പോകാനും പരിശുദ്ധ കുർബാനയിൽ ഭാഗഭാക്കാകാനും കുടുംബപ്രാർഥനയിൽ സജീവമാകാനും ശ്രദ്ധിക്കണം. വചനവായനയിൽ ശ്രദ്ധയൂന്നി പ്രാർഥനാപൂർവം പന്തക്കുസ്താ തിരുനാളിനായി ഒരുങ്ങാം. റൂഹാദ്ക്കുദ്ശാ ആത്മീയവരങ്ങളാൽ നമ്മെ പൂരിതരാക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## അറിയിപ്പുകൾ

**മെയ്**

01 വ്യാഴം : **തൊഴിലാളികളുടെ മധ്യസ്ഥനായ മാർ യൗസേപ്പ്** *(മെയ് ദിനം, ഓഫീസ് അവധി)*, വിശ്വാസപരിശീലകസംഗമം: ചെത്തിപ്പുഴ ക്രിസ്തു ജ്യോതി ക്യാംപസിൽ

05 തിങ്കൾ : സന്ദേശനിലയം സ്ഥാപനദിനം

20 ചൊവ്വ : **അതിരൂപതാദിനം** *(ഓഫീസ് അവധി)*

21 ബുധൻ : ബി.സി.റ്റി. കോഴ്സ് – 2025ലെ ആദ്യ ബാച്ച് ആരംഭം (21–23 തീയതികളിൽ സന്ദേശനിലയത്തിൽ)

24 ശനി : **മതാധ്യാപകനേതൃസംഗമം**

29 വ്യാഴം : **കർത്താവിന്റെ സ്വർഗാരോഹണം** (കടമുള്ള ദിവസം)

31 ശനി : **പാഠപുസ്തകപരിചയപ്പെടുത്തൽ: 12–ാം ക്ലാസ്സ് അധ്യാപകർക്ക്**

**ജൂൺ**

01 ഞായർ : **ഇടവകതലവിശ്വാസപരിശീലന ക്ലാസ്സ് ആരംഭം**

08 ഞായർ : പന്തക്കുസ്താ തിരുനാൾ, ശ്ലീഹാ ഒന്നാം ഞായർ, അതിരൂപതാ മതബോധനദിനം, **അതിരൂപതാതലവിശ്വാസപരിശീലനവർഷ ഉദ്ഘാടനം**

### ബി.സി.റ്റി കോഴ്സ്

വിശ്വാസപരിശീലനശുശ്രൂഷയ്ക്ക് ഏറ്റം അവശ്യമായ അടിസ്ഥാനബോധ്യങ്ങൾ നൽകുന്ന ബി.സി.റ്റി. കോഴ്സിന്റെ 2025ലെ ആദ്യ ബാച്ച് **മെയ് 21–23** തീയതികളിൽ സന്ദേശനിലയത്തിൽ *രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ* നടത്തപ്പെടുന്നതാണ്. ഇതുവരെയും ബി.സി.റ്റി. കോഴ്സിൽ പങ്കെടുക്കാത്ത അധ്യാപകർ ഇതിൽ പങ്കെടുക്കണമെന്നു പ്രത്യേകം ഓർമിപ്പിക്കുന്നു. *മെയ് 12 മുതൽ* Ecos@sandesലൂടെ കോഴ്സിന് അപേക്ഷ സമർപ്പിക്കേണ്ടതും 500 രൂപ *മെയ് 17നു മുമ്പായി* ഗൂഗിൾ പേ വഴി രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

**മതാധ്യാപകനേതൃസംഗമം**

ഈ വർഷത്തെ മതാധ്യാപകനേതൃസംഗമം **മെയ് 24** *രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1.30 വരെ* അതിരൂപതാകേന്ദ്രത്തിലെ മാർ ജയിംസ് കാളാശ്ശേരി മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപയാണ്. പ്രസ്തുതസമ്മേളനത്തിൽ സൺഡേ സ്കൂൾ ഫൊറോനാ ഓർഗനൈസർമാർ, സെക്രട്ടറിമാർ, എ.സി.സി. അംഗ ങ്ങൾ, ഓരോ സൺഡേസ്കൂളിൽനിന്നുമുള്ള ഹെഡ്മാസ്റ്റർ, സ്റ്റാഫ് സെക്രട്ടറി, സി.ആർ.റ്റി. അംഗങ്ങൾ, സി.എൽ.റ്റി. ഡിപ്ലോമയ്ക്ക് അർഹരായവർ എന്നിവർ പങ്കെടുക്കേണ്ടതാണ്.

**പാഠപുസ്തകപരിചയപ്പെടുത്തൽ: 12-ാം ക്ലാസ്സ് അധ്യാപകർക്ക്**

12-ാം ക്ലാസ്സിലെ പരിഷ്കരിച്ച പാഠപുസ്തകത്തിന്റെ പരിചയപ്പെടുത്തൽ **മെയ് 31** *രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ* സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതാണ്. ഹയർ കോഴ്സിൽ പഠിപ്പിക്കുന്ന അധ്യാപകർ ഇതിൽ പങ്കെടുക്കാൻ ശ്രദ്ധിക്കണം. രജിസ്ട്രേഷൻ ഫീസ് 150 രൂപയാണ്. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**എക്കോസ്@സന്ദേശ്**

എല്ലാ ക്ലാസ്സുകളിലെയും വിശ്വാസോത്സവത്തിന്റെ സ്കോറും ഹാജറും ecosൽ എന്റർ ചെയ്തിട്ടുണ്ടെങ്കിൽ പ്രമോഷൻ ലിസ്റ്റ് എളുപ്പത്തിൽ തയ്യാറാ ക്കുന്നതിനു സഹായകമാകും. ecosലെ എന്റർ ചെയ്യേണ്ട ഡേറ്റകൾ കൃത്യമായി രേഖപ്പെടുത്തിയാൽ മാത്രമേ ആവശ്യമായ (10, 12 ക്ലാസ്സുകളിലേതുൾപ്പെടെ) സർട്ടിഫിക്കറ്റുകൾ സന്ദേശനിലയത്തിൽനിന്നും നൽകാനാകൂ എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

**10, 12 ക്ലാസ്സുകളിലെ സൺഡേസ്കൂൾ കുട്ടികളുടെ സർട്ടിഫിക്കറ്റ്**

10, 12 ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനാവശ്യമായ രേഖകൾ സന്ദേശനിലയത്തിൽ സമർപ്പിച്ചുകഴിഞ്ഞാൽ വെരിഫൈ ചെയ്ത് 10 ദിവസത്തിനുശേഷം മാത്രമേ സർട്ടിഫിക്കറ്റുകൾ പ്രിന്റ് ചെയ്ത് തിരികെ ലഭിക്കുകയുള്ളൂ. തിരക്ക് ഒഴിവാക്കുന്നതിനു മുൻകൂട്ടിയുള്ള ക്രമീകരണങ്ങൾ നടത്താൻ ശ്രദ്ധിക്കുമല്ലോ. സൺഡേസ്കൂളുകളുടെ പൂർണമായ ഉത്തരവാദി ത്വത്തിലേ സന്ദേശനിലയത്തിൽനിന്നും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യു കയുള്ളൂ. കുട്ടികളോ അവരുടെ മാതാപിതാക്കളോ മുഖേന സർട്ടിഫിക്കറ്റുകൾ നൽകുകയില്ല എന്ന കാര്യം പ്രത്യേകം ഓർമിപ്പിക്കുന്നു *(കൂടുതൽ വിവര ങ്ങൾ 2024-2025ലെ മതബോധന കലണ്ടർ 27-28 പേജുകളിൽ നൽകിയിട്ടുണ്ട്).*

**കാറ്റക്കെറ്റിക്കൽ ഫൊറോനാ കമ്മിറ്റി**

പുതിയ അധ്യയനവർഷം ആരംഭിക്കുന്നതിനു മുമ്പായി മെയ് മാസത്തിന്റെ തുടക്കത്തിൽതന്നെ അതിരൂപതാ റ്റീമംഗങ്ങൾ ഫൊറോനാസന്ദർശനം നടത്തുകയും വരുംവർഷത്തെ പ്രവർത്തനപരിപാടികൾ ചർച്ച ചെയ്യുകയും മാർഗനിർദേശങ്ങൾ നൽകുകയും ചെയ്യുന്നതാണ്. സി.എഫ്.സി. മീറ്റിങ്ങുക ളിൽ സൺഡേസ്കൂൾ ഫൊറോനാ ഓർഗനൈസർ, സെക്രട്ടറി, സി.ആർ.റ്റി. അംഗങ്ങൾ, ഹെഡ്മാസ്റ്റർമാർ, സ്റ്റാഫ് സെക്രട്ടറിമാർ, ഓഫീസ് സെക്രട്ടറിമാർ,

മിഷൻലീഗിന്റെ മേഖലാ ഡയറക്ടർ, മേഖലാ ജോയിന്റ് ഡയറക്ടർമാർ, മേഖലാ ഭാരവാഹികൾ എന്നിവർ നിർബന്ധമായി പങ്കെടുക്കേണ്ടതാണ്. മീറ്റിങ്ങുകളുടെ സമയവിവരങ്ങൾ ഫൊറോനാ സെക്രട്ടറിമാരെ അറിയിക്കുന്നതാണ്.

**സമ്പൂർണ ഹാജറിന് അവാർഡ്**

സൺഡേസ്കൂളിൽ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ 100% ഹാജറുള്ള കുട്ടികൾക്കു സന്ദേശനിലയം ഏർപ്പെടുത്തിയിരിക്കുന്ന അവാർഡാണിത്. ഇതിനർഹരായ കുട്ടികളുടെ ഹാജർബുക്കുകളും വികാരിയച്ചന്മാരുടെ സാക്ഷ്യപത്രങ്ങളും **മെയ് പതിനഞ്ചിനകം** സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്.

**പ്രത്യേകശ്രദ്ധയ്ക്ക്**

- ✦ സൺഡേസ്കൂളിലെ പ്രധാനാധ്യാപകരുടെ നിലവിലുള്ള ഫോൺ നമ്പറുകളിൽ മാറ്റമുണ്ടെങ്കിൽ / പുതുതായി നിയമിക്കപ്പെവരാണെങ്കിൽ അവരുടെ വാട്സ്ആപ്പ് നമ്പർ **മെയ് മൂന്നിനകം** സന്ദേശനിലയത്തിൽ അറിയിക്കേണ്ടതാണ്.
- ✦ കാറ്റക്കെറ്റിക്കൽ റിസോഴ്സ് റ്റീമിൽ (സി.അർ.റ്റി) അംഗങ്ങളായ ആർക്കെങ്കിലും 2025-2026 വിശ്വാസപരിശീലനവർഷം വിസിറ്റിനു പോകാൻ തടസം ഉണ്ടെങ്കിൽ ആ വിവരം ഫൊറോനാ കോഡിനേറ്റർ മുഖേനയോ നേരിട്ടോ **മെയ് അഞ്ചിനു മുമ്പായി** സന്ദേശനിലയത്തിൽ അറിയിക്കേണ്ടതാണ്. മറ്റംഗങ്ങളുടെ വാട്സ്ആപ്പ് നമ്പറിൽ മാറ്റമുണ്ടെങ്കിൽ **9496413392** എന്ന നമ്പറിൽ അറിയിക്കണം.
- ✦ പുതിയ അധ്യയനവർഷത്തേക്കുള്ള പാഠപുസ്തകങ്ങളും വർക്കുബുക്കുകളും **മെയ് 20നു ശേഷം** സന്ദേശനിലയത്തിൽനിന്നും ലഭ്യമാകുന്നതാണ്.

**ആദരാഞ്ജലികൾ**

തകഴി സൺഡേസ്കൂൾ വിദ്യാർഥി എഡ്വിൻ ലിജോയുടെയും കാവാലം ലിസ്യൂ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ജോർജ് തോമസിന്റെ മാതാവിന്റെയും തിരുവനന്തപുരം സൺഡേസ്കൂൾ അധ്യാപകൻ ജേക്കബ് നിക്കോളാസിന്റെ മാതാവിന്റെയും കരുവാറ്റ സൺഡേസ്കൂൾ അധ്യാപിക സുഗന്ധി ഗിബിയുടെ പിതാവിന്റെയും തുരുത്തി സൺഡേസ്കൂൾ അധ്യാപിക സിനി കളപ്പുരയ്ക്കലിന്റെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം-മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

❍

# ചെറുപുഷ്പ മിഷൻലീഗ്
## (CML)

സ്നേഹംനിറഞ്ഞ കുഞ്ഞുമിഷണറിമാരേ,

വിശ്വാസോത്സവവും ഉയിർപ്പുതിരുനാളുമെല്ലാം കഴിഞ്ഞു നാം അവധിക്കാലത്തിലാണ്. നമ്മുടെ സംഘടനാപ്രവർത്തനങ്ങൾക്ക് ഒരവധിയുമില്ല. ഡിജിറ്റൽ മീഡിയ അധികം ഉപയോഗിച്ചു സമയം പാഴാക്കരുത്. സാധിക്കുന്ന ദിവസങ്ങളിൽ പരിശുദ്ധ കുർബാനയിൽ പങ്കെടുത്തും മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും കൂട്ടുകാർക്കും നന്മ ചെയ്തും ഈ അവധിക്കാലം ചെലവഴിക്കാം. അടുത്ത പ്രവർത്തനവർഷത്തെ കൂടുതൽ തീക്ഷ്ണതയോടെ വരവേൽക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**മെയ്**

01 വ്യാഴം : **തൊഴിലാളികളുടെ മധ്യസ്ഥനായ മാർ യൗസേപ്പ്** *(മെയ് ദിനം, ഓഫീസ് അവധി)*

19 തിങ്കൾ : **അതിരൂപതാദിനത്തിനു മുന്നോടിയായുള്ള ദീപശിഖാപ്രയാണം**

20 ചൊവ്വ : അതിരൂപതാദിനം *(ഓഫീസ് അവധി)*

**ജൂൺ**

02 തിങ്കൾ : ചരമശതാബ്ദി: ധന്യൻ മാർ തോമസ് കുര്യാളശ്ശേരി

07 ശനി : മാർത്ത് മറിയം ത്രേസ്യാ (ജൂൺ 8)

14 ശനി : **അതിരൂപതാതലപ്രവർത്തനവർഷോദ്ഘാടനം**

### ജൂബിലി വർഷാചരണം

ജൂബിലി വർഷത്തിൽ 'പ്രത്യാശയുടെ തീർഥാടകർ' എന്ന നിലയിൽ ഉയിർപ്പുകാലത്തു താഴെപ്പറയുന്ന കാര്യങ്ങൾ ക്രമീകരിക്കാൻ സൺഡേസ്കൂളിന്റെയും മിഷൻലീഗിന്റെയും അഭിമുഖ്യത്തിൽ വിശ്വാസപരിശീലകർ ശ്രദ്ധിക്കണം.

1. ഭവനത്തിലോ ആശുപത്രികളിലോ കഴിയുന്ന രോഗികളെയും ശാരീരികബുദ്ധിമുട്ട് അനുഭവിക്കുന്നവരെയും സന്ദർശിച്ച് അവർക്കു പ്രത്യാശ നൽകുന്നവരാകാം.
2. രോഗീസന്ദർശനത്തിനായി നിശ്ചിതസമയം മാറ്റിവെക്കാം. അവർക്കുവേണ്ടി പ്രാർഥിക്കാം.
3. ഉയിർപ്പുകാലത്ത് 'ബൈബിൾ വേഴ്സ് ബോക്സിൽ' നിക്ഷേപിക്കാനായി കണ്ടെത്തേണ്ടതു സൗഖ്യദായകമായ തിരുവചനങ്ങളായിരിക്കണം.

### തിരുവചനവഴികളിലൂടെ

ഈ പ്രാർഥനായജ്ഞത്തിൽ പങ്കെടുത്ത കുഞ്ഞുമിഷണറിമാരുടെ ബുക്കുകൾ ശാഖയിലെ ജോയിന്റ് ഡയറക്ടർമാർ ശേഖരിച്ച് ഏറ്റവും നന്നായി എഴുതിയ

ഒരു ബുക്ക് മിഷൻലീഗിന്റെ അതിരൂപതാ ഓഫീസിൽ **മെയ് മുപ്പതിനകം** സമർപ്പിക്കേണ്ടതാണ്.

### കൈത്താങ്ങ്

2024ൽ ശാഖാതലത്തിൽ നടത്തിയതുപോലെ, സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി നോട്ടുബുക്ക്, ബാഗ്, കുട, മറ്റു പഠനോപകരണങ്ങൾ എന്നിവ ഒന്നോ രണ്ടോ കൂടുതൽ വാങ്ങിക്കാൻ കുട്ടികളെ അറിയിക്കുകയും ഇടവക യിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുന്നതിനു മെയ് അവസാനഞായറാഴ്ച പഠനോപകരണങ്ങൾ ശാഖകളിൽ ശേഖരിച്ചു ഡയറക്ടർ അച്ചൻ, ജോയിന്റ് ഡയറക്ടർമാർ, ഓർഗനൈസർമാർ എന്നിവരുടെ നേതൃത്വത്തിൽ അർഹതപ്പെട്ടവർക്കു നൽകുന്നത് ഉചിതമാണ്.

### എയ്ഞ്ചൽസ് മീറ്റ്

ആഘോഷമായി പരിശുദ്ധ കുർബാന സ്വീകരിച്ച കുഞ്ഞുങ്ങളുടെ സംഗമം- 'എയ്ഞ്ചൽസ് മീറ്റ്' മേഖലകളിൽ ഈ വർഷവും നടത്തണമെന്ന് ഓർമിപ്പിക്കുന്നു. ഓരോ മേഖലയിലും ഇതു നടത്തപ്പെടുന്ന തീയതികൾ മിഷൻലീഗിന്റെ അതി രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

### അതിരൂപതാതലപ്രവർത്തനവർഷോദ്ഘാടനം

അതിരൂപതാതലപ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനം **ജൂൺ 14** രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ നടത്തപ്പെടുന്നതാണ്. അതിരൂപത-മേഖല-ശാഖാ എക്സിക്യൂട്ടീവ് അംഗങ്ങൾ, ഡയറക്ടർമാർ, ജോയിന്റ് ഡയറക്ടർമാർ, ഓർഗ നൈസർമാർ എന്നിവർ ഇതിൽ പങ്കെടുക്കേണ്ടതാണ്.

### വാർഷിക റിപ്പോർട്ട്

2024-2025 പ്രവർത്തനവർഷത്തെ വിശദമായ വാർഷിക റിപ്പോർട്ട് തയ്യാറാ ക്കാൻ ശ്രദ്ധിക്കേണ്ടതാണ്. റിപ്പോർട്ടിന്റെ ഫോം മെയ് പകുതിയോടെ നൽകു ന്നതാണ്.

### അതിരൂപതാവിഹിതം

മിഷൻലീഗിന്റെ അതിരൂപതാ ഓഫീസിൽ അടയ്ക്കേണ്ട വിഹിതങ്ങളുടെ കുടിശികയുള്ളവർ **മെയ് മുപ്പതിനു മുമ്പായി** നൽകാൻ ശ്രദ്ധിക്കണം.


ജൂബിലി വർഷത്തിൽ
ബൈബിൾ അപ്പോസ്തലേറ്റ് -
കുടുംബക്കൂട്ടായ്മ
എന്നിവയുടെ ആഭിമുഖ്യത്തിൽ
JUBILEE 2025
PILGRIMS OF HOPE
ഇടവകനവീകരണ
ബിബ്ലിക്കൽ
റിട്രീറ്റ്
ധ്യാനം നയിക്കുന്നത്
ഫാ. മാണി പുതിയിടം
ഫാ. ജോർജ്
മാന്തുരുത്തിൽ
& റ്റീം
ഞായർ മുതൽ
ബുധൻ വരെ
(or 4 ദിവസങ്ങൾ;
വൈകുന്നേരം
4.30 മുതൽ
8.45 വരെ)
പരിശുദ്ധ കുർബാന
വചനപ്രഘോഷണം
പ്രെയ്സ് & വർഷിപ്പ്, ഗാനശുശ്രൂഷ
കൗൺസെലിങ്
മാധ്യസ്ഥപ്രാർഥന
അനുരഞ്ജനശുശ്രൂഷ
പരിശുദ്ധ കുർബാനയുടെ ആരാധന
കുടുംബസമർപ്പണശുശ്രൂഷ
സ്നേഹവിരുന്ന്
ബുക്കിങ്ങിനായി വിളിക്കുക:
7306208356, 9961369380

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

ഏപ്രിൽ ആറിനു നടത്തപ്പെട്ട നൂറുമേനി ഇടവകതലമത്സരം ഭംഗിയാക്കാൻ സഹകരിച്ച വികാരിയച്ചൻമാർ, ഫൊറോനാ ഡയറക്ടമാർ, ആനിമേറ്റർ സിസ്റ്റർമാർ, ഫൊറോനാസമിതിയംഗങ്ങൾ, ഹെഡ്മാസ്റ്റർമാർ, നൂറുമേനി കോഡിനേറ്റർമാർ, കുടുംബക്കൂട്ടായ്മ ലീഡർമാർ എന്നിവരെ നന്ദിയോടെ ഓർക്കുന്നു. ഫൊറോനാതലമത്സരം (കുടുംബമായി) മെയ് 11 ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയാണു ക്രമീകരിച്ചിരിക്കുന്നത്.

ഇടവകതലമത്സരത്തിൽ വ്യക്തിപരമായി 75 മാർക്ക് ലഭിച്ചവർക്കു തങ്ങളുടെ കുടുംബത്തിൽനിന്നും ഒന്നോ രണ്ടോ ആളുകളെ ചേർത്തു റ്റീമായി ഫൊറോനയിൽ മത്സരിക്കാവുന്നതാണ്. കൂടാതെ, ഇടവകതലമത്സരത്തിൽ ഒരു കുടുംബത്തിൽനിന്നും മത്സരിച്ചവരുടെ ആകെ മാർക്ക് 150 ലഭിച്ചാൽ അവർക്കും കുടുംബമായി മത്സരിക്കാൻ കഴിയുന്നതാണ്. മുമ്പ് അറിയിച്ചിരുന്നതുപോലെ ഇടവകതലമത്സരം ഒബ്ജക്റ്റീവ് രീതിയിലാണ്. 100 ചോദ്യങ്ങളുടെ പേപ്പർ കിട്ടിയശേഷം കുടുംബത്തിലെ അംഗങ്ങൾ ഒന്നിച്ചാലോചിച്ച് ഉത്തരങ്ങൾ എഴുതാവുന്നതാണ്.

സൺഡേസ്കൂൾ കുട്ടികൾക്കു സങ്കീർത്തനം 119 മനഃപാഠമാക്കി എഴുതുന്നതിനും പറയുന്നതിനുമുള്ള സമയം മെയ് 31 വരെ നീട്ടിരിക്കുകയാണ്. കുട്ടികൾ സങ്കീർത്തനം 119 പഠിച്ച് 2000 രൂപ ക്യാഷ് അവാർഡും അതിരൂപതയിൽനിന്നുള്ള മെഗാസമ്മാനവും കരസ്ഥമാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

ബൈബിൾ കോഴ്സിന്റെ മൂന്നാം ബാച്ച് പൂർത്തിയാക്കിയവർക്കു മെയ് 22ന് അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. ക്ലാസ്സ് നോട്ടുകൾ ഇനിയും നൽകാനുള്ളവർ മെയ് പത്തിനകം ഏല്പിക്കേണ്ടതാണ്. ലോഗോസ് ക്വിസ് 2024 അതിരൂപതാമത്സരവിജയികൾക്കു മെയ് 22നു ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുന്നതാണ്.

പ്രാർഥനയോടെ,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**നൂറുമേനി: ഓൺലൈൻ രജിസ്ട്രേഷൻ ഉടൻ പൂർത്തിയാക്കുക**

നൂറുമേനിമത്സരത്തിൽ പങ്കെടുത്ത എല്ലാവരുടെയും പേരുവിവരങ്ങളും ലഭിച്ച മാർക്കും നൂറുമേനി സൈറ്റിൽ ഉടൻതന്നെ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഉണ്ണീശോയ്ക്കുള്ള ജൂബിലി സമ്മാനമായി ഒരുലക്ഷമാളുകളെ മിനിമം 10 വചനങ്ങളെങ്കിലും പഠിപ്പിക്കണമെന്നതാണ് ഈ വർഷത്തെ പ്രാർഥനാനിയോഗം. ആ ലക്ഷ്യം നേടാൻ വൈദികരുടെയും സമർപ്പിതരുടെയും കുടുംബക്കൂട്ടായ്മ ലീഡർമാരുടെയും മതാധ്യാപകരുടെയും നേതൃത്വം ഒരിക്കൽക്കൂടി അഭ്യർഥിക്കുന്നു.

**ഇടവകതലമത്സരത്തിൽ പങ്കെടുത്തവരുടെ വിശദവിവരങ്ങൾ**

***എ കാറ്റഗറി (തിരുബാലസഖ്യം മുതൽ 4 വരെ ക്ലാസ്സുകൾ)***

ഈ കുട്ടികൾ 30 വചനങ്ങൾ മനഃപാഠമാക്കി പറയുന്ന വീഡിയോ നൽകേണ്ടതാണ്.

***ബി കാറ്റഗറി (5 മുതൽ 7 വരെ ക്ലാസ്സുകൾ)***

75 വചനങ്ങൾ എഴുതിയ ഉത്തരപേപ്പറുകൾ

***സി-എഫ് കാറ്റഗറികൾ***

100 വചനങ്ങൾ എഴുതിയ ഉത്തരപേപ്പറുകൾ

എന്നിവ **മെയ് അഞ്ചിനകം** കുടുംബക്കൂട്ടായ്മയുടെ അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**ജൂബിലി സമ്മാനമായി ഒരുലക്ഷമാളുകളെ നൂറുമേനി വചനപഠനത്തിൽ പങ്കുകാരാക്കുക**

നൂറുമേനിമത്സരത്തിലെ എല്ലാ വിഭാഗങ്ങളിലുള്ളവരെയും മിനിമം 10 വചനങ്ങളെങ്കിലും പഠിപ്പിക്കാനുള്ള ലക്ഷ്യം തുടരേണ്ടതാണ്. മെയ് 31നു മുമ്പു പരമാവധിയാളുകളെ 10 വചനങ്ങൾ പഠിപ്പിച്ച് ഈ ലക്ഷ്യം നേടാൻ ശ്രമിക്കണം.

**നൂറുമേനി ഫൊറോനാതലമത്സരം**

**മെയ് 11** ഫൊറോനാകേന്ദ്രങ്ങളിൽ. ഉച്ചകഴിഞ്ഞ് 1.30നു രജിസ്ട്രേഷൻ, ഉദ്ഘാടനം. മത്സരസമയം: 2 മുതൽ 4 വരെ

***പങ്കെടുക്കാൻ അർഹത ലഭിക്കുന്നവർ***

1. വ്യക്തിപരമായി 75 മാർക്കും അതിൽ കൂടുതലും ലഭിക്കുന്നവർ. ഇവർക്കു സ്വഭവനത്തിൽനിന്ന് ഒന്നോ രണ്ടോ ആളുകളെ ചേർത്തു റ്റീമായി മത്സരിക്കാവുന്നതാണ്. അങ്ങനെ ചേർക്കപ്പെടുന്നവർ ഇടവകതലമത്സരത്തിൽ പങ്കെടുക്കണമെന്നു നിർബന്ധമില്ല.
2. കുടുംബമായി 150 മാർക്കോ അതിലധികമോ ലഭിക്കുന്നവർ
3. ഒരു ഭവനത്തിൽനിന്ന് എത്ര റ്റീമുകൾക്കു വേണമെങ്കിലും മത്സരിക്കാവുന്നതാണ്.

**സങ്കീർത്തനം 119**

സങ്കീർത്തനം 119 മനഃപാഠമാക്കുന്ന തിരുബാലസഖ്യം മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് 2000 രൂപ സമ്മാനമായി ലഭിക്കുന്നു. വീഡിയോ മുഖേനയോ എഴുതിയോ മനഃപാഠവാക്യം നൽകാവുന്നതാണ്.

**മത്സരക്രമീകരണം**

ലോഗോസ് മാതൃകയിൽ 100 ചോദ്യങ്ങളടങ്ങിയ ഒബ്ജക്റ്റീവ് ടൈപ്പ് രീതിയിലാണു മത്സരം. ഒരു റ്റീമിന് ഒരു ചോദ്യ പേപ്പർ മാത്രമേ നൽകുകയുള്ളൂ. റ്റീമിലെ അംഗങ്ങൾ ഒന്നുചേർന്നാലോചിച്ച് ഉത്തരം എഴുതാവുന്നതാണ്.

60% ചോദ്യങ്ങൾ നൂറുമേനി പുസ്തകത്തിൽ നൽകിയിരിക്കുന്ന റോമാ ലേഖനം മുതൽ വെളിപാട് വരെയുള്ള ഭാഗങ്ങളിൽനിന്നും 20% ചോദ്യങ്ങൾ 119-ാം സങ്കീർത്തനത്തിൽനിന്നും 20% ചോദ്യങ്ങൾ യാക്കോബ് ശ്ലീഹായുടെ ലേഖനത്തിൽനിന്നുമാണ്.

50 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്നവർക്കു നൂറുമേനി സർട്ടിഫി ക്കറ്റും 60% മാർക്ക് ലഭിക്കുന്ന കുടുംബങ്ങൾക്കു നൂറുമേനി മെഗാസമ്മാനവും നൽകുന്നതാണ്.

### റീജൻ തല മത്സരം

നൂറുമേനി റീജൻ തല മത്സരം **ജൂൺ എട്ടിനു** നടത്തപ്പെടുന്നതാണ്. ഫൊറോനാ തലത്തിൽ ആദ്യ മൂന്നുസ്ഥാനങ്ങൾ ലഭിക്കുന്ന റ്റീമുകൾക്ക് ഈ മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യത ലഭിക്കുന്നതാണ്.

### സർട്ടിഫിക്കറ്റ് വിതരണം

2024-2025 വർഷത്തിൽ ഏകവത്സര ബൈബിൾ കോഴ്സ് പൂർത്തിയാക്കിയ വർക്കുള്ള സർട്ടിഫിക്കറ്റുകൾ **മെയ് 22** രാവിലെ 10ന് അതിരൂപതാകേന്ദ്രത്തിലെ മാർതോമാവിദ്യാനികേതന്റെ ഹാളിൽ അഭി. മാർ തോമസ് തറയിൽ മെത്രാ പ്പോലീത്താ നൽകുന്നതാണ്. ക്ലാസ്സ് നോട്ടുകൾ ഇനിയും നൽകാനുള്ളവർ *മെയ് പത്തിനകം* ബൈബിൾ അപ്പോസ്തലേറ്റിന്റെ അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

### ലോഗോസ് ക്വിസ് 2024

ലോഗോസ് ക്വിസ് 2024 മത്സരത്തിൽ വിവിധ കാറ്റഗറികളിൽ ആദ്യ മൂന്നു സ്ഥാനങ്ങൾ നേടിയവർക്കുള്ള ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും **മെയ് 22** രാവിലെ 10ന് അതിരൂപതാകേന്ദ്രത്തിലെ മാർതോമാവിദ്യാനികേതന്റെ ഹാളിൽ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ നൽകുന്നതാണ്. ലോഗോസ് മത്സരപങ്കാളിത്തത്തിൽ സമ്മാനാർഹരായ ഇടവകൾക്കും അന്നേ ദിവസം സമ്മാനങ്ങൾ ലഭിക്കുന്നതാണ്.

### ഫിയാത്ത് മിഷൻ

ഫിയാത്ത് മിഷന്റെ നേതൃത്വത്തിലുള്ള ആറാമതു ഗ്രേറ്റ് ഗ്യാതറിങ് ഓഫ് മിഷൻ കോൺഗ്രസ് ഈ വർഷം ചെത്തിപ്പുഴ ക്രിസ്തു ജ്യോതി ഹയർ സെക്കൻ ഡറി സ്കൂൾ ക്യാംപസിൽ ഏപ്രിൽ 28 മുതൽ മെയ് 4 വരെ നടത്തപ്പെടുകയാണ്. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ 2025 ഏപ്രിൽ മാസത്തിലെ സർക്കുലറിൽ സൂചിപ്പിച്ചതുപോലെ അതിരൂപതയിലെ ഇടവകകളിൽനിന്നു സൺഡേസ്കൂൾ കുട്ടികളും കുടുംബക്കൂട്ടായ്മയുടെ അടിസ്ഥാനത്തിലും ഈ ദിവസങ്ങളിലെ എക്സിബിഷൻ വന്നു കാണണമെന്ന് ഓർമിപ്പിക്കുന്നു.

ഇൻഡ്യയിൽനിന്നും വിദേശത്തുനിന്നുമായി അമ്പതോളം ബിഷപ്പുമാർ ഇതിൽ പങ്കെടുക്കുകയും നേതൃത്വം നൽകുകയും ചെയ്യുന്നതാണ്. അഭി. പിതാക്ക ന്മാരുടെ കാർമികത്വത്തിൽ പരിശുദ്ധ കുർബാന, 24 മണിക്കൂർ പരിശുദ്ധ കുർബാ നയുടെ ആരാധന, മിഷൻ എക്സിബിഷൻ *(രാവിലെ 10 മുതൽ വൈകുന്നേരം 7 വരെ)* കാർലോ പരിശുദ്ധ കുർബാനയുടെ എക്സിബിഷൻ, കാർലോ ക്വിസ്സ്, ക്രിസ്റ്റ്യൻ സംഗീതനിശ *(വൈകുന്നരം 7.30)*, മിഷൻ സിനിമകൾ എന്നിവയുണ്ടാ യിരിക്കുന്നതാണ്.

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോമ്ശിഹായിൽ പ്രിയരേ,

ഉത്ഥാനപ്രത്യാശയുടെ ആരാധനക്രമപരമായ കാലയളവിലൂടെ നാം കടന്നു പോകുകയാണ്. ഈശോമ്ശിഹായിലുള്ള പ്രത്യാശയുടെ പ്രഘോഷകനും പ്രചാരകനുമായി മാനവചരിത്രത്തിന്റെ സമസ്തമേഖലകളിലും പ്രത്യാശയുടെ വിത്തു വിതച്ച പരിശുദ്ധ പിതാവു ഫ്രാൻസിസ് പാപ്പ കാലം ചെയ്തു. 'പ്രത്യാശയുടെ തീർഥാടകർ' എന്ന മഹത്തായ സന്ദേശം ഈ ജൂബിലി കാലയളവിൽ തിരുസഭയ്ക്കും ലോകം മുഴുവനും നൽകിക്കൊണ്ടാണു പരിശുദ്ധ പിതാവു കാലയവനികക്കുള്ളിൽ മറയുന്നത്. മാർപാപ്പ നിർദേശിച്ച ഈ സന്ദേശത്തിനു കൂടുതൽ തീക്ഷ്ണമായ രൂപഭാവങ്ങൾ നൽകാൻ നമുക്ക് ആത്മാർഥമായി പരിശ്രമിക്കാം.

ഫൊറോനകളിലും യൂണിറ്റുകളിലും പ്രവർത്തനവർഷോദ്ഘാടനവും അനുബന്ധമായ പരിപാടികളും നടത്തപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിരൂപത-ഫൊറോന-യൂണിറ്റ് തലങ്ങളിൽ പുതിയസമിതികൾ ചുമതലയേറ്റു. ജീവകാരുണ്യപ്രവർത്തനങ്ങൾ, ജീവസംരക്ഷണയജ്ഞങ്ങൾ, പാലിയേറ്റീവ് കെയർ-രോഗീപരിചരണശുശ്രൂഷകൾ, ഭവനസന്ദർശനങ്ങൾ, മാതാപിതാക്കൾക്കുള്ള വിശ്വാസപരിശീലനപദ്ധതികൾ എന്നിവയിലൂടെ മാതൃ-പിതൃവേദികൾക്കു നിർദേശിക്കപ്പെട്ടിട്ടുള്ള ദൗത്യങ്ങൾ നിവൃത്തിയാക്കുന്നതിനു തീക്ഷ്ണമായി പ്രവർത്തിക്കണം.

സ്നേഹപൂർവം

**ഫാ. ജോസഫ് ഇരുപ്പക്കാട്ട്**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

## റിപ്പോർട്ട്

**അതിരൂപതാതലവാർഷികം-പ്രവർത്തനവർഷോദ്ഘാടനം**

ഏപ്രിൽ അഞ്ചിനു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ മാതൃവേദി-പിതൃവേദി അതിരൂപതാവാർഷികവും പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനവും നടത്തപ്പെട്ടു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു. വ്യക്തികളിൽ രൂപപ്പെടേണ്ട ഉന്നതമൂല്യങ്ങളുടെ വിളനിലമാണു കുടുംബമെന്നും മാതാപിതാക്കളിൽ മൂല്യബോധവും വിശ്വാസവും വളർത്തുക എന്നതായിരിക്കണം മാതൃവേദിയുടെയും പിതൃവേദിയുടെയും ലക്ഷ്യമെന്നും അഭി. മെത്രാപ്പോലീത്താ ഓർമിപ്പിച്ചു.

2023-2024 അതിരൂപതാസമിതിയംഗങ്ങൾക്കു ജിനോദ് എബ്രഹാം, ബീന ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ അവർ കുടുംബപ്രേഷിതശുശ്രൂഷാരംഗത്തിനു നൽകിയ സ്തുത്യർഹമായ സേവനങ്ങളെ അനുസ്മരിച്ചു നന്ദി പറഞ്ഞുകൊണ്ടു മെമെന്റോകൾ നൽകി.

പിതൃവേദി അതിരൂപതാ പ്രസിഡന്റ് ജിനോദ് എബ്രഹാം അധ്യക്ഷനായിരുന്ന സമ്മേളനത്തിൽ അതിരൂപതയുടെ പ്രോട്ടോസിഞ്ചെള്ളൂസ്വെരി റവ. ഫാ. ആന്റണി എത്തക്കാട് മുഖ്യപ്രഭാഷണവും അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ആമുഖസന്ദേശവും അറിയിച്ചു. മാതൃവേദി അതിരൂപതാ പ്രസിഡന്റ് ബീന ജോസഫ് സ്വാഗതം പറഞ്ഞു. സെക്രട്ടറിമാരായ ജോഷി കൊല്ലാപുരം, മിനി തോമസ് എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു. 2025-2026 കാലയളവിലേക്കുള്ള പുതിയ ആനിമേഷൻ റ്റീം റോയി കപ്പാങ്കൽ (പിതൃവേദി പ്രസിഡന്റ്), പ്രൊഫ. ഡോ. റോസമ്മ സോണി (മാതൃവേദി പ്രസിഡന്റ്) എന്നിവരുടെ നേതൃത്വത്തിൽ സത്യപ്രതിജ്ഞ ചെയ്തു ചുമതലയേറ്റു.

*ജീവന്റെ സംരക്ഷണവും പരിപോഷണവും* എന്ന വിഷയത്തെ അടിസ്ഥാനമാക്കി കെ.സി.ബി.സി. പ്രോ-ലൈഫ് സമിതിയുടെ വൈസ് പ്രസിഡന്റ് ഡോ. ഫെലിക്സ് ജയിംസ് ക്ലാസ്സെടുത്തു. യൂണിറ്റുകൾ കലാപരിപാടികൾ അവതരിപ്പിച്ചു. കഴിഞ്ഞവർഷത്തെ മികച്ച യൂണിറ്റുകൾ, ഫൊറോനകൾ എന്നിവയ്ക്കുള്ള അവാർഡുകൾ വിതരണം ചെയ്തു. അസ്സി. ഡയറക്ടർ ഫാ. ജോസഫ് ഇരുപ്പക്കാട്ട്, അതിരൂപതാ ആനിമേറ്റർ സി. ലിൻസ് മേരി തിരുനിലം എസ്.എ.ബി.എസ്., സെക്രട്ടറിമാരായ സോജൻ സെബാസ്റ്റ്യൻ, മോളിമ്മ ആന്റണി, അതിരൂപതാ ആനിമേഷൻ റ്റീം, മറ്റംഗങ്ങൾ എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

**മെഗാ മാർഗംകളി അനുമോദനസമ്മാനങ്ങൾ**

ബെസ്റ്റ് ഓഫ് ഇൻഡ്യ വേൾഡ് റെക്കോഡ് ലഭിച്ച മാതൃവേദി മെഗാ മാർഗംകളിയിൽ (4 ജനുവരി 2025) പങ്കെടുത്തവർക്കുള്ള അനുമോദന സർട്ടിഫിക്കറ്റുകൾ അതിരൂപതാവാർഷികസമ്മേളനത്തിൽ നൽകി. അതിരൂപതയിലെ 18 ഫൊറോനകളിൽനിന്നും മാതൃവേദി മെഗാ മാർഗംകളിയിൽ ആളുകൾ പങ്കുചേർന്നു.

പത്തിലധികം ഇടവകകളുള്ളതിൽ ഏറ്റവും കൂടുതലംഗങ്ങളെ പങ്കെടുപ്പിച്ച ഫൊറോന - ചമ്പക്കുളം

പത്തിൽ താഴെ ഇടവകകളുള്ളതിൽ ഏറ്റവും കൂടുതലംഗങ്ങളെ പങ്കെടുപ്പിച്ച ഫൊറോന - കുറുമ്പനാടം

ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവക - ചെത്തിപ്പുഴ

കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതലംഗങ്ങളെ പങ്കെടുപ്പിച്ച ഇടവക - കുമരങ്കരി

**2024ലെ മികച്ച അതിരൂപതാതലസമിതികൾ**

| ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം | മൂന്നാം സ്ഥാനം |
|---|---|---|
| **ഫൊറോനാതലസംയുക്തപ്രവർത്തനങ്ങൾ** | | |
| തിരുവനന്തപുരം | ചങ്ങനാശ്ശേരി | എടത്വാ |

| പിതൃവേദി ഫൊറോനാതലപ്രവർത്തനങ്ങൾ | | |
|---|---|---|
| ചമ്പക്കുളം | കോട്ടയം | കുടമാളൂർ |
| **മാതൃവേദി ഫൊറോനാതലപ്രവർത്തനങ്ങൾ** | | |
| കുറുമ്പനാടം | ആലപ്പുഴ | നെടുങ്കുന്നം |
| **പിതൃവേദി യൂണിറ്റ് തല പ്രവർത്തനങ്ങൾ** | | |
| പൊടിപ്പാറ (തുരുത്തി ഫൊറോന) | പൂന്തോപ്പ് (ആലപ്പുഴ ഫൊറോന) | ചുങ്കപ്പാറ (മണിമല ഫൊറോന) |
| **മാതൃവേദി യൂണിറ്റ് തല പ്രവർത്തനങ്ങൾ** | | |
| നിർമലഭവൻ (തിരുവനന്തപുരം ഫൊറോന) | അയർക്കുന്നം (കോട്ടയം ഫൊറോന) | ചെത്തിപ്പുഴ (ചങ്ങനാശേരി ഫൊറോന) |

**മോഡൽ യൂണിറ്റുകൾ**

| പിതൃവേദി | ഫൊറോന | മാതൃവേദി | ഫൊറോന |
|---|---|---|---|
| 01. നാലുകോടി | തൃക്കൊടിത്താനം | 01. മാമ്പുഴക്കരി | പുളിങ്കുന്ന് |
| 02. കിഴക്കേ മിത്രക്കരി | എടത്വാ | 02. കൊണ്ടാക്കൽ | ചമ്പക്കുളം |
| 03. മുടിയൂർക്കര | കുടമാളൂർ | 03. പൊടിപ്പാറ | തുരുത്തി |
| 04. വേഴപ്രാ | പുളിങ്കുന്ന് | 04. തത്തംപള്ളി | ആലപ്പുഴ |
| 05. കൊണ്ടാക്കൽ | ചമ്പക്കുളം | 05. കുറുമ്പനാടം | കുറുമ്പനാടം |
| 06. മാടപ്പള്ളി | കുറുമ്പനാടം | 06. മണ്ണാർകുന്ന് | അതിരമ്പുഴ |
| 07. ചെത്തിപ്പുഴ | ചങ്ങനാശ്ശേരി | 07. നാലുകോടി | തൃക്കൊടിത്താനം |
| 08. കൂരോപ്പട | കോട്ടയം | 08. കുടമാളൂർ | കുടമാളൂർ |
| 09. വായ്പൂർ ഓൾഡ് | നെടുങ്കുന്നം | 09. വായ്പൂർ ന്യൂ | നെടുങ്കുന്നം |
| 10. കണ്ണമ്മൂല | തിരുവനന്തപുരം | 10. കുറ്റിക്കോണം | കൊല്ലം - ആയൂർ |
| 11. മായം | അമ്പൂരി | 11. മായം | അമ്പൂരി |
| 12. കോട്ടയ്ക്കുപുറം | അതിരമ്പുഴ | 12. കിഴക്കേ മിത്രക്കരി | എടത്വാ |
| 13. വെഞ്ചേമ്പ് | കൊല്ലം - ആയൂർ | 13. ചുങ്കപ്പാറ | മണിമല |

**ഏറ്റവുമധികം കുടുംബജ്യോതി വരിക്കാരുള്ള ഇടവകകൾക്കു നൽകുന്ന സമ്മാനം**

ഒന്നാം സ്ഥാനം - സെന്റ് ജോസഫ്സ്, വെരൂർ

രണ്ടാം സ്ഥാനം - സെന്റ് മൈക്കിൾസ്, തത്തംപള്ളി

മൂന്നാം സ്ഥാനം- സെന്റ് ആന്റണീസ് ഫൊറോന, കുറുമ്പനാടം

*ശേഷം പേജ് 51ൽ* ➢➢➢

# യുവദീപ്തി-എസ്.എം.വൈ.എം.

### വചനവചസ് ക്വിസ്

കുടുംബക്കൂട്ടായ്മ-ബൈബിൾ അപ്പോസ്തലേറ്റ് വകുപ്പിന്റെ നൂറുമേനി മത്സരത്തോടുചേർന്നു യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കായുള്ള വചനവചസ് ക്വിസിന്റെ ഫൈനൽ റൗണ്ട് ഏപ്രിൽ 14നു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിലെ ഹാളിൽ നടത്തപ്പെട്ടു.

### കരുവള്ളിക്കാട് കുരിശുമലതീർഥാടനം

യുവദീപ്തി-എസ്.എം.വൈ.എം. അതിരൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 16നു കരുവള്ളിക്കാട് കുരിശുമലതീർഥാടനം നടത്തപ്പെട്ടു. നിർമലപുരം സെന്റ് മേരീസ് പള്ളിയിൽനിന്നും ആരംഭിച്ച തീർഥാടനം അതിരൂപതയുടെ മുൻ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ, അതിരൂപതാ പ്രസിഡന്റ് അരുൺ റ്റോം, ഡെപ്യൂട്ടി പ്രസിഡന്റ് എലിസബത്ത് വർഗീസ്, ജനറൽ സെക്രട്ടറി ക്രിസ്റ്റി കെ. കുഞ്ഞുമോൻ, അതിരൂപതാ ട്രെഷറർ അലക്സ് മഞ്ഞുമ്മേൽ, ലിന്റ ജോഷി, ജോയൽ ജോൺ റോയി, ജിയ വിൽസൻ, ലാലിച്ചൻ മറ്റത്തിൽ, ജീവൻ ജയിംസ്, ലൂസി ഫിലിപ്പോസ് എന്നിവർ തീർഥാടനത്തിനു നേതൃത്വം നൽകി.

### റിസോഴ്സ് റ്റീം ക്യാംപ്

യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിലുള്ള പ്രാർഥന-പഠന-പരിശീലന ക്യാംപുകൾ നയിക്കാനുള്ള റിസോഴ്സ് റ്റീമിന്റെ ക്യാംപ് ഏപ്രിൽ 25-26 തീയതികളിൽ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ റിസോഴ്സ് റ്റീമംഗങ്ങൾക്കു പരിശീലനം നൽകി.

### യൂത്ത് ട്രെയിനിങ് പ്രോഗ്രാം: പുതിയ ബാച്ച്

യൂത്ത് ട്രെയിനിങ് പ്രോഗ്രാമിന്റെ പുതിയ ബാച്ച് **മെയ് 10** *രാവിലെ പത്തിനു* ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിലാരംഭിച്ചു *വൈകുന്നേരം നാലിനു* സമാപിക്കുന്നതാണ്.

### ബൈക്ക് റാലി

139-ാമത് അതിരൂപതാദിനാഘോഷത്തിനു മുന്നോടിയായുള്ള ബൈക്ക് റാലി മെയ് 19 ഉച്ചയ്ക്ക് 2.30നു മണിമല ന്യൂ സെന്റ് ബേസിൽസ് പള്ളിയിൽനിന്നും ആരംഭിച്ച് അതിരൂപതാദിനം നടത്തപ്പെടുന്ന ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിലെ മാർ ആന്റണി പടിയറ നഗറിൽ എത്തിച്ചേരുന്നതാണ്.

### ഫെയ്ത്ത് കോൺഫെറൻസ് സമാപനം ഒഡീഷയിൽ

അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിലുള്ള മിഷൻ ഫെയ്ത്ത് കോൺഫെറൻസിന്റെ സമാപനം ഒഡീഷയിൽ നടത്തപ്പെടുന്നതാണ്. ഒന്നാം ഘട്ടം ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിലും രണ്ടാം ഘട്ടം കിടങ്ങറ

സെന്റ് ഗ്രിഗോറിയോസ് പള്ളിയിലുമാണു നടത്തപ്പെട്ടത്. അതിരൂപതാ റ്റീം പരിപാടികൾക്കു നേതൃത്വം നൽകുന്നതാണ്.

**മെയ് മാസത്തിലെ പരിപാടികൾ**

| | | |
|---|---|---|
| 04 | - ഫിയാത്ത് മിഷൻ - ക്രിസ്തു ജ്യോതി സ്കൂൾ, ചെത്തിപ്പുഴ | |
| 09 - 11 | - ഫൊറോനാ പ്രാർഥന - പഠന - പരിശീലന ക്യാംപ് | ആലപ്പുഴ, മുഹമ്മ, മണിമല |
| 16 - 18 | - ഫൊറോനാ പ്രാർഥന - പഠന - പരിശീലന ക്യാംപ് | പുളിങ്കുന്ന് |
| 17 | - മീഡിയ സെമിനാർ | |
| 19 | - ബൈക്ക് റാലി | |
| 20 | - അതിരൂപതാദിനം | |
| 21 - 30 | - ഫെയ്ത്ത് കോൺഫെറൻസ്: ഒഡീഷ | |
| 24 | - ലഹരിവിരുദ്ധതെരുവുനാടകം, സെമിനാർ | |

**ഫാ. സാവിയോ മാനാട്ട്**
*(ജോയിന്റ് ഡയറക്ടർ)*

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**
*(ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**അരുൺ റ്റോം**
*(പ്രസിഡന്റ്)*

---

*>>> ഫാമിലി അപ്പോസ്തലേറ്റ് തുടർച്ച...*

## ഓർമിക്കാൻ

| | | |
|---|---|---|
| മെയ് 12 | - | ലോകമാതൃദിനം, അന്തർദേശീയ നഴ്സസ് ഡേ |
| മെയ് 15 | - | ലോകകുടുംബദിനം |
| മെയ് 22 | - | വി. റീത്തയുടെ തിരുനാൾ (മാതൃവേദിയുടെ സഹമധ്യസ്ഥ) |
| മെയ് 29 | - | ഈശോയുടെ സ്വർഗാരോഹണതിരുനാൾ |
| മെയ് 31 | - | ലോകപുകയിലവിരുദ്ധദിനം |
| ജൂൺ 01 | - | ലോകരക്ഷാകർതൃദിനം |
| ജൂൺ 05 | - | ലോകപരിസ്ഥിതിദിനം |

## വിവാഹഒരുക്കസെമിനാർ

| മാസം | തീയതി | സ്ഥലം |
|---|---|---|
| മെയ് | 05, 06, 07 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 12, 13, 14 | |
| | 19, 20, 21 | |
| ജൂൺ | 02, 03, 04 | |
| | 16, 17, 18 | ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ |
| | 30, ജൂലൈ 01, 02 | |

**കൂടുതൽ വിവരങ്ങൾക്ക്: 0481 2424476, 9447016240**
**വിളിക്കേണ്ട സമയം: 10am - 5pm**

# സീയോൻ ധ്യാനകേന്ദ്രം

**മെയ്മാസത്തെ ശുശ്രൂഷകൾ**

05–07 വിവാഹഒരുക്കസെമിനാർ
09–11 ജീസസ് യൂത്ത് ഫാമിലി ക്യാംപ്
12–14 വിവാഹഒരുക്കസെമിനാർ
15–16 സ്മാർട്ട് ക്യാംപ് - കുട്ടികൾക്ക്
18 കുടുംബയോഗം
19–21 വിവാഹഒരുക്കസെമിനാർ
22–25 കുട്ടികൾക്കുള്ള ധ്യാനം
27–30 എക്യുമെനിക്കൽ ക്യാംപ്

**സീനിയർ സിറ്റിസൺസ് ഗ്രെയ്സ്ഫുൾ ധ്യാനം**

പ്രായമായവർക്ക് അനുഗ്രഹപ്രദമായി 11 ധ്യാനങ്ങൾ നടത്തപ്പെട്ടു. വിവിധ രൂപതകളിൽനിന്നുള്ള പ്രായമായവർ ഇതിൽ പങ്കെടുക്കുകയും ബന്ധുമിത്രാദികളെ കൂട്ടിക്കൊണ്ടുവരുകയും ചെയ്യുന്നുണ്ട്. ധ്യാനം വഴിയായി പ്രായമായവർക്കു സാന്ത്വനവും സമാധാനവും സൗഖ്യവും നൽകാൻ സാധിച്ചു. അഭി. പിതാക്കന്മാരുടെ സാന്നിധ്യവും അനുഗ്രഹവും പ്രായമായവർക്ക് ഏറെ സന്തോഷം നൽകി. സമപ്രായത്തിലുള്ളവരും സമാനമായ അനുഭവങ്ങളുള്ളവരും ഒന്നിച്ചു താമസിച്ചു തീക്ഷ്ണമായി പ്രാർഥിച്ചു സൗഖ്യശുശ്രൂഷകൾ സ്വീകരിച്ചു സംതൃപ്തിയോടെ കടന്നുപോയി.

2025–ാം ജൂബിലി വർഷത്തിൽ ജൂൺ മുതൽ എല്ലാ മാസവും സീനിയർ സിറ്റിസൺസ് ധ്യാനം ഉണ്ടായിരിക്കുന്നതാണ്.
അടുത്തധ്യാനം: **ജൂൺ 8–11** ബുക്കിങ്ങിന്: **8086399023**

**സീനിയർ സിറ്റിസൺസ് സംഗമം-രോഗീദിനാചരണം**

മേല്പറഞ്ഞവ ഇടവകകളിൽ നടത്താൻ വിളിക്കുക: **9495107045**

**കുട്ടികൾക്കുള്ള ധ്യാനം**

**മെയ് 22–25** തീയതികളിൽ ഫാ. പോൾ വേങ്ങാശ്ശേരിയുടെ നേതൃത്വത്തിൽ 7 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കു ധ്യാനമുണ്ടായിരിക്കുന്നതാണ്. ബുക്ക് ചെയ്യേണ്ട നമ്പർ: **9778167769**

**കുട്ടികൾക്കു സ്മാർട്ട് ക്യാംപ്**

**മെയ് 15** *രാവിലെ 9 മുതൽ* **മെയ് 16** *വൈകുന്നേരം നാലുവരെ* മെന്റർ സിജു ആലഞ്ചേരിയുടെയും റ്റീമിന്റെയും നേതൃത്വത്തിൽ 5 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി ഇന്റർനാഷണൽ മെന്റർമാർ ക്ലാസ്സുകളെടുക്കുന്നതാണ്. ബുക്കിങ്ങിന്: **8086399023**

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*



# ഫാ. ജോൺ പൊറ്റേടം മെമ്മോറിയൽ

# 24-ാമത് അഖിലകേരള ബൈബിൾ - സഭാചരിത്ര ക്വിസ്

**2025 ജൂൺ 8 ഞായർ, രാവിലെ 11**
**പുന്നത്തുറ സെന്റ് തോമസ് പള്ളി**

എ.ഡി. 1610ൽ സമാരംഭിച്ച അവിഭക്ത പുന്നത്തുറ ഇടവകയുടെ ഭാഗമായി, സ്ഥാപിതമായ പുന്നത്തുറ സെന്റ് തോമസ് (വെള്ളാപ്പള്ളി) ഇടവകപ്പള്ളിയുടെ സ്ഥാപകൻ പുണ്യശ്ലോകനായ ജോൺ പൊറ്റേടം അച്ചന്റെ അനുസ്മരണാർഥം (സ്വർഗപ്രവേശനത്തിന്റെ പ്ലാറ്റിനം ജൂബിലി വർഷം) 24-ാമത് അഖിലകേരള ബൈബിൾ-സഭാചരിത്ര ക്വിസ് **2025 ജൂൺ 8 ഞായർ രാവിലെ 11**നു പള്ളിയുടെ ഹാളിൽ നടത്തപ്പെടുന്നതാണ്.

**ഫാ. അബ്രാഹം കരിപ്പിങ്ങാപുറം**
*(വികാരി & ഡയറക്ടർ)*

**ഫാ. അലക്സ് പാലമറ്റം**
*(സഹവികാരി)*

**ഡാന്റി തോമസ് അനന്തക്കുളം**
*(ഹെഡ്മാസ്റ്റർ, 9495676883)*

**തോമസ് ജോസഫ് തോപ്പിൽ**
*(പ്രസിഡന്റ്, പൊറ്റേടം കുടുംബയോഗം)*

**റോബി വർഗീസ് മുളമറ്റത്തിൽ**
*(കൺവീനർ, 9446120842)*

| | |
|---|---|
| ഒന്നാം സമ്മാനം - ₹ 10000 എവർറോളിങ് ട്രോഫി | 4, 5, 6 - ₹ 4000, ₹ 3000, ₹ 2000 |
| രണ്ടാം സമ്മാനം - ₹ 7000 എവർറോളിങ് ട്രോഫി | 7 – 10 - ₹ 1000 വീതം |
| മൂന്നാം സമ്മാനം - ₹ 5000 എവർറോളിങ് ട്രോഫി | കൂടാതെ പ്രോത്സാഹനസമ്മാനങ്ങളും |

**വിഷയങ്ങൾ**

- വി. ലൂക്കാ 17 - 24; എഫേസോസ് 1 - 6; ന്യായാധിപന്മാർ 11 - 21 അധ്യായങ്ങൾ — 35%
- ഭാരതസഭാചരിത്രം (അധ്യായം 1) - ഭാരതസഭയുടെ ചരിത്രം — 30%
  *(റവ. ഡോ. സേവ്യർ കൂടപ്പുഴ, ഭാരതസഭാചരിത്രം 5 - ാം പതിപ്പ്, 39 - 78 പേജുകൾ)*
- ഫാ. ജോൺ പൊറ്റേടം ജീവചരിത്രം (പ്രൊഫ. റ്റി. വി. തോമസ് തോപ്പിൽ) — 35%
  *(അച്ചന്റെ ജീവചരിത്രം ആവശ്യപ്പെടുന്നവർക്കു ലഭ്യമാക്കുന്നതാണ്)*

**നിബന്ധനകൾ**

1. എലിമിനേഷൻ റൗണ്ടില്ലാതെ ഓഫ്‌ലൈനായി നടത്തപ്പെടുന്ന മത്സരം സംബന്ധിച്ചു ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമാണ്
2. ഒരു സൺഡേസ്കൂളിൽനിന്ന് ഒന്നിൽ കൂടുതൽ റ്റീമുകൾക്കു പങ്കെടുക്കാം ഒരു റ്റീമിൽ പരമാവധി 3 അംഗങ്ങൾ (ഹയർ കോഴ്സ് ഉൾപ്പെടെ)
3. ക്യൂ.ആർ. കോഡ് സ്കാൻ ചെയ്തു ഗൂഗിൾ ഫോമിൽ രജിസ്റ്റർ ചെയ്യണം
4. മത്സരത്തിനുമുമ്പു രജിസ്ട്രേഷൻ ഫീസ് 300 രൂപ അടയ്ക്കേണ്ടതാണ്
5. സിലബസിൽ പ്രതിപാദിച്ചിട്ടുള്ള ഓരോ വിഷയങ്ങളിലും പ്രാവീണ്യം നേടുന്ന പ്രതിഭകളെ പ്രത്യേക വ്യക്തിഗതമത്സരത്തിലൂടെ തെരഞ്ഞെടുക്കുന്നതാണ്
6. വിശദാംശങ്ങൾക്ക്: **8547128524** (ലിറ്റോ), **9497038398** (ജിബിൻ), **9497747315** (എബിൻ)
7. മതാധ്യാപകർക്കു സഭാചരിത്രം ആസ്പദമാക്കി വ്യക്തിഗതമത്സരം ഉണ്ടായിരിക്കുന്നതാണ്. ആദ്യ മൂന്നുസ്ഥാനക്കാർക്ക് എവർറോളിങ് ട്രോഫികളും ക്യാഷ് അവാർഡുകളും ലഭിക്കുന്നതാണ്

Location

Google Form

**രജിസ്ട്രേഷൻ അവസാനതീയതി: 2 ജൂൺ 2025**

# കാർപ്

## (DEPARTMENT OF COMMUNITY AWARENESS AND RIGHTS' PROTECTION)

### കാർപ് കരിയർ സെൽ

ഉന്നതവിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയവയെ സംബന്ധിച്ചു കുട്ടികൾ, മാതാപിതാക്കൾ എന്നിവർക്കുള്ള അനിശ്ചിതത്വം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ കാർപ് ഡിപ്പാർട്ടുമെന്റ് വിദഗ്ധരെ ഉൾപ്പെടുത്തി കരിയർ സെൽ ആരംഭിച്ചു. ഇടവകകൾ കേന്ദ്രീകരിച്ചു ക്ലാസ്സുകളും കരിയർ കൗൺസെലിങ്ങുകളും നടത്തിവരുന്നു

### കാർപ് കരിയർ ഗൈഡ്

തൊഴിലന്വേഷകർക്കു സഹായകമായി കാർപ് ഡിപ്പാർട്ടുമെന്റ് പുറത്തിറക്കിയ പുസ്തകമാണു കാർപ് കരിയർ ഗൈഡ്. കുട്ടികൾക്കും മാതാപിതാക്കൾക്കും ലോകത്തിലെ നിരവധി കരിയർ സാധ്യതകൾ ഈ പുസ്തകം പരിചയപ്പെടുത്തുന്നു. പഠിക്കണം, മാർക്കു വാങ്ങണം എന്നതിനപ്പുറത്തു മികച്ച കരിയർ എങ്ങനെ കണ്ടെത്താമെന്നു പലർക്കും അറിയില്ല. സ്വന്തം അഭിരുചികൾ എങ്ങനെ മനസിലാക്കി സ്വനൈപുണ്യങ്ങൾ എപ്രകാരം വികസിപ്പിക്കാമെന്നും തനിക്കു സാധ്യമായ ഉയർന്നതൊഴിലിൽ എത്തിച്ചേരാമെന്നും ഈ പുസ്തകം പറഞ്ഞുതരുന്നു.

ഉയർന്നവരുമാനം ലഭിക്കുന്നതും ഇടത്തരമായതുമായ തൊഴിൽ അവസരങ്ങൾ, ഇ.ഡബ്ല്യൂ.എസ്., സ്കോളർഷിപ്പുകൾ, കുറഞ്ഞപലിശനിരക്കിലുള്ള ലോണുകൾ എന്നിവയും ഇതിൽ പ്രതിപാദിക്കുന്നുണ്ട്. അധ്യാപന-തൊഴിൽ പരിശീലനരംഗത്തെ പ്രഗത്ഭരായ വ്യക്തികൾ ചേർന്നു തയ്യാറാക്കിയിരിക്കുന്ന ഈ പുസ്തകം അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ പ്രകാശനം ചെയ്തു. അതിരൂപതാകേന്ദ്രത്തിലെ മാർതോമാവിദ്യാനികേതനിൽ പുസ്തകം ലഭ്യമാണ്.

### കേന്ദ്രമന്ത്രിയുമായി കൂടിക്കാഴ്ച

ഏപ്രിൽ 15നു കാർപ് ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിന്റെ നേതൃത്വത്തിലുള്ള മൂന്നംഗസംഘം കേന്ദ്രന്യൂനപക്ഷവകുപ്പു ക്യാബിനറ്റ് മന്ത്രി കിരൺ റിജ്ജുവിനെ സന്ദർശിച്ചു ക്രൈസ്തവന്യൂനപക്ഷസമൂഹം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചു ചർച്ച നടത്തി നിവേദനം നൽകി. അതിരൂപതയുടെ ഉപഹാരമായി തേക്കിൻതടിയിൽ തീർത്ത മാർതോമാ സ്ലീവാ മന്ത്രിക്കു നൽകി.

**ബേബി വട്ടക്കര** (9142121717)
**റ്റോം ജോസഫ്** (9447207700)
**ബിനു കുര്യാക്കോസ്** (7306513917)
*(കോഡിനേറ്റർമാർ)*

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡയറക്ടർ)*
6238214912

# ചാസ്സ്
## (CHANGANACHERRY SOCIAL SERVICE SOCIETY)

### ചാസ്സിൽനിന്നും ആശംസകൾ

പ്രിയ ബഹുമാനപ്പെട്ട അച്ചാ/സുഹൃത്തേ,

യൂണിറ്റുകളിൽ മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെ ഓഡിറ്റിങ്ങിനാവശ്യമായ നടപടികൾ ത്വരിതഗതിയിൽ നടക്കുന്നുണ്ടെന്നു കരുതുന്നു. സമയബന്ധിതമായി ഓഡിറ്റിങ് പൂർത്തീകരിക്കാൻ സാധിക്കണം. നമ്മുടെ പ്രവർത്തനങ്ങൾ സാമൂഹിക ഓഡിറ്റിങ്ങിനു വിധേയമാക്കാനും യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ മാനദണ്ഡങ്ങൾക്കനുസൃതമായി വിലയിരുത്തി മെച്ചപ്പെടുത്താനും ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സ്വാശ്രയസംഘങ്ങളുടെ പ്രവർത്തനമേഖലയിൽ കൂടുതൽ സജീവത്വം പുലർത്തേണ്ടതിനായി യൂണിറ്റ് കമ്മിറ്റി അംഗങ്ങൾ വർഷത്തിൽ 2 പ്രാവശ്യമെങ്കിലും സംഘങ്ങൾ സന്ദർശിക്കുന്നത് ഉചിതമാണ്. ഇതിനായി സബ് കമ്മിറ്റികൾ ശക്തീകരിക്കപ്പെടണം. ഓരോ സബ് കമ്മിറ്റികളുടെയും ആഭിമുഖ്യത്തിൽ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ വരുംകാലങ്ങളിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതും പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കേണ്ടതുമാണ്.

യൂണിറ്റ് ശക്തീകരണം ലക്ഷ്യമാക്കിക്കൊണ്ട് അടുത്ത ഒരുവർഷത്തേക്കുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും ചാസ്സിന്റെ ജൂബിലി പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നതിനുമായി ചാസ്സ് കേന്ദ്രഓഫീസ് റ്റീമംഗങ്ങൾ വരുംമാസങ്ങളിൽ യൂണിറ്റ് ഡയറക്ടർ അച്ചന്മാരുടെ സാന്നിധ്യത്തിൽ കമ്മിറ്റി അംഗങ്ങളെ സന്ദർശിച്ച് ഓരോ യൂണിറ്റുകളെക്കുറിച്ചും വിലയിരുത്തൽ നടത്തുന്നതാണ്. യൂണിറ്റുകൾ സജീവമാകുമ്പോൾ മേഖലാസമിതികളും പ്രവർത്തനങ്ങളും സജീവമാകും. വർഷത്തിൽ 4 പ്രാവശ്യമെങ്കിലും മേഖലാസമിതികൾ ചേർന്ന് അതതു മേഖലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തണം.

മെയ് 1 ലോകതൊഴിലാളിദിനമാണ്. തൊഴിലിന്റെ മഹത്വവും സംരക്ഷണവും അവരുടെ ക്ഷേമവുമെല്ലാം ഓരോ തൊഴിലാളിദിനവും നമ്മെ ഓർമപ്പെടുത്തുന്നുണ്ട്. ചാസ്സിന്റെ പ്രവർത്തകരെ ഈ ദിനത്തിൽ നന്ദിയോടെ സ്മരിക്കുന്നു. ഒപ്പം സർക്കാർ, സർക്കാരേതരസ്ഥാപനങ്ങളിൽനിന്നും തൊഴിലാളികൾക്കു ലഭ്യമാകേണ്ട ക്ഷേമപദ്ധതികൾ, ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ചും അറിവുണ്ടായിരിക്കണം. പ്രവർത്തകരെല്ലാവരും ക്ഷേമപദ്ധതികളിൽ അംഗങ്ങളാണെന്ന് ഉറപ്പുവരുത്തേണ്ട ചുമതലയും യൂണിറ്റുകൾക്കുണ്ട്.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## കേന്ദ്രവാർത്തകൾ

**വേനൽതുമ്പികൾ: ജീവിതനൈപുണ്യപരിശീലനപഠനക്കളരി**

കുട്ടികളുടെ നൈസർഗികകഴിവുകളെ ഉണർത്താനും വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ നിഷ്കർഷിക്കുന്ന ജീവിതനൈപുണ്യങ്ങൾ അവരുടെ ജീവിതത്തിൽ പരിശീലിപ്പിക്കാനും സൺഡേസ്കൂളുകൾ കേന്ദ്രീകരിച്ച് 'വേനൽതുമ്പികൾ' എന്ന പരിശീലനപഠനക്കളരി നടത്തപ്പെട്ടു. നേതൃത്വ പരിശീലനം, വ്യക്തിത്വവികസനം, ആശയവിനിമയം, ഗ്രൂപ്പ് ചർച്ചകൾ, പഠന വൈകല്യം, മൊബൈൽ ഫോണിന്റെ അമിത ഉപയോഗം, ലഹരിവസ്തുക്കളുടെ ഉപയോഗം എന്നിവയെക്കുറിച്ച് ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, അസ്സി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, പ്രോഗ്രാം ഓഫീസർ സി. ലിൻസി മാത്യു എ.എ.എസ്.സി., പ്രോജക്റ്റ് ഓഫീസർ ഡെൽന ബിൻസൺ, പ്രോജക്റ്റ് കോഡിനേറ്റർ നിവ്യ ജോസഫ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. കുട്ടികൾക്ക് ആവശ്യമായ കൗൺസെലിങ്ങും നൽകി.

| | *തീയതി* | *ഇടവക* |
|---|---|---|
| ഏപ്രിൽ | 02 | സെന്റ് സെബാസ്റ്റ്യൻസ്, ചാഞ്ഞോടി |
| | 02–03 | സെന്റ് ഗ്രിഗോറിയോസ്, വെളിയനാട് നോർത്ത് |
| | 03 | സെന്റ് ജോസഫ്സ്, ളായിക്കാട് |
| | 04–05 | ഇമ്മാക്കുലേറ്റ് ഹാർട്ട്, കൈതവന |
| | 04–05 | സെന്റ് ജോൺ നെപുംസ്യാനോസ്, കുമരകം വടക്കുംകര |
| | 05 | സെന്റ് ആന്റണീസ്, വൈശ്യംഭാഗം |
| | 06 | സെന്റ് ജോസഫ്സ്, ഫിൽഗിരി |
| | 07 | സെന്റ് മേരീസ്, വള്ളംചിറ |
| | 07–08 | സെന്റ് ഫ്രാൻസിസ് അസ്സീസ്സി, പൂന്തോപ്പ് |
| | 09 | ഫാത്തിമ മാതാ, പള്ളിക്കൂട്ടുമ്മ |
| | 10 | സെന്റ് സെബാസ്റ്റ്യൻസ്, നർബോണപുരം |

**ഭവനസന്ദർശനം**

'കെയർ എ ഫാമിലി' പ്രോഗ്രാമിൽ മാർച്ച് 20, 21, 26 തീയതികളിൽ കോട്ടയം, മണിമല, കൊല്ലം മേഖലകളിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള കുടുംബങ്ങളെ പ്രോഗ്രാം കോഡിനേറ്റർ സി. ആൽഫി ഡി.എസ്.ജെ., മേഖലാ കോഡിനേറ്റർമാരായ റ്റോം സി. തയ്യിൽ, അൽഫോൻസാ വർഗീസ്, ബേബി ജോസഫ് എന്നിവർ സന്ദർശിച്ചു സ്ഥിതിഗതികൾ വിലയിരുത്തി ആവശ്യമായ മാർഗനിർദേശങ്ങൾ നൽകി.

**സോഷ്യൽ വർക്ക് വിദ്യാർഥികൾക്ക് ഇന്റേൺഷിപ് പ്രോഗ്രാം**

സോഷ്യൽ വർക്ക് ബിരുദപഠനത്തിന്റെ ഭാഗമായി ചേർപ്പുങ്കൽ ബി.വി.എം., തിരുവനന്തപുരം ലൊയോള, ഇടുക്കി മാർ സ്ലീവാ എന്നീ കോളേജുകളിൽ

നിന്നും ഇന്റേൺഷിപ്പിനുവേണ്ടി എം.എസ്.ഡബ്ല്യൂ. വിദ്യാർഥികൾ ചാസ്സിൽ എത്തി.

## സ്വാശ്രയസംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 20.03.2025 | കൊടുപ്പുന്ന | കാരുണ്യ | 13 |
| 26.03.2025 | നെടുങ്കുന്നം | സ്നേഹഗീതം | 10 |
| 28.03.2025 | മണിമല ഓൾഡ് | എയ്ഞ്ചൽ | 10 |
| 28.03.2025 | മണിമല ഓൾഡ് | സെന്റ് മേരീസ് | 10 |
| 29.03.2025 | കുളത്തൂർ | പുലരി | 10 |

## സാമൂഹ്യസുരക്ഷാസഹായപദ്ധതി

**1. എസ്.എച്ച്.ജി. മരണാനന്തരസഹായം** (ഒരു കുടുംബത്തിന് 20,000 രൂപ അനുവദിച്ചു)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 709. സെബാസ്റ്റ്യൻ ജി. | സമൃദ്ധി | ആറാട്ടുവഴി | ആലപ്പുഴ |
| 710. എൽസമ്മ ചാക്കോ | അസംപ്ഷൻ | പുന്നക്കുന്നത്തുശ്ശേരി | പുളിങ്കുന്ന് |
| 711. മറിയാമ്മ ജോസഫ് | സെന്റ് ജോൺസ് | ഏറ്റുമാനൂർ | അതിരമ്പുഴ |

**2. മ്യൂച്വൽ ബനഫിറ്റ് സ്കീം (എം.ബി.എസ്.)** ഒരു കുടുംബത്തിന് 10,000 രൂപ വീതം 9 കുടുംബങ്ങൾക്ക് 90,000 രൂപ മരണാനന്തരസഹായം അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1210. കുഞ്ഞുമോൾ രാജു ചാരുവിളപുത്തൻവീട് | നരിക്കൽ | |
| 1211. ജോസ് മാത്യു ആനിതോട്ടത്തിൽ | മീൻകുളം | കൊല്ലം |
| 1212. ഉഷ നാരായണൻ വെട്ടിലഴികത്തുവീട് | കൊല്ലം | |
| 1213. ജോസ് ജോസഫ് കൺട്രാമറ്റം | ഇരവുചിറ | കുറുമ്പനാടം |
| 1214. മറിയകുട്ടി ഉലഹന്നാൻ പാലമുറി | പാറേൽ | ചങ്ങനാശ്ശേരി |
| 1215. എം. റ്റി. ജോർജ് മറശ്ശേരിയിൽ | പാറേൽ | ചങ്ങനാശ്ശേരി |
| 1216. സേവ്യർ ആന്റണി ഇലവങ്കരി | പുതുക്കരി | എടത്വ |
| 1217. ആന്റണി സി. എ. ചക്കുങ്കൽ | കൂത്രപ്പള്ളി | നെടുങ്കുന്നം |
| 1218. ആലീസ് വർഗീസ് ബന്നിയാംകളം | തൃക്കൊടിത്താനം | തൃക്കൊടിത്താനം |

## മേഖലാവാർത്തകൾ

**ക്യാൻസർ രോഗനിർണയ ക്യാംപ്:** പാറേൽ സോഷ്യൽ സർവീസ് ട്രസ്റ്റിന്റെ നേതൃത്വത്തിൽ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലുമായി സഹകരിച്ചു മാർച്ച് 23നു പാറേൽ സെന്റ് മേരീസ് പള്ളിയുടെ ഹാളിൽ ക്യാൻസർ രോഗ നിർണയ ക്യാംപ് നടത്തപ്പെട്ടു.

**സ്വാശ്രയസംഘസംഗമം-മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം ബോധവത്കരണം:** തുരുത്തി യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ സംഗമവും മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം ബോധവത്കരണവും മാർച്ച് 30നു തുരുത്തി മാർത്ത് മറിയം ഫൊറോനാപ്പള്ളിയുടെ ഹാളിൽ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസ് വരിക്കപ്പള്ളിൽ അധ്യക്ഷതവഹിച്ചു. മേഖലാ കോഡിനേറ്റർ സിജി ബിജുമോൻ ക്രെഡിറ്റ് യൂണിയനെപ്പറ്റി ബോധവത്കരണ ക്ലാസ്സ് നയിച്ചു.

**സ്വാശ്രയസംഘവാർഷികം:** കരിമ്പനക്കുളം സോഷ്യൽ സർവീസ് ട്രസ്റ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'അൽഫോൻസാ' സ്വാശ്രയസംഘത്തിന്റെ 25-ാമതു വാർഷികം മാർച്ച് 29നു വളകോടിചതുപ്പ് സാംസ്കാരികനിലയത്തിൽ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. ജയിംസ് കുന്നിൽ അധ്യക്ഷതവഹിച്ചു. ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം വാർഷികം ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ആൻസി ആന്റണി വാർഷികക്കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. സംഘം-യൂണിറ്റ് ഭാരവാഹികളും പൊതുപ്രവർത്തകരും ആശംസകളറിയിച്ചു. മേഖലാ കോഡിനേറ്റർ പരിപാടികൾക്കു നേതൃത്വം നൽകി.

## സ്റ്റേറ്റ് ലെവൽ കോഡിനേറ്റിങ് ഏജൻസി-കേരള

**ലഹരിവിരുദ്ധബോധവത്കരണം:** ലഹരിയുപയോഗത്തിന്റെ ദോഷങ്ങളെക്കുറിച്ചു പൊതുജനങ്ങളെയും വിദ്യാർഥികളെയും ബോധവത്കരിക്കുകയെന്ന ലക്ഷ്യത്തോടെ മാർച്ച് 25നു സ്റ്റേറ്റ് ലെവൽ കോഡിനേറ്റിങ് ഏജൻസിയായ ചാസ്സും ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജും സംയുക്തമായുള്ള ലഹരിവിരുദ്ധബോധവത്കരണം നടത്തപ്പെട്ടു.

മനുഷ്യച്ചങ്ങല, തെരുവുനാടകം, ഫ്ളാഷ് മോബ് എന്നിവ ഉൾപ്പെടുത്തി സെന്റ് ബർക്മൻസ് കോളേജിൽനിന്നും ചങ്ങനാശ്ശേരി പ്രൈവറ്റ് ബസ് സ്റ്റാൻഡിലേക്കുള്ള റാലിയിലും പരിപാടികളിലും കേരള അസ്സോസിയേഷൻ ഓഫ് പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സ് അംഗങ്ങളായ വിദ്യാർഥികളും അധ്യാപകരും പങ്കെടുത്തു.

ചങ്ങനാശ്ശേരി എക്സൈസ് ഇൻസ്പെക്ടർ പ്രതീപ് റ്റി. എസ്. റാലി ഫ്ളാഗ് ഓഫ് ചെയ്തു. ഡി.വൈ.എസ്.പി. വിശ്വനാഥ് എ. കെ. ലഹരിവിരുദ്ധസന്ദേശം നൽകി. ചാസ്സ് അസ്സി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, പ്രോജക്റ്റ് ഓഫീസർ ഡെൽന ബിൻസൺ, പ്രോജക്റ്റ് കോഡിനേറ്റർ നിവ്യ ജോസഫ് മറ്റു സ്റ്റാഫ്, കോട്ടയം ജില്ലയിലെ 13 കോളേജുകളിൽനിന്നുള്ള സോഷ്യൽ വർക്ക് വിദ്യാർഥികൾ എന്നിവർ ഇതിൽ പങ്കെടുത്തു.

**ലഹരിവിരുദ്ധബോധവത്കരണം:** 'പാത്ത്‌വെയ്സ് റ്റു റിക്കവറി' പ്രോജക്റ്റിന്റെ ഭാഗമായി സൺഡേസ്കൂളുകൾ കേന്ദ്രീകരിച്ചു ചാസ്സിന്റെ യൂണിറ്റുകളിൽ ലഹരിവിരുദ്ധബോധവത്കരണം നടത്തപ്പെട്ടു. അക്സെപ്റ്റ് ഐ.ആർ. സി.എ. പ്രോജക്റ്റ് കോഡിനേറ്റർമാരായ ലിജു തോമസ്, നിധിൻ ചന്ദ്ര, എസ്. എൽ.സി.എ. ഡോക്യുമെന്റേഷൻ ഓഫീസർ സി. സെൽമ ജി. എസ്.ആർ.എ.,

*ശേഷം പേജ് 61ൽ* >>>

# ചാസ്സ്-ഖാദി ഗ്രാമവ്യവസായമേഖല

**സെമി ഓട്ടോമാറ്റിക് ലൂം വീവിങ് കോഴ്സ് സമാപനം**

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയിൽ 2024 ഒക്ടോബർ എട്ടിന് ആരംഭിച്ച 6 മാസത്തെ സെമി ഓട്ടോമാറ്റിക് ലൂം വീവിങ് കോഴ്സ് ഏപ്രിൽ ഏഴിനു സമാപിച്ചു. 10 സ്ത്രീകൾ (കേരള ഖാദി ബോർഡ്- 7; ചാസ്സ്- 3) പരിശീലനം പൂർത്തിയാക്കി സ്ഥിരജോലിയിൽ പ്രവേശിച്ചു.

**തയ്യൽപരിശീലനം**

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയുടെ ആഭിമുഖ്യത്തിൽ എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ ഫെബ്രുവരി 17ന് ആരംഭിച്ച തയ്യൽ പരിശീലനം മെയ് 16നു സമാപിക്കുന്നതാണ്. 19 സ്ത്രീകൾ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്.

**ബീ-കീപ്പിങ് ഹോബി കോഴ്സ് സമാപനം**

ഏപ്രിൽ 21നു കോട്ടയം ബസേലിയോസ് കോളേജിലാരംഭിച്ച ഒരാഴ്ചത്തെ ബീ-കീപ്പിങ് ഹോബി കോഴ്സ് ഏപ്രിൽ 26നു സമാപിച്ചു. 21 വിദ്യാർഥികൾ പങ്കെടുത്തു.

**തയ്യൽപരിശീലനം**

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ ഏഴിനു ചെങ്ങന്നൂർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലാരംഭിച്ച ത്രൈമാസതയ്യൽപരിശീലനം ജൂലൈ ആറിനു സമാപിക്കുന്നതാണ്. 17 സ്ത്രീകൾ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്.

**2025 മെയ് മാസത്തിലാരംഭിക്കുന്ന സ്റ്റൈപ്പെന്ററി/ ഫീ ബേസിസ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു (9961274993, 9447160207, 7907144684)**

| കോഴ്സുകൾ | തുടങ്ങുന്ന തീയതി | കാലാവധി | ഫീസ് | പ്രതിമാസ സ്റ്റൈപ്പെന്റ് | സ്ഥലം | സീറ്റ് എണ്ണം |
|---|---|---|---|---|---|---|
| ബീ- കീപ്പിങ് ഹോബി കോഴ്സ് | 05.05.2025 | ഒരാഴ്ച | 100 | - | ബസേലിയോസ് കോളേജ്, കോട്ടയം | 20 |
| ബ്യൂട്ടീഷൻ കോഴ്സ് | 05.05.2025 | 2 മാസം | 4500 | - | പ്രതീക്ഷ സോഷ്യൽ സെന്റർ, കൂത്രപ്പള്ളി | 15 |
| ബീ- കീപ്പിങ് ഹോബി കോഴ്സ് | 19.05.2025 | ഒരാഴ്ച | 100 | - | ഡി. ബി. കോളേജ്, ശാസ്താംകോട്ട | 32 |

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
*(ഡയറക്ടർ, ചാസ്സ്-ഖാദി; പ്രിൻസിപ്പൽ, കെ.ജി.വി. മല്ലപ്പള്ളി)*
*7994111005*

**ഫാ. ജോർജ് പനക്കേഴം**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*
*9496807124*

**ഫാ. വർഗീസ് നമ്പിമഠം**
*(അസിസ്റ്റന്റ് ഡയറക്ടർ)*
*9633521483*

# ക്രിസ്സ്
## (KUTTANAD RESEARCH AND REVIVAL INITIATIVE SOCIETY)

### ക്രിസ്സ്-ഇൻഫാമിൽനിന്നും സ്നേഹാശംസകൾ

പ്രിയപ്പെട്ടവരേ,

കുട്ടനാട്ടിലെ കാർഷികമേഖലയിൽ തൊഴിലെടുക്കുന്നവരുടെയും കർഷകരുടെയും ശബ്ദമാകാനും അവരുടെ പക്ഷം ചേരാനുമുള്ള അതിരൂപതയുടെ പ്രതിബദ്ധതയുടെ ഭാഗമാണു ക്രിസ്സ് എന്ന സൊസൈറ്റി. ഈ സൊസൈറ്റിയുടെ പ്രവർത്തനങ്ങളുടെ കാര്യക്ഷമതക്കും ക്രിയാത്മകതക്കും ഫലദായകത്വത്തിനും പിന്തുണയും സഹകരണവും പ്രതീക്ഷിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് പള്ളിച്ചിറയിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. തോമസ് താന്നിയത്ത്**
*(ഡയറക്ടർ)*

### മങ്കൊമ്പ് പാഡി ഓഫീസ് ധർണ

കുട്ടനാട്ടിലെ കർഷകർ അനുഭവിച്ചുവരുന്ന തീവ്രമായ ചൂഷണത്തിനും തിരസ്കരണത്തിനും അന്ത്യം കുറിക്കണമെങ്കിൽ, കർഷകർ ജാതിമതഭേദമന്യേ ഒറ്റക്കെട്ടായിനിന്നു വോട്ട് ബാങ്കായി മാറണമെന്നും കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ലക്ഷക്കണക്കിനു നെൽകർഷകരാണ് ഈ മേഖല ഉപേക്ഷിക്കാൻ നിർബന്ധിതരായിരിക്കുന്നതെന്നും ഇനിയെങ്കിലും സംസ്ഥാനസർക്കാർ നെൽകർഷകരുടെ നഷ്ടപ്പെട്ടുപോയ ആത്മവീര്യം വീണ്ടെടുക്കാനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കണമെന്നും അല്ലെങ്കിൽ, വേദനയനുഭവിക്കുന്ന നെൽകർഷകരുടെ കണ്ണീരൊപ്പാൻ അവർക്കു താങ്ങും തണലുമായി എന്നും അതിരൂപത കൂടെയുണ്ടാകുമെന്നും സമാനചിന്താഗതിക്കാരെ ഒപ്പം നിർത്തി അതിശക്തമായ സമരപരിപാടികൾ ആസൂത്രണം ചെയ്യുമെന്നും അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് പ്രസ്താവിച്ചു.

മങ്കൊമ്പ് പാഡി മാർക്കറ്റിങ് ഓഫീസിന്റെ മുമ്പിൽ മാർച്ച് 28നു നടത്തപ്പെട്ട പ്രതിഷേധധർണ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്രിസ്സ്-ഇൻഫാം ഡയറക്ടർ ഫാ. തോമസ് താന്നിയത്ത് സമ്മേളനത്തിന് അധ്യക്ഷതവഹിച്ചു.

പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളിവികാരി ഫാ. റ്റോം പുത്തൻകളം, ക്രിസ്സ് അസ്സിസ്റ്റന്റ് ഡയറക്ടർ ഫാ. ജോസഫ് പള്ളിച്ചിറയിൽ, ഇൻഫാം അതിരൂപതാ പ്രസിഡന്റ് ഡോ. സേവിച്ചൻ മുഹമ്മ, കത്തോലിക്കാകോൺഗ്രസ് അതിരൂപതാ സെക്രട്ടറി ചാക്കപ്പൻ ആന്റണി, എൻ.കെ.എസ്.എസ് ജനറൽ സെക്രട്ടറി സോണിച്ചൻ പുളിങ്കുന്ന്, കത്തോലിക്കാകോൺഗ്രസ് വൈസ് പ്രസിഡന്റ് സി. റ്റി. തോമസ്, റ്റോം അറയ്ക്കപറമ്പിൽ, ക്രിസ്സ് ജനറൽ ബോഡി

മെമ്പർ ജോർജ് മാത്യു വാച്ചാപറമ്പിൽ, കത്തോലിക്കാകോൺഗ്രസ് യൂത്ത് കോഡിനേറ്റർ ജോസി ഡൊമിനിക്, ജിജി കണ്ടംമ്പാക്കൽ, ഷാജി മുടന്താഞ്ജലി, തങ്കച്ചൻ കൂലിപ്പുരയ്ക്കൽ, ബാബു വടക്കേകളം, ബിസി കുര്യാക്കോസ് കൈനകരി, റ്റോം കൈനകരി തുടങ്ങിയവർ പ്രസംഗിച്ചു.

പ്രതിഷേധധർണയ്ക്കു മുമ്പു പാഡി മാർക്കറ്റിങ് ഉദ്യോഗസ്ഥരുമായി നിലവിലെ സാഹചര്യം ചർച്ച ചെയ്യുകയും ഉടൻതന്നെ കിഴിവുരഹിതമായി നെല്ലു സംഭരിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നും ആവശ്യപ്പെട്ടു.

❍

---

*➤➤➤ ചാസ്സ് തുടർച്ച...*

കൗൺസിലർമാരായ അലീന പി. ആർ., ശ്രുതി ലക്ഷ്മി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

| | *തീയതി* | *യൂണിറ്റ്* |
|---|---|---|
| ഏപ്രിൽ | 02 | സെന്റ് സെബാസ്റ്റ്യൻസ്, ചാഞ്ഞോടി |
| | | സെന്റ് ഗ്രിഗോറിയോസ്, വെളിയനാട് നോർത്ത് |
| | 03 | സെന്റ് ജോർജ്, ഐക്കരച്ചിറ |
| | | സെന്റ് ജോസഫ്സ്, ളായിക്കാട് |
| | 04 | ഇമ്മാക്കുലേറ്റ് ഹാർട്ട്, കൈതവന |
| | 05 | സെന്റ് ജൂഡ്സ്, യൂദാപുരം |
| | 05 | സെന്റ് ജോൺ നെപുംസ്യാനോസ്, കുമരകം വടക്കുംകര |
| | | സെന്റ് ജോസഫ്സ്, ഫിൽഗിരി |
| | 06 | സെന്റ് മേരീസ് മെത്രാപ്പോലീത്തൻ, ചങ്ങനാശ്ശേരി |
| | | സെന്റ് ജോസഫ്സ്, കൊടുപ്പുന്ന |
| | 07 | സെന്റ് ഫ്രാൻസിസ് അസ്സീസ്സി, പൂന്തോപ്പ് |
| | 07 | സെന്റ് മേരീസ്, വള്ളംചിറ |
| | 09 | ഫാത്തിമ മാതാ, പള്ളിക്കൂട്ടുമ്മ |
| | 10 | സെന്റ് സെബാസ്റ്റ്യൻസ്, നർബോണപുരം |

❍

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഹോം ഭവനനിർമാണപദ്ധതി

കളർ എ ഹോം ഭവനനിർമാണപദ്ധതിയിൽ **2024 ഡിസംബറിൽ** ഇടവകകൾ സമാഹരിച്ച തുകയും **2025 മാർച്ച് 22 മുതൽ ഏപ്രിൽ 21 വരെ** അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 141 | കരിമ്പനക്കുളം | 132285 | 52914 |
| 142 | ഐക്കരച്ചിറ | 139720 | 55888 |
| 143 | അഞ്ചൽ | 39200 | 15680 |
| 144 | പഴയേരൂർ | 11250 | 4500 |
| 145 | ചെങ്ങളം | 17020 | 6810 |
| 146 | മാമ്പുഴക്കരി | 78690 | 31476 |
| 147 | മുഹമ്മ | 207420 | 82968 |
| 148 | കുടമാളൂർ | 483241 | 193296 |
| 149 | ചെറുവാണ്ടൂർ | 302140 | 80000 |
| 150 | പുന്നക്കുന്നത്തുശ്ശേരി | 73151 | 29260 |
| 151 | കുമാരനല്ലൂർ | 93690 | 37476 |
| 152 | ആര്യാട് | 55900 | 22360 |
| 153 | പുളിക്കൽകവല | 120150 | 48000 |
| 154 | കിളിരൂർ | 41350 | 16540 |
| 155 | വിരുപ്പാല | 28460 | 11384 |
| 156 | തിരുമല | 124550 | 49820 |
| 157 | കായൽപ്പുറം സെന്റ് ജോസഫ്സ് | 41626 | 16651 |
| 158 | പുന്നത്തുറ | 138000 | 55300 |
| 159 | പാറമ്പുഴ | 279530 | 111810 |
| 160 | നർബോണപുരം | 101910 | 40760 |
| 161 | വേഴപ്രാ | 46450 | 18610 |
| 162 | മാന്നില | 77200 | 30880 |
| 163 | തെക്കേക്കര സെന്റ് സെബാസ്റ്റ്യൻസ് | 17200 | 10320 |
| 164 | പെരുങ്കാവ് | 39080 | 15632 |
| 165 | പയറ്റുപാക്ക | 16600 | 6640 |
| 166 | പുതുപ്പള്ളി | 77000 | 30800 |
| 167 | പോങ്ങുമ്മൂട് | 76207 | 30483 |
| 168 | കൊണ്ടാക്കൽ | 77190 | 30876 |
| 169 | താഴത്തങ്ങാടി | 66500 | 26600 |
| 170 | കണ്ണമ്മൂല | 139800 | 55920 |
| 171 | കൈനടി | 84175 | 33670 |

(തുടരും...)

STH SAH

# ആതുരശുശ്രൂഷാമേഖല

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### അഡ്വാൻസ്ഡ് ഡയാലിസിസ് യൂണിറ്റ് ഉദ്ഘാടനം

ആധുനികസൗകര്യങ്ങളോടെ നവീകരിച്ച കർദിനാൾ മാർ ആന്റണി പടിയറ മെമ്മോറിയൽ അഡ്വാൻസ്ഡ് ഡയാലിസിസ് യൂണിറ്റ് ഏപ്രിൽ ഒമ്പതിന് അതിരൂപതയുടെ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു.

അത്യാഹിതാവസ്ഥയിലുള്ള കിഡ്നി രോഗികൾക്കു കണ്ടിന്യുയെസ് റീനൽ റിപ്ലെയ്സ്മെന്റ് തെറപ്പി (സി.ആർ.ആർ.റ്റി.) ഉൾപ്പെടെയുള്ള നവീന ഡയാലിസിസ് ചികിത്സാസൗകര്യങ്ങൾ ഈ യൂണിറ്റിൽ ഒരുക്കിയിട്ടുണ്ട്. ഇതിലൂടെ ഹൈ-റിസ്ക് രോഗികൾക്കു കൂടുതൽ സുരക്ഷിതവും കാര്യക്ഷമവുമായ ഡയാലിസിസ് ചികിത്സ ഉറപ്പാക്കുന്നു. അനുഭവസമ്പന്നരായ ഡോക്ടർമാരും പ്രത്യേകപരിശീലനം നേടിയ നഴ്സുമാരും ഡയാലിസിസ് ടെക്നീഷന്മാരും അടങ്ങുന്ന റ്റീമാണു ഡയാലിസിസ് യൂണിറ്റിനു നേതൃത്വം നൽകുന്നത്.

ഉയർന്നനിലവാരമുള്ള ഡയാലിസിസ് ചികിത്സ കുറഞ്ഞചെലവിൽ ലഭ്യമാക്കുകയെന്നതാണ് ആശുപത്രിയുടെ ലക്ഷ്യമെന്ന് എക്സി. ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അറിയിച്ചു. ഏറ്റവും മികച്ച സേവനം ഉറപ്പാക്കാനായി ഡോ. ഹരീഷ് കെ. ജി., ഡോ. മഹേഷ് ദേവദാസ്, ഡോ. ലെനികുമാർ ജോസഫ് എന്നിവരുടെ സേവനം നെഫ്രോളജി ആൻഡ് റീനൽ ട്രാൻസ്പ്ലാന്റേഷൻ ഡിപ്പാർട്ടുമെന്റിൽ ലഭ്യമാണ്.

### കവചം സീസൺ 3: ലഹരിവിരുദ്ധപരിപാടി

ആശുപത്രിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ലഹരിവിരുദ്ധബോധവത്കരണപരിപാടിയായ 'കവചം സീസൺ 3' ഏപ്രിൽ ഏഴിന് എക്സൈസ് ജോയിന്റ് കമ്മിഷണർ ആർ. ജയചന്ദ്രൻ ഉദ്ഘാടനം ചെയ്തു. കുട്ടികളിൽ സാമൂഹിക-സാംസ്കാരികബോധം വളർത്തുന്ന കൂട്ടായ്മകൾ സംഘടിപ്പിക്കാൻ സമൂഹം ഒന്നിച്ചുനിൽക്കണമെന്ന് ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം പങ്കുവെച്ചു. സ്കൂൾ കുട്ടികളിൽ ലഹരിവിരുദ്ധ അവബോധം ശക്തിപ്പെടുത്തുന്നതിനായി വിവിധയിടങ്ങളിലെ കവചം സീസൺ റ്റൂവിൽ കൗൺസെലിങ്ങിനും അവബോധ ക്ലാസ്സുകൾക്കും നേതൃത്വം നൽകിയ കൺസൾട്ടന്റ് സൈക്കോളജിസ്റ്റുമാരായ അക്ഷയ് കെ. വർക്കി, ശ്രീജിത്ത് നായർ എന്നിവരെ ചടങ്ങിൽ ആദരിച്ചു.

ലഹരിക്കെതിരെ ജനകീയമുന്നേറ്റം സൃഷ്ടിക്കുക, സ്കൂൾ-കോളേജ് വിദ്യാർഥികളിൽ മയക്കുമരുന്നടക്കമുള്ള ലഹരി ഉപയോഗം കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ നടത്തപ്പെടുന്ന 'കവചം' ഇത്തവണ ശ്രദ്ധ കേന്ദ്രീകരിക്കുന്നതു മാതാപിതാക്കളുടെ പരിശീലനത്തിലാണ്. കഴിഞ്ഞവർഷങ്ങളിൽ വിദ്യാർഥികളുടെയും പൊതുജനങ്ങളുടെയും ബോധവത്കരണത്തിനായിരുന്നു പ്രാധാന്യം നൽകിയത്.

മക്കളിലുണ്ടാകുന്ന മാറ്റങ്ങൾ, ലഹരിവസ്തുക്കളുടെ സാന്നിധ്യമുള്ള ഇടങ്ങൾ, വിപണനം, പ്രചാരണം എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ ചെയ്യേണ്ട കാര്യങ്ങൾ, കൗൺസെലിങ്, നിയമസഹായങ്ങൾ, ചികിത്സാസാധ്യതകൾ എന്നിവയെല്ലാം കവചം സീസൺ ത്രീയുടെ ഭാഗമാണ്. ഈ ബോധവത്കരണ പരിപാടി ഓരോ മാസവും രണ്ടിലധികം പ്രധാനകേന്ദ്രങ്ങളിൽ സൗജന്യമായി നടത്തപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9207846999** എന്ന നമ്പറിൽ വിളിക്കാവുന്നതാണ്.

**സൗജന്യ ഗ്യാസ്ട്രോ മെഡിക്കൽ ക്യാംപ്**

ഗ്യാസ്ട്രോഎന്ററോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ മാർച്ച് 24 മുതൽ 29 വരെ സൗജന്യ ഗ്യാസ്ട്രോ മെഡിക്കൽ ക്യാംപ് നടത്തപ്പെട്ടു. കുരിശുമ്മൂട് സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷന്റെ പ്രിൻസിപ്പൽ ഫാ. മാത്യു മുരിയങ്കരിച്ചിറയിൽ ക്യാംപ് ഉദ്ഘാടനം ചെയ്തു. കൺസൾട്ടന്റ് ഗ്യാസ്ട്രോ എന്ററോളജിസ്റ്റുമാരായ ഡോ. അനിൽ പി. ജോൺ, ഡോ. നിത്യ വി. എന്നിവർ ക്യാംപിനു നേതൃത്വം നൽകി. കൺസൾട്ടേഷൻ സൗജന്യമായിരുന്നു. ലാബ്-റേഡിയോളജി-എൻഡോസ്കോപ്പി പരിശോധനകൾക്ക് 25% ഇളവും ഏർപ്പെടുത്തി.

**സൗജന്യ സായാഹ്ന പൾമണോളജി മെഡിക്കൽ ക്യാംപ്**

പൾമണോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ മാർച്ച് 25 മുതൽ 28 വരെ സൗജന്യ പൾമണോളജി മെഡിക്കൽ ക്യാംപ് നടത്തപ്പെട്ടു. അസ്സോ. ഡയറക്ടർ ഫാ. ജോസ് പുത്തൻചിറ അധ്യക്ഷതവഹിച്ച യോഗത്തിൽ വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ക്യാംപ് ഉദ്ഘാടനം ചെയ്തു. കൺസൾട്ടന്റ് പൾമണോളജിസ്റ്റ് ഡോ. കൃഷ്ണപ്രസാദ് എം. ക്യാംപിനു നേതൃത്വം നൽകി. സീനിയർ കൺസൾട്ടന്റ് പൾമണോളജിസ്റ്റുമാരായ ഡോ. ദിലീപ് കുമാർ ജി., ഡോ. സോമനാഥൻ കെ., കൺസൾട്ടന്റ് പൾമണോളജിസ്റ്റ് ഡോ. ജെയിൻ ജോർജ് എന്നിവരുടെ സേവനം ആശുപത്രിയിൽ ലഭ്യമാണ്.

**കവചം ലഹരിവിരുദ്ധ ക്യാംപെയ്ൻ**

ആശുപത്രിയുടെ നേതൃത്വത്തിൽ ഏപ്രിൽ നാലിനു വടക്കേക്കര സെന്റ് മേരീസ്, ഇരവുചിറ സെന്റ് മേരീസ്, നാലുകോടി സെന്റ് തോമസ്, മാർച്ച് 30ന് ഇത്തിത്താനം സെന്റ് മേരീസ്, ചീരഞ്ചിറയിലെ സെന്റ് ജോർജ്-സെന്റ് മേരീസ് ഓർത്തഡോക്സ് എന്നീ പള്ളികളിൽ 'കവചം' ലഹരിവിരുദ്ധ ക്യാംപെയ്ൻ നടത്തപ്പെട്ടു. ലഹരിക്കെതിരെ ജനകീയമുന്നേറ്റം സൃഷ്ടിക്കുക, സ്കൂൾ-കോളേജ് വിദ്യാർഥികളിൽ മയക്കുമരുന്നടക്കമുള്ള ലഹരികളുടെ ഉപയോഗം കുറയ്ക്കുകയെന്നതാണ് ഈ ക്യാംപെയ്ന്റെ ലക്ഷ്യം.

**ചുമതലയേറ്റു**

ഒബ്സ്റ്റെട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗത്തിൽ കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റായി ഡോ. രേഷ്മ രാജനും ഫാമിലി മെഡിസിൻ വിഭാഗ

ത്തിൽ കൺസൾട്ടന്റ് ഫാമിലി ഫിസിഷനായി ഡോ. നവീൻ എസ്. നായരും ചുമതയേറ്റു.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടർമാർ)*

**ഫാ. ജയിംസ് പി. കുന്നത്ത്**
*(എക്സിക്യുട്ടിവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

### തിമുക്ക് സ്പെഷ്യൽ സ്കൂൾ വാർഷികാഘോഷം-രക്ഷാകർതൃസമ്മേളനം

മാർച്ച് 20നു തത്തംപള്ളി സെന്റ് മൈക്കിൾസ് പള്ളിയുടെ ഹാളിൽ തിമുക്ക് സ്പെഷ്യൽ സ്കൂളിന്റെ 40-ാമതു വാർഷികാഘോഷവും രക്ഷാകർതൃസമ്മേളനവും നടത്തപ്പെട്ടു. അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ അധ്യക്ഷപ്രസംഗവും അസ്സി. എക്സി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ സ്വാഗതവും ആശംസിച്ചു. തത്തംപള്ളി സെന്റ് മൈക്കിൾസ് പള്ളിയുടെ അസ്സി. വികാരി ഫാ. സെബാസ്റ്റ്യൻ മാമ്മൂട്ടിൽ, രമേശ് റ്റി. കെ. എന്നിവർ ആശംസകളർപ്പിച്ചു. തിമുക്ക് സ്കൂൾ പ്രിൻസിപ്പൽ സി. അനില മൂലൻ എഫ്.എച്ച്.ജി.എസ്. റിപ്പോർട്ട് അവതരിപ്പിച്ചു. പി.റ്റി.എ. പ്രസിഡന്റ് രതീഷ് കാളിപറമ്പ് നന്ദിപറഞ്ഞു. തിമുക്ക് സ്കൂൾ വിദ്യാർഥികളുടെ കലാവിരുന്ന് ഇതിന്റെ ഭാഗമായിരുന്നു.

### വേൾഡ് ഓറൽ ഹെൽത്ത് ഡേയുടെ ഭാഗമായി ബോധവത്കരണ ക്ലാസ്സ്

സമ്പൂർണദന്താരോഗ്യത്തിന്റെ ഭാഗമായി മാർച്ച് 20നു *ദന്തപ്രശ്നങ്ങൾ എങ്ങനെ തടയാം* എന്ന വിഷയത്തെ ആസ്പദമാക്കി ഡെന്റൽ വിഭാഗത്തിലെ ഡോ. അരുൺ ബാബുവിന്റെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ്സ് നടത്തപ്പെട്ടു. 'ദന്തസംരക്ഷണം ഇനി കൂടുതൽ കരുത്തോടെ' എന്ന സന്ദേശം നൽകുന്ന വീഡിയോയും പ്രദർശിപ്പിച്ചു. ഡിപ്പാർട്ടുമെന്റുകളിലെ സ്റ്റാഫ് ഇതിൽ പങ്കെടുത്തു.

### സൗജന്യ ഓർത്തോ സർജറി ക്യാംപ്

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലിയുടെ ഭാഗമായി ഏപ്രിൽ 7-11 വരെയുള്ള തീയതികളിൽ അസ്ഥിരോഗവിഭാഗത്തിലെ ഡോ. മുഹമ്മദ് അഷ്റഫ്, ഡോ. ആസാദ് സേട്ട്, ഡോ. പി. ശിവസുബ്രഹ്മണ്യൻ, ഡോ. ജയചന്ദ്രൻ എന്നിവരുടെ നേതൃത്വത്തിൽ സൗജന്യ ഓർത്തോ സർജറി ക്യാംപ് നടത്തപ്പെട്ടു. ബുക്ക് ചെയ്തവർക്ക് എക്സ്റേയിൽ 25% ഇളവും ക്യാംപിൽ പങ്കെടുത്ത ശസ്ത്രക്രിയ ആവശ്യമായ രോഗികൾക്ക് 10% മുതൽ 30% വരെ ഇളവും നൽകി.

*ശേഷം പേജ് 71ൽ* ➤➤➤

# പ്രവാസി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹംനിറഞ്ഞ പ്രവാസിസഹോദരങ്ങളേ,

തൊഴിലാളികളുടെ മധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെ തിരുനാളാണു നമ്മൾ മെയ് ഒന്നിന് ആഘോഷിക്കുന്നത്. തിരുക്കുടുംബത്തെ ആശാരിപ്പണി എന്ന തന്റെ തൊഴിലിലൂടെ മുന്നോട്ടുനയിച്ച യൗസേപ്പിതാവിനെപ്പോലെ കുടുംബങ്ങൾക്കായി അധ്വാനിക്കുന്നവർക്കും മറ്റു തൊഴിലാളികൾക്കും മെയ് ദിനാശംസകൾ സ്നേഹത്തോടെ നേരുന്നു.

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷത്തിൽ ഏപ്രിൽ 1 മുതൽ 30 വരെ നടത്തപ്പെട്ട അഖണ്ഡ ബൈബിൾ പാരായണത്തിൽ പ്രവാസികളും മടങ്ങിയെത്തിയ പ്രവാസികളുമായി 202 പേർ പങ്കെടുത്തു. വി. ബൈബിൾ ധ്യാനാത്മകമായി വായിക്കാൻ ആഗ്രഹത്തോടെ വന്നവർക്കു പ്രത്യേകനന്ദിയറിയിക്കുന്നു.

അമ്പതുനോമ്പിന്റെ നാല്പതാം വെള്ളിയാഴ്ച (ഏപ്രിൽ 11) പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ ഡയറക്ടർ അച്ചന്മാരും എക്സിക്യുട്ടി വംഗങ്ങളും കരുവള്ളിക്കാട് കുരിശുമലതീർഥാടനം നടത്തി.

ഏപ്രിൽ 12നു പൗരോഹിത്യസ്വീകരണത്തിന്റെ 20 വർഷങ്ങൾ പൂർത്തിയാക്കുകയും ഏപ്രിൽ 17നു ജന്മദിനമാഘോഷിക്കുകയും ചെയ്ത ഡയറക്ടർ അച്ചനു പ്രവാസികൾ പ്രാർഥനാശംസകളറിയിച്ചു.

2025-ാം ജൂബിലി വർഷത്തോടനുബന്ധിച്ചു മെയ് പ്രാർഥനാമാസമായി ആചരിക്കുന്നതാണ്. 31 രാജ്യങ്ങളെ കോർത്തിണക്കി **മെയ് 1 മുതൽ 31 വരെ** *അമ്മയ്ക്കൊപ്പം ദൈവമഹത്വത്തിനായി* എന്ന പേരിൽ അഖണ്ഡജപമാല നടത്തപ്പെടുന്നതാണ്.

അതിരൂപതയിലെ യുവജനങ്ങളെ സിവിൽ സർവീസ് മേഖലയിലേക്ക് ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിനുമായി ആരംഭിച്ച 'ലിറ്റിൽ സ്റ്റാർ ഓപ്പറേഷൻ' എന്ന വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി ഈ വർഷത്തെ സിവിൽ സർവീസ് പരിശീലനത്തിനായി അപേക്ഷകൾ ക്ഷണിക്കുന്നു. ജൂൺ ആദ്യവാരം ആരംഭിക്കുന്ന പദ്ധതിയിലേക്ക് അപേക്ഷകൾ സമർപ്പിക്കേണ്ട അവസാനതീയതി **മെയ് 10**. വിശദവിവരങ്ങൾക്ക് അതിരൂപതാ ഓഫീസിലേക്കു വിളിക്കുക: **+919207470117**

**ഫാ. മാത്യു മാറാട്ടുകളം**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(ഡയറക്ടർ)*

**NB: ഓഫീസ് സമയം- രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ- 9207470117/ 8089920614 (NORKA HELP DESK)**

# കത്തോലിക്കാകോൺഗ്രസ് (AKCC)

**'കർഷകരുടെ പ്രശ്നങ്ങളിൽ സർക്കാരിന്റേതു ഗുരുതരമായ നിസംഗത': മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ**

അടിസ്ഥാനമേഖലയിൽ തൊഴിൽ ചെയ്യുന്ന കർഷകരെ അവരുടെ ന്യായമായ അവകാശങ്ങൾക്കായി സമരം ചെയ്യേണ്ട അവസ്ഥയിലേക്കു സർക്കാർ വലിച്ചിഴയ്ക്കുകയാണെന്ന് അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിൽ പ്രസ്താവിച്ചു. കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ നെല്ലുസംഭരണത്തിൽ ഇടനിലക്കാരുടെ കടന്നുകയറ്റം ഒഴിവാക്കുക, സംഭരിച്ച നെല്ലിന്റെ പ്രതിഫലം ഒരുമാസത്തിനുള്ളിൽ കർഷകരുടെ അക്കൗണ്ടുകളിൽ എത്തിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് ഏപ്രിൽ ഒമ്പതിനു ചങ്ങനാശ്ശേരി കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാൻഡിന് സമീപം നടത്തപ്പെട്ട സായാഹ്നധർണ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ജനാധിപത്യസർക്കാരിന് ഇതു ഭൂഷണമല്ലെന്നും കർഷകനെ കാണാതെയും അവന്റെ പ്രശ്നങ്ങളിൽ നിസംഗത പുലർത്തുകയും ചെയ്യുന്ന ഭരണകൂടങ്ങൾ നാടിനു വളർച്ചയാണോ പ്രദാനം ചെയ്യുന്നതെന്നും എല്ലാ മനുഷ്യരും സന്തോഷപൂർവം ജീവിക്കാൻ കഴിയുന്ന സാഹചര്യം നമ്മുടെ നാട്ടിലുണ്ടാകണമെന്നും കർഷകന്റെ വിളകൾക്കു ന്യായമായ വില ലഭ്യമാകാത്തതു നീതിരഹിതമാണെന്നും കാർഷികമേഖലയിൽ പ്രവർത്തിക്കുന്നവർ നിലനിൽപ്പിനായി ലോണിനെ ആശ്രയിക്കുന്നതുമൂലം തീരാത്ത കടബാധ്യതയിലേക്കു പോകുന്നെന്നും പിടിച്ചുനിൽക്കാൻ പറ്റാതെ വരുമ്പോൾ ജീവൻ നഷ്ടപ്പെടുത്തുന്ന സാഹചര്യങ്ങൾ നമുക്കു മുമ്പിലുണ്ടായിട്ടും അതിൽനിന്നു നാം പഠിക്കാത്തതു വേദനാജനകമാണെന്നും അഭി. മെത്രാപ്പോലീത്താ കൂട്ടിച്ചേർത്തു.

അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, അതിരൂപതാ വൈസ് പ്രസിഡന്റുമാരായ സി. റ്റി. തോമസ്, റോസിലിൻ കുരുവിള, ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, ട്രെഷറർ ജോസ് ജോൺ വെങ്ങാന്തറ, ഗ്ലോബൽ വൈസ് പ്രസിഡന്റ് രാജേഷ് ജോൺ, സെക്രട്ടറിമാരായ ജേക്കബ് നിക്കോളാസ്, റ്റോമിച്ചൻ അയ്യരുകുളങ്ങര, ഓഫീസ് ചാർജ് സെക്രട്ടറി ജിനോ ജോസഫ് കളത്തിൽ, കൺവീനർ കെ. എസ്. ആന്റണി കരിമറ്റം, ഭാരവാഹികളായ കുഞ്ഞ് കളപ്പുര, ചാക്കപ്പൻ ആന്റണി, സെബാസ്റ്റ്യൻ വർഗീസ്, സേവ്യർ തോമസ് കൊണ്ടോടി, സൈബി അക്കര, പി. സി. കുഞ്ഞപ്പൻ, ജെസി ആന്റണി, സിസി അമ്പാട്ട്, ജോസി ഡൊമിനിക്, സോണിച്ചൻ ആന്റണി, തോമസ് ഫ്രാൻസിസ്, കുഞ്ഞുമോൻ തൂമ്പുങ്കൽ, ലാലി ഇളപ്പുങ്കൽ, കെ. ഡി. ചാക്കോ, പ്രൊഫ. റൂബിൾ രാജ്, വി. ജെ. ലാലി, മാത്യൂസ് ജോർജ്, ബീന ജോബി എന്നിവർ പ്രസംഗിച്ചു.

**'മാർ പടിയറയും മാർ പവ്വത്തിലും ദിശാബോധം പകർന്നവർ': സിഞ്ചെള്ളൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി**

സമുദായാംഗങ്ങളെ ഒരുമയിൽ വളർത്താനും നീതി നിഷേധിക്കപ്പെട്ടവർക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും ജീവിതവളർച്ച സാധ്യമാക്കാനും അനുപേക്ഷണീയമായ പദ്ധതികൾ ആവിഷ്കരിക്കാനും യോജ്യമായ സ്ഥാപനങ്ങൾ തുടങ്ങാനും അതിലൂടെ സമൂഹത്തിൽ വേദനിക്കുന്നവരുടെ പ്രശ്നത്തിനു പരിഹാരം കാണാനും നേതൃത്വം നൽകി സമുദായത്തിനു ദിശാബോധം പകർന്ന കർമധീരരായ മെത്രാപ്പോലീത്താമാരായിരുന്നു മാർ ആന്റണി പടിയറയും മാർ ജോസഫ് പവ്വത്തിലും എന്ന് അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി പ്രസ്താവിച്ചു.

മാർച്ച് 23ന് അതിരൂപതാ കത്തോലിക്കാകോൺഗ്രസിന്റെ നേതൃത്വത്തിൽ അതിരൂപതാകേന്ദ്രത്തിലെ സന്ദേശനിലയത്തിന്റെ ഹാളിൽ നടത്തപ്പെട്ട മാർ ആന്റണി പടിയറ-മാർ ജോസഫ് പവ്വത്തിൽ അനുസ്മരണസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദേഹം.

37 വർഷങ്ങൾ അതിരൂപതയ്ക്ക് ഇവരുടെ സേവനം ലഭിച്ചെന്നും അതിരൂപതയ്ക്കു മാത്രമല്ല സമൂഹത്തിനു മുഴുവൻ ഉപയോഗപ്രദമായ പദ്ധതികൾ ആവിഷ്കരിക്കാൻ ഇവർ താത്പര്യമെടുത്തു എന്നത് ഇവരുടെ കാലയളവുകളെ വ്യത്യസ്തമാക്കുന്നുണ്ടെന്നും വിദ്യാഭ്യാസ-ആരോഗ്യ-ആത്മീയ-സാമൂഹികരംഗങ്ങളിൽ ഒരുപോലെ ശ്രദ്ധനേടിയ ഒട്ടനവധി പദ്ധതികൾ ആവിഷ്കരിക്കാൻ ഇവരിലൂടെ അതിരൂപതയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്നും ഫാ. മാത്യു ചങ്ങങ്കരി കൂട്ടിച്ചേർത്തു.

അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, ട്രെഷറർ ജോസ് ജോൺ വെങ്ങാന്തറ, സി. റ്റി. തോമസ്, ഷിജി ജോൺസൺ, രാജേഷ് ജോൺ, റ്റോമിച്ചൻ അയ്യരുകുളങ്ങര, ജിനോ ജോസഫ് എന്നിവർ പ്രസംഗിച്ചു.

**'വഖഫ് നിയമഭേദഗതിയിൽ ജനപ്രതിനിധികൾ മുനമ്പം ജനതയ്ക്കൊപ്പം നിൽക്കണം': പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട്**

മുനമ്പത്തെ ജനങ്ങൾ നിയമാനുസൃതമായി കൈവശമാക്കി അനുഭവിക്കുന്ന ഭൂമിയിലുള്ള റവന്യൂ അവകാശങ്ങൾ ഉപയോഗിക്കാൻ സാധിക്കാത്തവണ്ണം ഉന്നയിക്കപ്പെട്ടിരിക്കുന്ന അന്യായമായ അവകാശവാദങ്ങളെ ഭേദഗതി ചെയ്യാൻ കേന്ദ്രസർക്കാർ കൊണ്ടുവരുന്ന ബില്ലിന്മേൽ കേരളത്തിൽനിന്നുള്ള ഇടത്-വലത് എം.പി.മാർ നിലപാടു വ്യക്തമാക്കി മുനമ്പം ജനതയ്ക്കൊപ്പം നിൽക്കണമെന്ന് അതിരൂപതയുടെ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് പ്രസ്താവിച്ചു.

കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ മാർച്ച് 30നു സന്ദേശനിലയം ഹാളിൽ നടത്തപ്പെട്ട യൂത്ത്-മീഡിയ കൗൺസിലുകളുടെ നേതൃസംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദേഹം.

മുനമ്പത്തെ കുടുംബങ്ങളുടെ പ്രശ്നത്തിൽ രാഷ്ട്രീയപാർട്ടികളും ജനപ്രതിനിധികളും കാണിക്കുന്ന നിസംഗതയും ലാഘവബുദ്ധിയും അങ്ങേയറ്റം പ്രതിഷേധാർഹമാണെന്നും അവർ പാവപ്പെട്ടവരും അസംഘടിതരുമാണ് എന്ന ചിന്തയാകാം ഈ അനങ്ങാപ്പാറനയത്തിനു പിൻബലമേകുന്നതെന്നും മുനമ്പത്തെ ജനത്തിനു പിന്നിൽ നീതിബോധവും മതേതരത്വബോധവുമുള്ള കേരളം മുഴുവനും അണിനിരന്നിരിക്കുന്നു എന്നതാണു വസ്തുതയെന്നും ഇതു കാണാതിരിക്കാൻ മാത്രം അന്ധത ബാധിച്ചവരാണോ കേരളത്തിലെ രാഷ്ട്രീയപ്രസ്ഥാനങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെന്നും യുവജനങ്ങളുടെ കൂട്ടായ്മകൾ സമൂഹത്തിൽ വർധിച്ചുവരുന്ന മയക്കുമരുന്നു വ്യാപനത്തെ ചെറുത്തുനിൽക്കാൻ കാരണമാകുമെന്നും സമൂഹത്തെ നവീകരിക്കാനും വിശ്വാസത്തെ പരിപോഷിപ്പിക്കാനും കഴിയുന്ന രീതിയിൽ നവമാധ്യമങ്ങളെ ഉപയോഗിക്കാൻ യുവജനങ്ങൾ പരിശീലിക്കണമെന്നും ആന്റണി എത്തക്കാട് കൂട്ടിച്ചേർത്തു

അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. അതിരൂപതാ പബ്ലിക് റിലേഷൻസ്-ജാഗ്രതാവേദി ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ, ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്, വൈസ് പ്രസിഡന്റ് ജോർജുകുട്ടി മുക്കത്ത്, റോസിലിൻ കുരുവിള, ഓഫീസ് ചാർജ് സെക്രട്ടറി ജിനോ ജോസഫ്, യൂത്ത് കൗൺസിൽ അതിരൂപതാ ജനറൽ കോഡിനേറ്റർ ജോസി ഡൊമിനിക്, മീഡിയ കൗൺസിലിന്റെ അതിരൂപതാ ജനറൽ കോഡിനേറ്റർ ജോർജ് വർക്കി, ഗ്ലോബൽ ജനറൽ കോഡിനേറ്റർ അഡ്വ. മനു. ജെ. വരാപ്പള്ളി, യൂത്ത് കൗൺസിൽ ഗ്ലോബൽ കോഡിനേറ്റർ ഷിജോ ഇടയാടി, അതിരൂപതാ സെക്രട്ടറിമാരായ സെബാസ്റ്റ്യൻ വർഗീസ്, കുഞ്ഞ് കളപ്പുര, പി. സി. കുഞ്ഞപ്പൻ, കെ. എസ്. ആന്റണി, ജെസി ആന്റണി, മെർലിൻ വി. മാത്യു, റ്റോജി സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. അതിരൂപതയുടെ യുവജനപ്രസ്ഥാനമായ യുവദീപ്തി-എസ്.എം.വൈ.എം.ന്റെ പുതിയ ഭാരവാഹികളെ ആദരിക്കുകയും ചെയ്തു.

**'പീഡനങ്ങളിലൂടെ സഭയെ തകർക്കാനാകില്ല': സിഞ്ചെള്ളൂസ് വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ**

പീഡനങ്ങളിലൂടെ ക്രൈസ്തവസഭയെയും വിശ്വാസത്തെയും തകർക്കാൻ കഴിയില്ലെന്നും ആരംഭകാലം മുതൽ തിരുസഭ പ്രതിസന്ധികളിലൂടെയാണു വളർന്നുവന്നതെന്നും ആയതിനാൽ അടിച്ചമർത്തി വിശ്വാസത്തെ ഇല്ലാതാക്കാൻ ആർക്കും കഴിയില്ലെന്നും അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ പ്രസ്താവിച്ചു.

മധ്യപ്രദേശിലെ ജബൽപുർ രൂപതയ്ക്കുകീഴിലുള്ള മാണ്ഡല ഇടവകയിലെ കത്തോലിക്കാവിശ്വാസികൾ ജൂബിലിയുടെ ഭാഗമായി തീർഥാടനം നടത്തുന്ന തിനിടയിൽ തീവ്രഹിന്ദുത്വസംഘടനകളിലെ ഒരുകൂട്ടമാളുകൾ വിശ്വാസികളെ തടയുകയും അവരെ പോലീസ് സ്റ്റേഷനിലേക്കു മാറ്റി തീർഥാടനം തടസപ്പെടു ത്തുകയും ചെയ്തപ്പോൾ അവരെ സഹായിക്കാനെത്തിയ ജബൽപുർ രൂപത യുടെ വികാരി ജനറൽ ഫാ. ഡേവിസ് ജോർജ്, പ്രൊക്യുറേറ്റർ ഫാ. ജോർജ് തോമസ്, വിശ്വാസികൾ എന്നിവരെ ക്രൂരമായി മർദിച്ച നടപടിയിൽ കത്തോലിക്കാ കോൺഗ്രസ് അതിരൂപതാസമിതി ഏപ്രിൽ മൂന്നിനു കോട്ടയം ഗാന്ധി സ്ക്വയ റിൽ സംഘടിപ്പിച്ച പ്രതിഷേധസായാഹ്നധർണ ഉദ്ഘാടനം ചെയ്തു സംസാ രിക്കുകയായിരുന്നു അദ്ദേഹം.

രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കപ്പെട്ട തിരുസഭയിൽ വിശ്വാസപ്രഘോഷണത്തിന്റെ ഭാഗമായി സമൂഹത്തിന്റെ വൈവിധ്യങ്ങളായ മേഖലകളുടെ വളർച്ചയ്ക്ക് അനുകൂലമായ പ്രവർത്തനങ്ങളിൽ സഭാവിശ്വാ സികൾ ഇടപെടുകയും സമൂഹത്തിന്റെ പുരോഗതിയിൽ നിർണായകമായ പങ്കു വഹിക്കുകയും ചെയ്യുന്നതിൽനിന്നു പീഡനങ്ങൾ ഭയന്നു പിന്മാറാൻ തയ്യാറല്ലെന്നും നാടിന്റെ വിദ്യാഭ്യാസ-ആരോഗ്യ-ജീവകാരുണ്യ-സാമൂഹിക മേഖലകളിൽ സജീവസാന്നിധ്യമായി തിരുസഭ നിലകൊള്ളണമെന്നും സ്വാതന്ത്ര്യ സമരത്തിലും രാഷ്ട്രനിർമാണത്തിലും നിർണായകമായ പങ്കുവഹിച്ച ക്രൈസ്തവ സമൂഹത്തിന്റെ പ്രശ്നങ്ങളെ കൃത്യതയോടെ വിലയിരുത്തി പ്രശ്നങ്ങൾ പരിഹാരിക്കാൻ കേന്ദ്രസർക്കാർ തയ്യാറാകണമെന്നും ഫാ. സ്കറിയ കന്യാ കോണിൽ കൂട്ടിച്ചേർത്തു.

അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ സമ്മേളന ത്തിൽ അധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, വൈസ് പ്രസിഡന്റ് ജോർജുകുട്ടി മുക്കത്ത്, ഓഫീസ് ചാർജ് സെക്രട്ടറി ജിനോ ജോസഫ് കളത്തിൽ, ഗ്ലോബൽ വൈസ് പ്രസിഡന്റ് രാജേഷ് ജോൺ, റ്റോമിച്ചൻ അയ്യരുകുളങ്ങര, അതിരൂപതാ സെക്രട്ടറിമാരായ സെബാസ്റ്റ്യൻ വർഗീസ്, കുഞ്ഞ് കളപ്പുര, കെ. എസ്. ആന്റണി, പി. സി. കുഞ്ഞപ്പൻ, സെബാസ്റ്റ്യൻ പുല്ലാട്ടുകാലാ, ജോബി ചൂരക്കുളം, അഡ്വ. പി. പി. ജോസഫ്, ഗ്ലോബൽ മീഡിയ കോഡിനേറ്റർ മനു ജെ. വരാപ്പള്ളി, ഭാരവാഹികളായ ലിസി ജോസ്, ജോസി ഡൊമിനിക്, ഷെയിൻ ജോസഫ്, ജോയി പാറപ്പുറം, ബേബിച്ചൻ മുകളേൽ, ഷൈനമ്മ ജയിംസ്, ജോജൻ സെബാസ്റ്റ്യൻ, മാത്തുക്കുട്ടി കഞ്ഞിക്കര, മെർലിൻ വി. മാത്യു, റ്റോജി സെബാസ്റ്റ്യൻ, ജോൺസ് എബ്രാഹം, ചാക്കപ്പൻ പനമുക്കം എന്നിവർ പ്രസം ഗിച്ചു.

**കരുവള്ളിക്കാട് കുരിശുമലതീർഥാടനം**

കത്തോലിക്കാകോൺഗ്രസിന്റെ അതിരൂപതാസമിതി അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായ്ക്കൊപ്പം നാല്പതാം വെള്ളിയാഴ്ച (ഏപ്രിൽ 11) കരുവള്ളിക്കാട് കുരിശുമലതീർഥാടനം നടത്തി. യൂണിറ്റുകളിൽനിന്നുള്ള പ്രവർത്തകർ, ഭാരവാഹികൾ, ഫൊറോന-അതിരൂപതാഭാരവാഹികൾ എന്നിവർ ഇതിൽ പങ്കെടുത്തു.

**കത്തോലിക്കാകോൺഗ്രസ് നേതൃസമ്മേളനം**

കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതിയുടെ നേതൃസംഗമങ്ങൾ മാർച്ച് 23നു സന്ദേശനിലയം ഹാളിലും ഏപ്രിൽ ആറിനു മാർതോമാവിദ്യാനികേതൻ ഹാളിലും നടത്തപ്പെട്ടു. അതിരൂപതാ എക്സിക്യുട്ടിവ് അംഗങ്ങൾ, ഫൊറോനാ പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറിമാർ എന്നിവർ ഇതിൽ പങ്കെടുത്തു. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ അധ്യക്ഷതവഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല സമ്മേളനം ഉദ്ഘാടനം ചെയ്തു.

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

❍

---

*➢➢➢ ആതുരശുശ്രൂഷാമേഖല തുടർച്ച...*

**വേൾഡ് ഹെൽത്ത് ഡേ ആചരണം**

ലോകാരോഗ്യദിനത്തോടനുബന്ധിച്ച് ഏപ്രിൽ ഏഴിന് *ആരോഗ്യകരമായ തുടക്കങ്ങൾ; പ്രതീക്ഷയുള്ള ഭാവികൾ* എന്ന വിഷയത്തെ ആസ്പദമാക്കി എമർജെൻസി മെഡിസിൻ വിഭാഗത്തിലെ ഡോ. അരുൺ എ.യുടെ നേതൃത്വത്തിൽ സെമിനാർ നടത്തപ്പെട്ടു. ഡിപ്പാർട്ടുമെന്റുകളിലെ സ്റ്റാഫിന്റെ സഹകരണത്തോടെ വേൾഡ് ഹെൽത്ത് ഡേ സന്ദേശം നൽകുന്ന പോസ്റ്ററും പ്രദർശിപ്പിച്ചു.

**ലോക പാർക്കിൻസൻസ് ഡേ ആചരണം**

ലോക പാർക്കിൻസൻസ് ദിനത്തോടനുബന്ധിച്ച് ഏപ്രിൽ 11നു *പാർക്കിൻസൻസ് രോഗലക്ഷണങ്ങൾ* എന്ന വിഷയത്തെ ആസ്പദമാക്കി ന്യൂറോളജി വിഭാഗത്തിലെ ഡോ. ആശ ജി. പിള്ളയുടെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ്സ് നടത്തപ്പെട്ടു. ഡിപ്പാർട്ടുമെന്റുകളിലെ സ്റ്റാഫിന്റെ സഹകരണത്തോടെ 'പാർക്കിൻസൻസ് രോഗലക്ഷണങ്ങൾ' എന്ന പോസ്റ്ററും പ്രദർശിപ്പിച്ചു.

**ലോകകരൾദിനാചരണം**

ലോകകരൾദിനത്തോടനുബന്ധിച്ച് ഏപ്രിൽ 19നു *കരളിന്റെ ആരോഗ്യം വെറുമൊരു മെഡിക്കൽ പ്രശ്നമല്ല, അതൊരു ജീവിതശൈലീവിഷയമാണ്* എന്നതിനെ ആസ്പദമാക്കി ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിലെ ഡോ. ഗോപു ആർ. ബാബുവിന്റെ നേതൃത്വത്തിൽ സ്റ്റാഫിനായി ബോധവത്കരണ ക്ലാസ്സ് നടത്തപ്പെട്ടു.

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
*(അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് ഡയറക്ടർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യുട്ടിവ് ഡയറക്ടർ)*

❍

# കേരള ലേബർ മൂവുമെന്റ് (KLM)

## പൽഹൂസാ നേതൃത്വ കൺവൻഷൻ

**അതിരമ്പുഴ:** കെ.എൽ.എം. അതിരമ്പുഴ ഫൊറോനയുടെ ആഭിമുഖ്യത്തിൽ മാർച്ച് 23ന് അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളിയുടെ ഹാളിൽ പൽഹൂസാ നേതൃത്വ കൺവൻഷൻ നടത്തപ്പെട്ടു. ഫൊറോനാപ്പള്ളിവികാരി ഫാ. ജോസഫ് മുണ്ടകത്തിൽ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം അധ്യക്ഷപ്രസംഗവും ഫൊറോനാ കോഡിനേറ്റർ ജോൺ സെബാസ്റ്റ്യൻ സ്വാഗതപ്രസംഗവും നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു മംഗലത്തുകരോട്ട് സി.എം.ഐ., ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ജോയിന്റ് സെക്രട്ടറി ലാലി ബോബൻ, ഫൊറോനാ സെക്രട്ടറി സാജു ജോർജ്, ഫൊറോനാ ട്രെഷറർ നെൽസൺ സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. അതതു യൂണിറ്റ് സെക്രട്ടറിമാർ യൂണിറ്റുകളിലെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. കെ. ഡി. ചാക്കോ, ഷാജി കോര എന്നിവർ നവീനസംരംഭകത്വസാധ്യതകളെപ്പറ്റി ക്ലാസ്സുകളെടുത്തു.

**പുളിങ്കുന്ന്:** കെ.എൽ.എം. പുളിങ്കുന്ന് ഫൊറോനയുടെ ആഭിമുഖ്യത്തിൽ മാർച്ച് 30നു പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളിയുടെ ഹാളിൽ പൽഹൂസാ നേതൃത്വ കൺവെൻഷൻ നടത്തപ്പെട്ടു. ഫൊറോനാപ്പള്ളിവികാരി ഫാ. റ്റോം പുത്തൻകളം കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, യൂണിറ്റ് ഡയറക്ടർ ഫാ. ഗീവർഗീസ് അരഞ്ഞാണിയിൽ, ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ഫൊറോനാ കോഡിനേറ്റർ തോമസ് ചാക്കോ, ഫൊറോനാ സെക്രട്ടറി ലീന ജോഷി, ഫൊറോനാ ട്രെഷറർ സന്തോഷ് തോമസ് എന്നിവർ പ്രസംഗിച്ചു. അതതു യൂണിറ്റ് സെക്രട്ടറിമാർ യൂണിറ്റുകളിലെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. കെ. ഡി. ചാക്കോ, ഷാജി കോര എന്നിവർ നവീനസംരംഭകത്വസാധ്യതകളെപ്പറ്റി ക്ലാസ്സുകളെടുത്തു.

**എടത്വാ:** കെ.എൽ.എം. എടത്വാ-ചമ്പക്കുളം ഫൊറോനകളുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ ആറിന് എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയുടെ ഹാളിൽ പൽഹൂസാ നേതൃത്വ കൺവെൻഷൻ നടത്തപ്പെട്ടു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ. അധ്യക്ഷപ്രസംഗവും ഫൊറോനാപ്പള്ളിയുടെ അസ്സി. വികാരി ഫാ. ജോസഫ് കാമിച്ചേരി ആശംസയും നടത്തി. ജോയിന്റ് സെക്രട്ടറി ലാലി ബോബൻ, എടത്വാ ഫൊറോനാ കോഡിനേറ്റർ മനോജ് മാത്യു, ചമ്പക്കുളം ഫൊറോനാ കോഡിനേറ്റർ കുര്യാക്കോസ് കെ. വി., എടത്വാ ഫൊറോനാ സെക്രട്ടറി ബിജോയി ജോസഫ്, ചമ്പക്കുളം ഫൊറോനാ സെക്രട്ടറി ഷാജി ആന്റണി, സാബു കരിക്കംപള്ളി എന്നിവർ പ്രസംഗിച്ചു. അതതു യൂണിറ്റ് സെക്രട്ടറിമാർ യൂണിറ്റുകളിലെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. കെ. ഡി. ചാക്കോ, ഷാജി കോര എന്നിവർ നവീനസംരംഭകത്വസാധ്യതകളെപ്പറ്റി ക്ലാസ്സുകളെടുത്തു.

**അഖിലകേരള കെ.എൽ.എം. പ്രസംഗമത്സരവിജയികൾക്കുള്ള സമ്മാനദാനം**

അതിരൂപതയുടെ മുൻ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടത്തിന്റെ പൗരോഹിത്യസ്വീകരണ ഗോൾഡൻ ജൂബിലി ബഹുമാനാർഥം നടത്തപ്പെട്ട അഖിലകേരള കെ.എൽ.എം. പ്രസംഗമത്സരത്തിന്റെ വിജയികൾക്ക് ഏപ്രിൽ 12ന് അതിരൂപതയുടെ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് പുരസ്കാരങ്ങൾ നൽകി.

ഭാഗ്യസ്മരണാർഹനായ ലെയോ പതിമൂന്നാമൻ മാർപാപ്പായുടെ *റേരും നോവാരും* എന്ന ചാക്രികലേഖനത്തെ ആസ്പദമാക്കി 'തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും ക്രൈസ്തവതൊഴിലാളിപ്രസ്ഥാനത്തിന്റെ പ്രസക്തിയും' എന്ന വിഷയത്തിലാണു പ്രസംഗമത്സരം സംഘടിപ്പിച്ചത്. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ജോയിന്റ് സെക്രട്ടറിമാരായ ഷാജി കോര, ലാലി ബോബൻ, ഓഫീസ് സെക്രട്ടറി സ്മിനു ജോസഫ് എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

| | | | പേര് | യൂണിറ്റ് |
|---|---|---|---|---|
| വിജയികൾ | പുരുഷവിഭാഗം | | | |
| | സ്ഥാനം | ഒന്ന് | ജോൺസൺ തോമസ് | പറാൽ |
| | | രണ്ട് | ജോഷി ജോസഫ് | നാലുകോടി |
| | വനിതാവിഭാഗം | | | |
| | സ്ഥാനം | ഒന്ന് | ബിൻസി ജോബി | ചെത്തിപ്പുഴ |
| | | രണ്ട് | വിൻസി ജേക്കബ് | കൂരോപ്പട |

**സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം: മെയ്ദിനം 2025**

കെ.എൽ.എം.ന്റെ നേതൃത്വത്തിൽ മെയ് ഒന്നിനു ചങ്ങനാശ്ശേരിയിൽ നടത്തപ്പെടുന്ന മെയ്ദിനറാലിയുടെയും തൊഴിലാളിമഹാസംഗമത്തിന്റെയും സ്വാഗതസംഘം ഓഫീസിന്റെ ഉദ്ഘാടനം ഏപ്രിൽ 13ന് അതിരൂപതയുടെ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് നിർവഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ജോയിന്റ് സെക്രട്ടറിമാരായ ഷാജി കോര, ലാലി ബോബൻ, ഓഫീസ് സെക്രട്ടറി സ്മിനു ജോസഫ്, റാലി കൺവീനർ റ്റിസൺ തോമസ്, പ്രോഗ്രാം കൺവീനർ ജോൺ സെബാസ്റ്റ്യൻ, രജിസ്ട്രേഷൻ കൺവീനർ കെ. ഡി. ചാക്കോ, ഫൂഡ് കൺവീനർ കുര്യാക്കോസ് കെ. വി., പാർക്കിങ് കൺവീനർ ജിമ്മി അഗസ്റ്റിൻ, പബ്ലിസിറ്റി കൺവീനർ സന്തോഷ് തോമസ് എന്നിവർ നേതൃത്വം നൽകുന്ന 151 അംഗ കമ്മിറ്റി രൂപീകരിച്ചു പ്രവർത്തനങ്ങളാരംഭിച്ചു.

**പുതിയസംഘങ്ങൾ**

ഇരവുചിറ യൂണിറ്റിൽ 'സെന്റ് ആന്റണീസ്' എന്ന പേരിൽ എസ്.എച്ച്.ജി. രൂപീകരിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജയിംസ് അത്തിക്കളം അധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം

*ശേഷം പേജ് 75ൽ* ➤➤➤

# ആത്മതാകേന്ദ്രം

## (ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)

### മദ്യവിരുദ്ധഞായർ

അതിരൂപതാ കെ.സി.ബി.സി. മദ്യവിരുദ്ധസമിതി-ആത്മതാകേന്ദ്രം എന്നിവയുടെ ആഭിമുഖ്യത്തിൽ മാർച്ച് 23നു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ, വികാരി ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ പതാക ഉയർത്തി മദ്യവിരുദ്ധഞായർ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ആമുഖസന്ദേശവും ഫാ. ജേക്കബ് കളരിക്കൽ, ഫാ. ആന്റണി അറയ്ക്കത്തറ, റ്റി. എം. മാത്യു എന്നിവർ മദ്യവിരുദ്ധഞായർ സന്ദേശങ്ങളും നൽകി.

കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ അതിരൂപതാ വൈസ് പ്രസിഡന്റ് ജോസി കല്ലുകളം അധ്യക്ഷതവഹിച്ചു. മേരിക്കുട്ടി പാറക്കടവിൽ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അതിരൂപതാ ജനറൽ സെക്രട്ടറി തോമസുകുട്ടി മണക്കുന്നേൽ, ബേബിച്ചൻ പുത്തൻപറമ്പിൽ, പാപ്പച്ചൻ നേര്യംപറമ്പിൽ, ഷാജി വാഴേപ്പറമ്പിൽ, സിബി പാറപ്പയിൽ, ബിജു കൊച്ചുപുരയ്ക്കൽ. ബേബിച്ചൻ തടത്തിൽ, സെബാസ്റ്റ്യൻ ഞാറക്കാട്ടിൽ, ആന്റണി ചിറവാലിൽ, തോമസ് കല്ലുകളം, ജോൺസൺ കൊച്ചുതറ, ജോസ് പത്തിൽ, ജെമിനി കണ്ണംപള്ളി എന്നിവർ പങ്കെടുത്തു.

### ഹോമിയോചികിത്സാപദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത, സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന ദിവസങ്ങളിലും സ്ഥലങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധരായ ഡോക്ടേഴ്സിന്റെയും കൗൺസെലേഴ്സിന്റെയും സേവനം ഈ പദ്ധതിയിൽ ലഭ്യമാണ്.

**സമയം:** രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12.30 വരെ

| | | |
|---|---|---|
| ചൊവ്വ | (ആലപ്പുഴ) | തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി |
| വ്യാഴം | (കോട്ടയം) | അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാപ്പള്ളി |
| വെള്ളി | | ചങ്ങനാശ്ശേരി, പാസ്റ്ററൽ സെന്റർ |

പ്രസ്തുതവിവരം വികാരിയച്ചന്മാർ പള്ളിയിലറിയിക്കുമല്ലോ.

### കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ 80-ാം ജന്മദിനം

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് എമെരിത്തൂസ് അഭി. കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ 80-ാം ജന്മദിനത്തിൽ അതിരൂപതാകേന്ദ്രത്തിൽ ഏപ്രിൽ 18നു നൽകിയ സ്വീകരണസമ്മേളനത്തിൽ അതിരൂപതാ കെ.സി.ബി.സി. മദ്യവിരുദ്ധസമിതി-ആത്മതാകേന്ദ്രം പ്രതിനിധികളായി തോമസുകുട്ടി മണക്കുന്നേൽ, റ്റി. എം. മാത്യു തച്ചിലേട്ട് എന്നിവർ പങ്കെടുത്തു

### ഫ്രാൻസിസ് മാർപാപ്പായുടെ ദേഹവിയോഗത്തിൽ അടിയന്തരയോഗം

പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പായുടെ ദേഹവിയോഗത്തിൽ

അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളത്തിന്റെ അധ്യക്ഷതയിൽ അടിയന്തരമായി സമ്മേളിച്ച യോഗത്തിൽ ഫ്രാൻസിസ് പാപ്പ സഭയുടെ വളർച്ച യിലും ദൈവമക്കളെ ആത്മീയതയിൽ വളർത്തുന്നതിനും ചെയ്ത നിസ്തുല മായ സേവനങ്ങളും ലഹരിക്കെതിരെയായ പ്രവർത്തനങ്ങളും പ്രത്യേകം അനു സ്മരിച്ചു.

യോഗത്തിൽ റ്റി. എം. മാത്യു അനുശോചനപ്രമേയം അവതരിപ്പിച്ചു. അതി രൂപതാ പ്രസിഡന്റ് റാംസെ ജെ. റ്റി. മെതിക്കളം, തോമസുകുട്ടി മണക്കുന്നേൽ, ബേബിച്ചൻ പുത്തൻപറമ്പിൽ, ജോസി കല്ലുകളം, കെ. പി. മാത്യു കടന്തോട്, സണ്ണി ചിറവാലയിൽ, എബിൻ ആന്റണി, മേരിക്കുട്ടി പാറക്കടവിൽ, ലൗലി മാളി യേക്കൽ ജെമിനി കണ്ണംപള്ളി, റോസമ്മ കടശ്ശേരി എന്നിവർ പ്രസംഗിച്ചു.

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

---

➤➤➤ ***കെ.എൽ.എം. തുടർച്ച...***

ചെയ്തു. ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ, കുറുമ്പനാടം ഫൊറോനാ കോഡിനേറ്റർ കെ. ഡി. ചാക്കോ, യൂണിറ്റ് കോഡിനേറ്റർ ജെയ്സൺ ജേക്കബ് എന്നിവർ പ്രസംഗിച്ചു.

ചുങ്കപ്പാറ യൂണിറ്റിൽ 'സെന്റ് തോമസ്, സെന്റ് മാർട്ടിൻ, ലിറ്റിൽ ഫ്ളവർ' എന്നീ പേരുകളിൽ എസ്.എച്ച്.ജി.കൾ രൂപീകരിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് മണിയൻചിറ അധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. തുരുത്തി ഫൊറോനാ സെക്രട്ടറി റോസമ്മ കെ. റ്റി., കുറുമ്പനാടം ഫൊറോനാ കോഡിനേറ്റർ കെ. ഡി. ചാക്കോ, മണിമല ഫൊറോനാ ട്രെഷറർ ജോസഫ് സേവ്യർ എന്നിവർ പ്രസംഗിച്ചു.

**ആദരാഞ്ജലികൾ**

ചാഞ്ഞോടി സെന്റ് ഫ്രാൻസിസ് അസ്സീസ്സി സംഘാംഗം ജോസ് ജോസഫ് വെളിച്ചെണ്ണത്തറ, പടഹാരം സെന്റ് ജോസഫ്സ് സംഘാംഗം സുഭാഷ് ജോർജ് ആലംപറമ്പ്, ആർപ്പൂക്കര ചെറുപുഷ്പം സംഘാംഗം ബെന്നി ജോസഫ് പള്ളി പ്പറമ്പിൽ എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബം അനുശോച നവും പ്രാർഥനയും അറിയിക്കുന്നു.

**മരണാനന്തരസഹായനിധി**

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരുടെ നോമിനികൾക്കു മരണാനന്തര സഹായമായ 1,28,000 രൂപ ഏപ്രിൽ ഏഴിനു കൈമാറി.

| | പേര് | സംഘം |
|---|---|---|
| 171. | പി. ജെ. ജോസഫ് | കുറിച്ചി ഇമ്മാനുവൽ |
| 172. | ബാബു ആന്റണി | ചീരഞ്ചിറ സെന്റ് തോമസ് |

"സമാധാനം - സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയസഹോദരങ്ങളേ,

അതിരൂപതാ ഫ്രാൻസിസ്കൻ അല്മായസഭയുടെ നേതൃത്വത്തിൽ മാർച്ച് 22നു ചങ്ങങ്കരി സെന്റ് ജോസഫ്സ് പള്ളിയിൽനിന്നും എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിലേക്കു നോമ്പുകാലപീഡാനുഭവപദയാത്ര നടത്തപ്പെട്ടു. ഫൊറോനാവികാരി ഫാ. ഫിലിപ്പ് വൈക്കത്തുകാരൻവീട്ടിൽ സന്ദേശം നൽകി. ലോകം മുഴുവനുമുള്ള പള്ളികളിൽ പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പായുടെ നിർദേശപ്രകാരം പരിശുദ്ധ കുർബാനയുടെ ആരാധന നടത്തുന്ന ദിവസത്തിൽതന്നെ ത്യാഗപൂർണമായ പദയാത്ര നടത്തുന്നതു കൂടുതൽ അനുഗ്രഹത്തിനു കാരണമാകട്ടെയെന്നു സന്ദേശത്തിൽ അച്ചൻ ആശംസിച്ചു. ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണനടപടികൾ എത്രയുംവേഗം പൂർത്തിയാക്കാൻ പദയാത്രയിൽ നിയോഗങ്ങൾ സമർപ്പിച്ചു പ്രാർഥിക്കണമെന്നും അച്ചൻ ആവശ്യപ്പെട്ടു.

ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണനടപടികളുടെ വൈസ് പോസ്റ്റുലേറ്റർ ഫാ. ജയിംസ് കുടിലിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. അതിരൂപതാ സ്പിരിച്വൽ അസ്സിസ്റ്റന്റ് ഫാ. തോമസ് വെട്ടിക്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. സഭാമക്കൾ സ്വന്തം ദൈവവിളിയുടെ മഹത്വം മനസിലാക്കി പുത്തൻപറമ്പിൽ തൊമ്മച്ചന്റെ മാതൃക പിന്തുടർന്നു വിശുദ്ധരാകാൻ പരിശ്രമിക്കണമെന്നും ത്യാഗങ്ങൾ സഹിച്ചും നന്മകൾ ചെയ്തും സ്വർഗത്തിൽ നിക്ഷേപങ്ങൾ കൂട്ടിവെക്കണമെന്നും മറ്റുള്ളവർക്കു സ്വർഗരാജ്യം ലഭിക്കുന്നതിനു സഹായിക്കണമെന്നും അച്ചൻ ഉദ്ബോധിപ്പിച്ചു.

പരിശുദ്ധ കുർബാനയ്ക്കുശേഷം ദൈവദാസന്റെ കബറിടത്തിൽ ഒപ്പീസ് നടത്തി. ഈ പരിപാടികളുടെ വിജയത്തിനായി നിർലോപം സഹായിച്ച ഫാ. ഫിലിപ്പ് വൈക്കത്തുകാരൻ വീട്ടിൽ, കൈക്കാരന്മാർ, അതിരൂപത-റീജൻ ഭാരവാഹികൾ എന്നിവർക്കു പ്രത്യേകനന്ദിയർപ്പിക്കുന്നു. ഈ നോമ്പുകാലത്തെടുത്ത നല്ലതീരുമാനങ്ങളും ജീവിതരീതിയും നിലനിർത്താനും ദൈവകൃപയിൽ നിറയാനും സാധിക്കട്ടെയെന്നു പ്രാർഥിച്ചുകൊണ്ട്,

**ബ്രദർ വി. സി. അലക്സ് വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. തോമസ് വെട്ടിക്കൽ OFM Cap.**
*(സ്പിരിച്വൽ അസ്സിസ്റ്റന്റ്)*

# വിൻസെൻഷ്യൻ വേദി
# (SSVP)

*"ഉത്കൃഷ്ടദാനങ്ങൾക്കുവേണ്ടി തീക്ഷ്ണമായി അഭിലഷിക്കുവിൻ"*
(1 കോറി. 12:31)

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

നമ്മുടെ സെൻട്രൽ കൗൺസിലിന്റെ 71-ാമതു വാർഷികം **മെയ് 18നു** തുരുത്തി ഏരിയാ കൗൺസിലിന്റെ ആതിഥേയത്വത്തിൽ തുരുത്തി മാർത്ത് മറിയം ഫൊറോനാപ്പള്ളിയിൽ നടത്തപ്പെടുന്ന കാര്യം ഏവർക്കും അറിവുള്ളതാണ്. അന്നു രാവിലെ 9.30നു സമ്മേളനം ആരംഭിക്കുന്നതാണ്. അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിലാണ് ഉദ്ഘാടകൻ. വരാപ്പുഴ സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്രദർ ജോർജ് ജോസഫാണു മുഖ്യാതിഥി. ഉച്ചയ്ക്കുള്ള പരിശുദ്ധ കുർബാനയോടെ സമ്മേളനം അവസാനിക്കുന്നതാണ്.

കേരള റീജണൽ കോഡിനേഷൻ കമ്മിറ്റിയുടെ വാർഷികസമ്മേളനം ഏപ്രിൽ 26-27 തീയതികളിൽ ചങ്ങനാശ്ശേരിയിൽ നടത്തപ്പെട്ടു. അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് സമ്മേളനം ഉദ്ഘാടനം ചെയ്തു. പുതിയ കോഡിനേറ്ററായി നിയമിക്കപ്പെട്ട തിരുവല്ല സെൻട്രൽ കൗൺസിൽ പ്രസിഡന്റ് സിസ്റ്റർ എലിസബത്ത് ലിനി എബ്രഹാമിന് ആശംസകളറിയിക്കുന്നു.

വിൻസെൻഷ്യൻ ഓസാനാം ചാരിറ്റി കോഴ്സിന്റെ രണ്ടാം ബാച്ചിലെ 51 അംഗങ്ങൾ പരിശീലനം പൂർത്തിയാക്കി. ഈ കോഴ്സിന്റെ 1, 2 ബാച്ചുകളുടെ സംയുക്തസമ്മേളനം മാർച്ച് 31നു കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ടു. നമ്മുടെ സ്പിരിചൽ അസ്സിസ്റ്റന്റ് ഫാ. ജോസഫ് പനക്കേഴം, ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. തോമസ് പ്ലാപ്പറമ്പിൽ, സി. ലിൻഡ എൽ.എസ്.ഡി.പി. എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി. പരിശുദ്ധ കുർബാനയുടെ ആരാധനയ്ക്കുശേഷം അംഗങ്ങൾ ദൈവപരിപാലനാഭവനിലെ അന്തേവാസികളെ സന്ദർശിച്ചു. രണ്ടാം ബാച്ചിനുള്ള സർട്ടിഫിക്കറ്റുകൾ വാർഷികസമ്മേളനത്തിൽ വിതരണം ചെയ്യുന്നതാണ്.

മുതിർന്ന അംഗവും 13 വർഷങ്ങൾ സെൻട്രൽ കൗൺസിൽ പ്രസിഡന്റായിരിക്കുകയും ചെയ്ത ബ്രദർ പി. എസ്. മാത്യു നിത്യതയിലേക്കു വിളിക്കപ്പെട്ടു. ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, കോട്ടാർ, വിജയപുരം, തക്കല രൂപതകൾ ചങ്ങനാശ്ശേരി സെൻട്രൽ കൗൺസിലിന്റെ ഭാഗമായിരുന്ന കാലത്ത് അദേഹം നടത്തിയ ത്യാഗപൂർണവും സ്തുത്യർഹവുമായ സേവനങ്ങൾക്കു സൊസൈറ്റി എന്നും അദേഹത്തോടു കടപ്പെട്ടിരിക്കുന്നു. ഇന്റർ റ്റിന്നേജ്, ജൂണിയർ കോൺഫെറൻസുകൾ എന്നിവ ആരംഭിച്ചത് അദേഹത്തിന്റെ കാലത്താണ്. വിൻസെൻഷ്യൻ പ്രവർത്തകർക്ക് ഉത്തമമാതൃക നൽകിയ ആ വ്യക്തിത്വത്തിനു മുമ്പിൽ ആദരാഞ്ജലികളർപ്പിക്കുന്നു.

ഇക്കാലയളവിൽ നമ്മിൽനിന്നു വേർപിരിഞ്ഞ പുളിങ്കുന്ന് ഏരിയാ കൗൺസിൽ മുൻ വൈസ് പ്രസിഡന്റ് ബ്രദർ എബ്രഹാം പാട്ടത്തിൽ, ചാഞ്ഞോടി

കോൺഫെറൻസ് വൈസ് പ്രസിഡന്റ് ബ്രദർ ജോസുകുട്ടി വെളിച്ചെണ്ണത്തറ എന്നിവരുടെ സ്തുത്യർഹസേവനങ്ങളെ നന്ദിയോടെ സ്മരിച്ച് ആത്മശാന്തിക്കായി പ്രാർഥിക്കുന്നു.

മ്ശിഹായുടെ സ്വർഗാരോഹണതിരുനാളിനും പന്തക്കുസ്താ തിരുനാളിനുമായി നാം ഒരുങ്ങുകയാണ്. ഉത്ഥാനത്തിനുശേഷം നാല്പതുദിവസം ഈശോ ശിഷ്യന്മാരെ പഠിപ്പിച്ചും തന്റെ ദൈവത്വത്തിനു തെളിവുകൾ നൽകിക്കൊണ്ടും അവരോടൊപ്പം ജീവിച്ചു. സ്വർഗം നമ്മുടെയുള്ളിൽ തന്നിട്ട് അവൻ സ്വർഗത്തിലേക്കു പോയി. ഈശോയുടെ സ്വർഗാരോഹണത്തിനുശേഷം ജറുസലെമിലേക്കു മടങ്ങിയ ശിഷ്യന്മാർ 'ദൈവത്തെ സ്തുതിച്ചുകൊണ്ടു സദാസമയവും ദൈവാലയത്തിൽ കഴിഞ്ഞുകൂടി' *(ലൂക്കാ 24:53)* എന്നാണു വചനം പറയുന്നത്.

പരിശുദ്ധാത്മാവിനുവേണ്ടി പ്രാർഥനയോടെയുള്ള കാത്തിരിപ്പു നമുക്കും ആവശ്യമാണ്. എന്നേക്കും നമ്മോടുകൂടെയായിരിക്കാൻ പിതാവും നമുക്കു നൽകുന്ന സഹായകനായ പരിശുദ്ധാത്മാവ് *(യോഹ. 14:16)* ദൈവത്തോടൊത്തുള്ള അനുദിനയാത്രയിൽ നമ്മുടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്നു. നമ്മുടെ ഹൃദയങ്ങളോടു മന്ത്രിക്കുന്ന സത്യാത്മാവിന്റെ സ്വരം തിരിച്ചറിയാൻ സാധിക്കണം.

നാം ദുർബലരാകുമ്പോൾ ബലം നൽകിയും നഷ്ടങ്ങളുണ്ടാകുമ്പോൾ വിവേകം നൽകിയും അസ്വസ്ഥതകളുണ്ടാകുമ്പോൾ ആശ്വാസം നൽകിയും അവിടുന്നു നമ്മെ കരുതുന്നുണ്ട്. നമ്മിലുള്ള പരിശുദ്ധാത്മാവിന്റെ സാന്നിധ്യം അറിയാൻ ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം *(ഗലാ. 5:22)* എന്നിവയൊക്കെ എത്രമാത്രമുണ്ടെന്നു പരിശോധിച്ചാൽ വ്യക്തമാകും.

ആദിമസഭയുടെ കൂട്ടായ്മാനുഭവം സ്വന്തമാക്കി ഹൃദയൈക്യത്തോടെ പതിവായി ഒരുമിച്ചുകൂടുകയും പ്രാർഥിക്കുകയും പങ്കുവെക്കുകയും ചെയ്ത് ഉത്തമക്രൈസ്തവജീവിതം നയിച്ച നമ്മുടെ സൊസൈറ്റിയുടെ സ്ഥാപകരിൽ പ്രവർത്തിച്ച ആത്മാവിന്റെ ദാനങ്ങൾക്കായി തീക്ഷ്ണതയോടെ പ്രാർഥിക്കാം. ക്രൈസ്തവസ്നേഹത്തിന്റെ ശുശ്രൂഷകരാകാൻ പ്രത്യാശയോടെ നമുക്കു പ്രവർത്തിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ബ്രദർ തോമസ് ടി. മൂലയിൽ**
*സെൻട്രൽ കൗൺസിൽ പ്രസിഡന്റ്*

# കരിസ്മാറ്റിക് നവീകരണം

‘‘കത്തോലിക്കാ കരിസ്മാറ്റിക് നവീകരണം പല ക്രിസ്ത്യാനികളെയും പരിശുദ്ധാത്മാവിന്റെ സാന്നിധ്യവും ശക്തിയും വീണ്ടും കണ്ടെത്താൻ സഹായിച്ചിട്ടുണ്ട് ... ഈ വീണ്ടും കണ്ടെത്തൽ അവരിൽ ഈശോയിലുള്ള വിശ്വാസത്തിന്റെ നിറഞ്ഞസന്തോഷം ഉണർത്തി.’’

**പോപ്പ് സെന്റ് ജോൺ പോൾ II** (അഡ്രസ്സ് റ്റു കരിസ്മാറ്റിക് റിന്യൂവൽ ലീഡേഴ്സ്, 1998)

**സോണൽ അഡ്വൈസറി കൗൺസിൽ**

എൽ.എസ്.എസ്.-കെരിഗ്മ കോഴ്സുകളിൽ പങ്കെടുത്തവരും, കരിസ്മാറ്റിക് തീക്ഷ്ണതയുള്ളവരും ഏപ്രിൽ 15നു സോണൽ ഡയറക്ടർ ഫാ. തോമസ് പ്ലാപ്പറമ്പിലിന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ സമ്മേളിച്ചു.

**കരുവള്ളിക്കാട് കുരിശുമലതീർഥാടനം**

ചങ്ങനാശ്ശേരി സോണൽ സർവീസ് റ്റീമിന്റെ നേതൃത്വത്തിൽ ഏപ്രിൽ 16നു കരുവള്ളിക്കാട് കുരിശുമലയിൽ തീർഥാടനം നടത്തി. പെസഹാ ബുധനാഴ്ചയിലെ പരിശുദ്ധ കുർബാനയുടെ നാല്പതുമണി ആരാധനയ്ക്കു രാവിലെ 7.30 മുതൽ 10 വരെ മണിമല-നെടുങ്കുന്നം സബ്സോണുകളും ഉച്ചയ്ക്ക് 1 മുതൽ വൈകുന്നേരം 4 വരെ ചങ്ങനാശ്ശേരി സോണിലെ സബ്സോണുകളും നേതൃത്വം വഹിച്ചു.

**ഗ്രേറ്റ് ഓഫ് മിഷൻ കോൺഗ്രസ് വേദിയിൽ കരിസ്മാറ്റിക് കൺവൻഷൻ**

ഏപ്രിൽ 28നു ചെത്തിപ്പുഴ ക്രിസ്തു ജ്യോതി ഹയർ സെക്കൻഡറി സ്കൂൾ ക്യാംപസിലെ ഗ്രേറ്റ് ഗ്യാതറിങ് ഓഫ് മിഷൻ കോൺഗ്രസിന്റെ വേദിയിൽ അതിരൂപതയിലെ കരിസ്മാറ്റിക് നവീകരണമുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിൽ കരിസ്മാറ്റിക് കൂട്ടായ്മകളുടെ സംഗമം നടത്തപ്പെട്ടു.

സ്നേഹപൂർവം,

**ബ്രദർ മഞ്ജു മാത്തൂർ** *(കോഡിനേറ്റർ)*

**ഫാ. തോമസ് പ്ലാപ്പറമ്പിൽ** *(ആനിമേറ്റർ)*

## മാർ തോമസ് തറയിൽ

**ഏപ്രിൽ**

03 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ അതിരൂപതാ ദൈവവിളി ക്യാംപിൽ കുട്ടികളുമായി സംവദിച്ചു. പാണ്ടി ഫാത്തിമ മാതാ പള്ളി പുനർകൂദാശ ചെയ്തു.

04 നാഗമ്പടം സെന്റ് ആന്റണീസ് പള്ളിയിൽ കോട്ടയം കെ.സി.എം. മൂവുമെന്റിന്റെ നേതൃത്വത്തിലുള്ള കൺവെൻഷനിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. പാറേൽ സെന്റ് മേരീസ് പള്ളിയിൽ സംയുക്തസ്ലീവാപ്പാതയിൽ പങ്കെടുത്തു സന്ദേശം നൽകി.

05 ചെത്തിപ്പുഴ മേഴ്സി ഹോമിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. കെയർ ആന്റ് ഷെയർ ഇന്റർനാഷണൽ ഫൗണ്ടേഷന്റെ ഇലക്ട്രിക് വീൽ ചെയർ വിതരണപദ്ധതി ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ മാതൃ-പിതൃവേദികളുടെ അതിരൂപതാ വാർഷികത്തിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി അമൃത ഓഡിറ്റോറിയത്തിൽ സമരിറ്റൻ ചാരിറ്റബിൾ ട്രസ്റ്റ് ഹൗസിങ് പദ്ധതി ഉദ്ഘാടനം ചെയ്തു.

06 ചെങ്ങന്നൂർ മാർത്ത് മറിയം ഫൊറോനാപ്പള്ളിയിൽ വാർഷികധ്യാനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. പുത്തനങ്ങാടി സെന്റ് ജോർജ് പള്ളി പുനർകൂദാശ ചെയ്തു.

07 യാക്കോബായസഭയുടെ കാതോലിക്കാ ബസേലിയോസ് മാർ ജോസഫ് ബാവായെ തിരുവാങ്കുളത്തെ വസതിയിൽ സന്ദർശിച്ച് ആശംസകളറിയിച്ചു. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സി.എൽ.സി. യോഗത്തിൽ പങ്കെടുത്തു.

08 കുറ്റിച്ചൽ ലൂർദ് മാതാ കോളേജിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ രൂപവും നെറ്റുകാൽത്തേരി ഓപ്പൺ ജയിലിലെ ചാപ്പലും വെഞ്ചരിച്ചു. പേരൂർക്കട ലൂർദ് ഹിൽസ് പള്ളി പുനർകൂദാശ ചെയ്തു.

09 ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ഡയാലിസിസ് യൂണിറ്റ് വെഞ്ചരിച്ചു. എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ മേഖലാതല മതബോധന സെമിനാറിൽ കുട്ടികളുമായി സംവദിച്ചു. ചങ്ങനാശ്ശേരി കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാൻഡിന്റെ പ്രവേശനകവാടത്തിങ്കൽ കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതിയുടെ നേതൃത്വത്തിലുള്ള നെൽകർഷകധർണയിൽ പ്രസംഗിച്ചു.

10 പള്ളാത്തുരുത്തി സെന്റ് തോമസ് പള്ളിയുടെ ഹാളിൽ മേഖലാതല മതബോധന സെമിനാറിൽ സന്ദേശം നൽകി. കുറിച്ചി എം.എൽ.എഫ്. കോൺവെന്റിൽ സി. ക്ലെമന്റ് പായിക്കാട്ട് എം.എൽ.എഫ്.ന്റെ മൃതസംസ്കാരത്തിന്റെ ആദ്യഭാഗശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. തൃശ്ശൂർ കൽദായ കൺവെൻഷനിൽ പങ്കെടുത്തു സന്ദേശം നൽകി.

11 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ മ്ശംശാനാപ്പട്ടങ്ങൾ നൽകി. കരുവള്ളിക്കാട് കുരിശുമലതീർഥാടനത്തിൽ പങ്കെടുത്തു സന്ദേശം നൽകി.

12 കടുവാക്കുളം എഫ്.സി.സി. അസ്സീസ്സി വിമൻ ഓൾഡ് എയ്ജ് ഹോമിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. കുടമാളൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളിയിൽ ഹോളി ഫാമിലി സിസ്റ്റേഴ്സ് സംഘടിപ്പിച്ച വി. മറിയം ത്രേസ്യാ ശതാബ്ദികുടുംബസംഗമത്തിൽ സന്ദേശം നൽകി. തേക്കുപാറ സെന്റ് മേരീസ് പള്ളി പുനർകൂദാശ ചെയ്തു; തേക്കുപാറ ഇടവകാംഗം കളപ്പുരയ്ക്കൽ ബഹു. സെബാസ്റ്റ്യൻ സി.എം.ഐ. അച്ചന്റെ മാതാവു രാജമ്മ കളപ്പുരയ്ക്കലിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി.

13 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ ഓശാന ഞായർശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. ആലപ്പുഴ മൗണ്ട് കാർമൽ ലത്തീൻ പള്ളിയിൽ സംയുക്തസ്ലീവാപ്പാതയിൽ പങ്കെടുത്ത് അനുഗ്രഹ പ്രഭാഷണം നൽകി. കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ കെ.സി. എസ്.എൽ. ലീഡേഴ്സ് ക്യാംപിൽ കുട്ടികളുമായി സംവദിച്ചു.

14–16 നല്ലതണ്ണി മാർ തോമാ ശ്ലീഹാ ദയറായിൽ ധ്യാനത്തിൽ പങ്കെടുത്തു.

17 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ പെസഹാ വ്യാഴാഴ്ചയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. അതിരൂപതാ കേന്ദ്രത്തിൽ പെസഹാ അപ്പം മുറിക്കൽ ശുശ്രൂഷയ്ക്കു നേതൃത്വം നൽകി.

18 പൂജപ്പുര സെൻട്രൽ ജയിൽ സന്ദർശിച്ച് അന്തേവാസികൾക്ക് ഈസ്റ്റർ സന്ദേശം നൽകി. തിരുവനന്തപുരം ലൂർദ് ഫൊറോനാപ്പള്ളിയിൽ പീഡാനുഭവവെള്ളിശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

19 പാറേൽ എസ്.എച്ച്. സെന്റ് മാത്യൂസ് പ്രൊവിൻഷ്യൽ ഹൗസിൽ സി. ആലീസ് കിഴക്കേൽ എസ്.എച്ച്.ന്റെ മൃതസംസ്കാരത്തിന്റെ ആദ്യഭാഗ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനരിയിൽ അല്മായർക്കായി നടത്തപ്പെട്ട പീഡാനുഭവവാരധ്യാനത്തിൽ സന്ദേശം നൽകി. മണിമല ഹോളി മേജൈ ഫൊറോനാപ്പള്ളിയിൽ ആയില ബഹു. തോമസ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്കു കാർമികത്വംവഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ കോർപ്പറേറ്റ് മാനേജുമെന്റിന്റെ ‘ദിശ’ എക്സിക്യുട്ടിവ് യോഗത്തിലും സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ് എമെരിത്തൂസ് അഭി. കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ 80-ാം ജന്മദിനാഘോഷത്തിലും പങ്കെടുത്തു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയിൽ വലിയ ശനിശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

20 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ ഉയിർപ്പുതിരുനാളിന്റെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. അടൂരിൽ യുണൈറ്റഡ് ക്രിസ്റ്റ്യൻ ഫെലോഷിപ്പിന്റെ ഈസ്റ്റർ സംഗമം ഉദ്ഘാടനം ചെയ്തു.

21 ഫാത്തിമാപുരം അൽഫോൻസാ സ്നേഹനിവാസിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ വിവാഹവാഗ്ദാനകർമം ആശീർവദിച്ചു. കൊടുപ്പുന്ന നെല്ലിക്കൽ ജോസഫ് മാത്യുവിന്റെ ഭവനം വെഞ്ചരിച്ചു. ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോം സന്ദർശിച്ചു വിശ്രമജീവിതം നയിക്കുന്ന വൈദികർക്ക് ഈസ്റ്റർ ആശംസകൾ നേർന്നു.

22 ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് സി.എം.ഐ. ആശ്രമപ്പള്ളിയിൽ പൈനേൽ ബഹു. സെബാസ്റ്റ്യൻ സി.എം.ഐ. അച്ചന്റെ മൃതസംസ്കാരത്തിന്റെ ആദ്യ ഭാഗശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. ചങ്ങനാശ്ശേരി ആതക്കാട് പുതിയവീട്ടിൽ അന്നമ്മ എബ്രഹാമിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസു ചൊല്ലി. കാലം ചെയ്ത ഫ്രാൻസിസ് മാർപാപ്പായെ അനുസ്മരിച്ച് ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ അതിരൂപതയിലെ വൈദികരോടൊപ്പമുള്ള പരിശുദ്ധ കുർബാന, ഒപ്പീസ് എന്നിവയ്ക്കു കാർമികത്വംവഹിച്ചു; പള്ളിയുടെ ഹാളിൽ വൈദികസമ്മേളനത്തിന് ആധ്യക്ഷമേകി.

23 ചങ്ങനാശ്ശേരി സി.എം.സി. ഹോളി ക്വീൻസ് പ്രൊവിൻഷ്യൽ ഹൗസിൽ പരിശുദ്ധ കുർബാനയർപ്പിച്ചു; സിനാക്സിസ് യോഗത്തിൽ സന്ദേശം നൽകി. ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക ഇടവകാംഗം എതിരേറ്റ് ബഹു. സ്കറിയ അച്ചന്റെ മാതാവ് ഏലമ്മ ജോർജിന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ ഇന്റർ-ഡിപ്പാർട്ടുമെന്റ് യോഗത്തിൽ പങ്കെടുത്തു.

24 അതിരൂപതാകേന്ദ്രത്തിൽ പി.ഒ.സി. ബൈബിൾ കമ്മിഷൻ യോഗത്തിൽ പങ്കെടുത്തു; ജൂബിലിവർഷാചരണം നേതൃതലസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. നാലുകോടി സാന്ത്വനം കെയർ ഹോം പുതുജീവൻ ബോർഡ് യോഗത്തിൽ പങ്കെടുത്തു.

25 മുട്ടാർ സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിൽ എടത്വാ മേഖലാതലത്തിലുള്ള അധ്യാപക കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാൻഡിന്റെ പ്രവേശനകവാടത്തിങ്കൽ ചങ്ങനാശ്ശേരി പൗരാവലിയുടെ ആഭിമുഖ്യത്തിലുള്ള 'ഫ്രാൻസിസ് മാർ പാപ്പ അനുസ്മരണസമ്മേളന'ത്തിൽ സന്ദേശം നൽകി. മാങ്ങാനം സ്പിരിചാലിറ്റി സെന്ററിൽ ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിന്റെ 'വിഷൻ 2030' യോഗത്തിലും അതിരൂപതാകേന്ദ്രത്തിൽ അസംപ്ഷൻ കോളേജ് മാനേജുമെന്റ് ബോർഡ് യോഗത്തിലും പങ്കെടുത്തു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയെ അനുസ്മരിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു; പള്ളിയുടെ ഹാളിൽ അനുസ്മരണസമ്മേളനത്തിന് ആധ്യക്ഷമേകി.

**മാർച്ച്**

19 രാവിലെ: മനയ്ക്കച്ചിറ സെന്റ് ജോസഫ്സ് പള്ളിയിൽ തിരുനാളിനോട് അനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്: ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ മാർ യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. അതിരൂപതാ കേന്ദ്രത്തിൽ മാർ യൗസേപ്പിതാവിന്റെ നാമഹേതുകതിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു; പുതിയ റീജൻസി ബാച്ചിലെ വൈദികാർഥികളെ സ്വാഗതം ചെയ്തു.

20–31 കൊല്ലം ആര്യങ്കാവിൽ ധ്യാനിച്ചു.

**ഏപ്രിൽ**

01–10 കൊല്ലം ആര്യങ്കാവിൽ ധ്യാനിച്ചു.

05 ഉച്ചകഴിഞ്ഞ്: പുന്നപ്ര മാർ ഗ്രിഗോറിയോസ് ഇടവകാംഗം തോട്ടാമഠം സെലീനാമ്മ ജേക്കബിന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

11 രാവിലെ: ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ മ്ശംശാനാപ്പട്ടങ്ങൾ നൽകി.

ഉച്ചകഴിഞ്ഞ്: ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

13 രാവിലെ: ആർപ്പൂക്കര-വില്ലൂന്നി സെന്റ് സേവ്യേഴ്സ് പള്ളിയിൽ ഓശാന ഞായർശുശ്രൂഷകൾ, പരിശുദ്ധ കുർബാന എന്നിവയ്ക്കു കാർമികത്വം വഹിച്ചു.

14 ഉച്ചകഴിഞ്ഞ്: മിത്രക്കരി സെന്റ് സേവ്യേഴ്സ് ഇടവകാംഗവും ഫാ. സേവ്യർ നൊച്ചിവീട്ടിലിന്റെ സഹോദരപുത്രനുമായ എൻ. ജെ. ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

16 ഉച്ചകഴിഞ്ഞ്: പീഡാനുഭവവാരത്തോടനുബന്ധിച്ചു കരുവള്ളിക്കാട് കുരിശുമലയിൽ തീർഥാടനത്തിനു നേതൃത്വമേകി സ്ലീവാപ്പാതയിൽ പങ്കെടുത്തു; നിർമലപുരം സെന്റ് മേരീസ് പള്ളിയിൽ വചനസന്ദേശം നൽകി.

17 രാവിലെ: ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ നിര്യാതനായ ആയില ബഹു. തോമസ് അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. ഉച്ചകഴിഞ്ഞ്: പാറേൽ സെന്റ് മേരീസ് പള്ളിയിൽ പെസഹാ വ്യാഴശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

18 രാവിലെ: പെരുങ്കാവ് സെന്റ് തോമസ് ഇടവകാംഗം വയലിൽ അലീന ചെറിയാന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

ഉച്ചകഴിഞ്ഞ്: മാമ്മൂട് ലൂർദ് മാതാ പള്ളിയിൽ പീഡാനുഭവവെള്ളിശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു വചനസന്ദേശം നൽകി.

19 രാവിലെ: മണിമല ഹോളി മേജൈ ഫൊറോനാ ഇടവകാംഗം ആയില ബഹു. തോമസ് അച്ചന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷ കൾക്കു കാർമികത്വംവഹിച്ചു. മാമ്മൂട് ലൂർദ് മാതാ പള്ളിയിൽ കോച്ചേരിൽ നിതിൻ–കാതറിൻ ദമ്പതികളുടെ മകൾ ട്രീസയ്ക്കു പ്രവേശകകൂദാശകൾ നൽകി.

ഉച്ചകഴിഞ്ഞ്: ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ ഉയിർപ്പു തിരുനാളിന് ഒരുക്കമായി ആഘോഷമായ റംശായ്ക്കു കാർമികത്വം വഹിച്ചു.

20 രാവിലെ: അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ ഉയിർപ്പു തിരുനാളിന്റെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു പരിശുദ്ധ കുർബാന അർപ്പിച്ചു.



# ENGAGEMENTS

## MAY 2025

**Mar Thomas Tharayil**
Archbishop of Changanacherry

| | | |
|---|---|---|
| 01 | 06:30 am | Golden Jubilee Holy *Qurbana* @ FCC Devamatha Provincial House, Parel |
| | 09:30 am-12:30 pm | Work Camp @ Our Lady of Dolours Church, Kainady |
| | 04:30 pm | KLM May Day Rally |
| | 06:30 pm | Reception to Jacobite Catholicos Baselios Mar Joseph @ St. Mary's Jacobite Syrian Cathedral Church, Manarcaud |
| 02 | 08:30 am | *Curia* @ Archbishop House |
| | 02:00 pm | Visitors |
| | 04:00 pm | Holy *Qurbana* @ Sacred Heart Church, Thottuvathala |
| | 07:00 pm | Parish Day & *Nazrani Sangamam* @ St. Xaviers Church, Veliyanadu South |
| 03 | 07:00 am | Holy *Qurbana* @ St. George Forane Church, Edathua |
| | 10:30 am | Vestition, Profession & Jubilee Celebration @ SH St. Mathew's Provincial House, Parel |
| | 03:00 pm | Blessing the Presbytery @ St. Joseph's Church, Karumady |
| | 06:00 pm | *Samskarikasammelanam* @ Holy Magi Forane Church, Manimala |
| 04 | 09:00 am | Holy *Qurbana*: GGM Mission Congress @ Kristu Jyothi HSS, Chethipuzha |
| | 05:00 pm | Jubilee Conclusion @ St. Mathew's Church, Kottackupuram |
| | 06:00 pm | Jubilee Conclusion @ St. Gregorios Church, Mannarkunnu |
| 05 | 09:30 am | Formators Course @ Denahalaya, Punnapra |
| | 02:30 pm | Zonal Convention: Corporate Management @ St. Teresas HSS, Vazhapally |
| 06 | 06:15 am | Holy *Qurbana* @ MLF Generalate, Parel |
| | 09:30 am | Formators' Course @ Denahalaya, Punnapra |
| | 02:30 pm | Zonal Convention: Corporate Management @ St. Mary's Basilica Parish Hall, Champakulam |

| | | |
|---|---|---|
| | 06:00 pm | Message @ Vincentian Provincial House, Kottayam |
| 07 | 07:00 am | Message: CMC New Superiors' Retreat @ Lisieux Carmel Convent, Ithithanam |
| | 10:00 am | Presbyteral Council @ Archbishop House |
| | 05:30 pm | Holy *Qurbana*, Parish Day & Youth Forane Rally @ St. Joseph's Church, Kayalpuram |
| 08-09 | | CBCI Standing Committee @ Bengaluru |
| 10 | 06:30 am | Solemn Holy Communion @ St. Xavier's Church, Puthukary |
| | 09:30 am | Excellentia Camp @ St. Berchmans HSS, Changanacherry |
| | 02:15 pm | Priesly Ordination @ Lourdes Matha Church, Aruvikuzhy |
| | 05:00 pm | Parish Centenary @ St. Thomas Forane Church, Velichiyani |
| 11 | 09:30 am | Jubilee Qurbana @ Lourdes Matha Church, Ayroor |
| | 12:00 noon | Betrothal @ St. Mary's Metropolitan Church, Changanacherry |
| | 02:00 pm | Jubilee Message @ St. Joseph's Church, Mannanam |
| | 07:30 pm | Message: *Kudumbasangamam* @ St. Thomas Orthodox Church, Thalavady |
| 12 | 06:30 am | Holy *Qurbana* & Message @ Deepti Special School, Muhamma |
| | 10:30 am | Sacerdotal Silver Jubilee Message @ St. Mary's Church, Eravuchira |
| | 11:15 am | EPOC Training Program @ St. Berchmans HSS, Changanacherry |
| | 02:30 pm | Gathering - Priests' 2023-2024 Batch @ Archbishop House |
| | 07:00 pm | Inauguration - Major Seminarians Gathering @ St. Thomas Minor Seminary, Kurichy |
| 13 | 11:00 am | Marriage @ Sacred Heart Church, Vavodu |
| 13-14 | | KCBC Retreat @ Pathanamthitta |
| 14 | 06:00 pm | Inter-Department Meeting @ Archbishop House |
| 15 | 07:00 am | Minor Orders & Vestition @ St. Thomas Minor Seminary, Kurichy |
| | 02:30 pm | Vestition @ Snehatheeram - Sisters of Mercy, Vilakudy |
| 16 | 08:30 am | *Curia* @ Archbishop House |
| | 11:45 am | Message: Pilgrimage @ St. Rita's Church, Kannady |
| | 02:15 pm | Gathering - Religious Superiors @ Archbishop House |

| | | |
|---|---|---|
| | 04:00 pm | Visitors |
| | 06:30 pm | Blessing the Parish Hall @ Lourdes Matha Church, Paippad |
| 17 | 10:00 am | TIMRT Silver Jubilee @ Mercy Home, Chethipuzha |
| | 02:30 pm | First Profession @ Spirituality Centre, Manganam |
| | 06:00 pm | Deepika 139th Anniversary @ Kumarakom |
| 18 | 10:00 am | Annual Meet - St. Vincent De Paul Society @ Marth Mariam Forane Church, Thuruthy |
| | 11:00 am | Parish Day @ St. Joseph's Church, Veroor |
| | 03:00 pm | Mar Thomas Kurialasserry *Charamashathabdhi* Conclusion @ St. Mary's Basilica, Champakulam |
| | 07:15 pm | Parish Day @ Christ the King Church, Ettumanoor |
| 19 | 06:20 am | Holy *Qurbana* @ St. Joseph's Priests' Home, Ithithanam |
| | 09:30 am | Gathering - Priests 1984-1987 Batch @ Archbishop House |
| | 06:00 pm | Solemn *Ramsa* @ St. Mary's Metropolitan Church, Changanacherry |
| 20 | 09:00-04:00 pm | Archeparchial Day @ St. Mary's Metropolitan Church, Changanacherry |
| 21 | 06:30 am | Sacraments of Initiation @ St. Joseph's Church, Laikad |
| | 08:30 am | *Curia* @ Archbishop House |
| | 12:15 pm | Betrothal @ St. Mary's Metropolitan Church, Changanacherry |
| | 02:30 pm | Visitors |
| | 05:00 pm | Sacraments of Initiation @ St. Mary's Metropolitan Church, Changanacherry |
| 22 | 06:15 am | Holy *Qurbana* @ PCPA Adoration Convent, Nedumkunnam |
| | 09:30 am-12:30 pm | Meeting the First Years @ St. Thomas Minor Seminary, Kurichy |
| | 02:30 pm | Certificate Distribution - Online Bible Course @ Archbishop House |
| | 05:00 pm | *Punar Qudasha* @ St. Pius X Church, Pandankary |
| 23 | 08:30 am | *Curia* @ Archbishop House |
| | 02:30 pm | Visitors |
| | 06:00 pm | Inauguration - Palliative Care & *Vayojanadinam* @ Fathima Matha Church, Fathimapuram |

| | | |
|---|---|---|
| 24 | 06:00 am | Faith Formation Retreat @ Zion Retreat Centre, Kunnamthanam |
| | 09:45 am | Faith Formators' Get together @ Archbishop House |
| | 11:00 am | Jubilee @ Spirituality Centre, Manganam |
| 25 | | Installation: Archbishop Elect Varghese Chackalakal @ St. Joseph's City Church, Calicut |
| 26-27 | | Gathering - New Priests 2024-2025 @ Peerumedu |
| 28 | 08:30 am | *Curia* @ Archbishop House |
| | 11:00 am | Visitors |
| | 02:30 pm | Mar Thomas Kurialasserry Symposium @ St. Mary's Metropolitan Church, Changanacherry |
| | 03:00 pm | Marriage @ St. Mary's Metropolitan Church, Changanacherry |
| | 05:00 pm | Blessing @ Chapel & OMMI Convent, Changanacherry |
| 29 | 10:00 am | Marriage @ St. Mary's Basilica, Champakulam |
| | 03:00 pm | Sacraments of Initiation & Solemn Holy Communion @ All Saints Church, Vithura |
| 30 | 08:30 am | *Curia* @ Archbishop House |
| | 02:30-04:30 pm | Visitors |
| 31 | 10:00 am | ATMATA 'Support a Child' Anniversary @ Archbishop House |
| | 04:30 pm | *Sauhrudhavedi* Meeting @ Lourdes Forane Church, Thiruvananthapuram |

**FR. SECRETARY- 8078088468**

❍



# ENGAGEMENTS

## MAY 2025

**Mar Joseph Perumthottam**
Archbishop Emeritus of Changanacherry

| | | |
|---|---|---|
| 01 | 06:45 am | Holy *Qurbana* @ St. Sebastian's Church, Ayarkunnam |
| | 11:00 am | Sacraments of Intiation @ St. Joseph's Church, Thellakom |
| | 04:30 pm | KLM May Day Rally |
| 02 | | Work Camp @ Our Lady of Dolours Church, Kainady |
| 03 | 09:30 am | Solemn Holy Communion @ St. Nicholas' Church, Karumady |
| 04 | 11:00 am | Felicitation: Thoompunkal *Kudumbayogam* @ Kallarackal Hall St. Berchmans College, Changanacherry |
| | 02:50 pm | Inauguration - AKCC 107th *Janmadinam & Kudumbsangamam* @ Kuriakose Elias HSS, Mannanam |
| | 03:30 pm | Holy *Qurbana* @ St. Mathew's Church, Kottackupuram |
| | 06:00 pm | Message @ St. Gregorios Church, Mannarkunnu |
| 05 | 07:00 am | Solemn Holy Communion @ Fathima Matha Church, Pandy |
| 06 | 11:00 am | Baptism @ St. Mary's Metropolitan Church, Changanacherry |
| 07 | 06:00 am | Holy *Qurbana* @ St. George Forane Church, Edathua |
| 08 | 06:00 am | Holy *Qurbana*, Talk: CMC New Superiors @ Lisieux Carmel Convent, Ithithanam |
| | 04:30 pm | Betrothal @ St. Antony's Forane Church, Kurumpanadom |
| 10 | 09:00 am | *Kudumbayogam* @ St. Thomas Church, Punnathura |
| 11 | 10:00 am | Holy *Qurbana* & Blessing the Presbytery @ St. Mary's Church, Thekkupara |
| 14 | 11:00 am | Marriage @ St. Mary's Metropolitan Church, Changanacherry |
| | 06:30 pm | Sharing: Major Seminarians' Gathering @ St. Thomas Minor Seminary, Kurichy |
| 15 | 06:30 am | Minor Orders & Vestition @ St. Thomas Minor Seminary, Kurichy |
| 16-17 | | Mar Thoma Sleeha Dayara, Nallathanni |

| | | |
|---|---|---|
| 18 | 09:30 am | Holy *Qurbana &* Angels' Meet @ St. Mary's Major Archiepiscopal Church, Kudamaloor |
| 20 | 09:00 am | Archeparchial Day @ St. Mary's Metropolitan Church, Changanacherry |
| | 03:00 pm | Diaconate & Minor Orders @ MST Generalate, Bharananganam |
| | 07:00 pm | Meeting with Seminarians @ Mar Thoma Sleeha Seminary, Niranam |
| 24 | 11:00 am | Marriage @ St. John's Metropolitan Cathedral, Tiruvalla |
| 25 | 09:30 am | Solemn Holy Communion @ St. Joseph's Church, Koilmuck |
| | 04:00 pm | Parish Day @ Little Flower Church, Chunkapara |
| 27 | 05:00 pm | Holy *Qurbana* @ St. Mary's Metropolitan Church, Changanacherry |

**FR. SECRETARY- 9447507393**

❍

## ചരമശതാബ്ദി
**(2 ജൂൺ 2025)**



# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി

**പ്രഥമ മെത്രാൻ**


**(14 ജനുവരി 1873 - 2 ജൂൺ 1925)**

**VEDAPRACHARA MADHYASTAN VOL.97 No.11 2025 May**

Date of Publication: 30-04-2025
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month



വിണ്ണിലെയുന്നതവാസികളേ,
ദൂതന്മാരേ, മോദിപ്പിൻ
സ്വർഗാരോഹിതനീശോയെ,
മ്ശിഹാരാജനെ, വാഴ്ത്തിടുവിൻ

(ഓനീസാ ദ്‌വാസർ, റംശാ, ഉയിർപ്പുകാലം ആറാം വ്യാഴം)

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.

sjopresschry@gmail.com www.archdiocesechanganacherry.org